

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര
# മദ്ധ്യസ്ഥൻ


## ചങ്ങനാശേരി അതിരൂപത

**സ്ഥാപിതം: മെയ് 20 1887**

**വാല്യം 93 • ലക്കം 03 • സെപ്റ്റംബർ 2020**

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

സർക്കുലർ (എട്ടുനോമ്പാചരണം) ........ 05
സർക്കുലർ (കോവിഡ്കാല അജപാലനം അജപാലകരും അജഗണവും) ........ 06
സർക്കുലർ (C. 20/GL 170) ........ 11
സർക്കുലർ (C. 20/GL 171) ........ 14
സർക്കുലർ (ഭവന നിർമ്മാണത്തിന്.............കൈത്താങ്ങ്) ........ 16
കച്ചേരിക്കാര്യം ........ 17
അതിരൂപതാ കുടുംബം ഒരുമിച്ച് ........ 19
നവതി പൂർണ്ണിമ ........ 20
പഞ്ചവത്സര അജപാലനപദ്ധതി ........ 21
അനുസ്മരണം (സി. ജെയിൻ കൊട്ടാരം സി.എം.സി.) ........ 30
സന്ദേശനിലയം ........ 32
ചെറുപുഷ്പ മിഷൻലീഗ് ........ 36
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........ 38
ഫാമിലി അപ്പോസ്റ്റലേറ്റ് ........ 39
യുവദീപ്തി ........ 41
എ.കെ.സി.സി. ........ 76
ചാസ് ........ 79
ജീവകാരുണ്യനിധി ട്രസ്റ്റ് ........ 86
കേരളാ ലേബർ മൂവ്മെന്റ് ........ 87
പ്രവാസി അപ്പോസ്റ്റലേറ്റ് ........ 88
ആത്മതാകേന്ദ്രം ........ 91
ദലിത് കത്തോലിക്കാ മഹാജനസഭ ........ 92
ഫ്രാൻസിസ്കൻ അല്മായസഭ ........ 93
വിൻസെൻഷ്യൻ വേദി ........ 95
മാനവവിഭവശേഷി വികസന ട്രസ്റ്റ് ........ 97
ചാരിറ്റി വേൾഡ് ട്രസ്റ്റ് ........ 99
കരിസ്മാറ്റിക് നവീകരണം ........ 101
പൗരോഹിത്യ ആദ്ധ്യാത്മികത ........ 103
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........ 108

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Prot. No. 0989/2020 24.08.2020

# എട്ടുനോമ്പാചരണം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഇക്കഴിഞ്ഞ ആഗസ്റ്റ് 18 മുതൽ 21 വരെ നടന്ന നമ്മുടെ സഭയുടെ സിനഡിന്റെ ഒരു പ്രധാന തീരുമാനം അറിയിക്കുന്നതിനാണ് ഈ കത്ത്. സിനഡിൻെറ ചർച്ചകളെയും തീരുമാനങ്ങളെയുംകുറിച്ചുള്ള പൊതുവായ സർക്കുലർ താമസിയാതെ അയക്കുന്നതാണ്.

എട്ടുനോമ്പ് നമ്മുടെ സഭയിൽ ഏതാനും വർഷങ്ങളായി കൂടുതൽ പ്രാധാന്യത്തോടെ ആചരിക്കപ്പെടുന്നുണ്ട്. കോവിഡിൻെറ വ്യാപനം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഈ മഹാമാരിയെ അതിജീവിക്കുക എന്ന നിയോഗത്തിൽ നമ്മുടെ സഭയിൽ എല്ലാവരും ഈ വർഷത്തെ എട്ടുനോമ്പ് തീക്ഷ്ണമായി അനുഷ്ഠിക്കണമെന്ന് സിനഡിൽ തീരുമാനമുണ്ടായി. അതനുസരിച്ച് സെപ്റ്റംബർ ഒന്നു മുതൽ ഏഴു വരെയുള്ള ദിവസങ്ങളിൽ എല്ലാവരും നോമ്പ് ആചരിക്കേണ്ടതാണ്. ഈ ദിവസങ്ങളിൽ ഈ പകർച്ചവ്യാധിയിൽനിന്നുള്ള അതിജീവനത്തിനായി പ്രത്യേക പ്രാർത്ഥനകൾ തുടരണം. നോമ്പുദിവസങ്ങളിൽ മാംസവും മത്സ്യവും വർജിക്കണമെന്നു പറയേണ്ടതില്ലല്ലോ.

കൂടാതെ, നോമ്പിനിടയിലുള്ള നാലാം തീയതി വെള്ളിയാഴ്ച സാധിക്കുന്ന എല്ലാവരും ഉപവാസം അനുഷ്ഠിക്കേണ്ടതാണ്. അന്നേ ദിവസം നമ്മുടെ സഭയിലെ മെത്രാന്മാരും, രൂപതക്കാരും സമർപ്പിതരുമായ എല്ലാ വൈദികരും ഈ മഹാമാരിയെ അതിജീവിക്കുന്നതിന് ദൈവകരുണ യാചിച്ചുകൊണ്ടു വിശുദ്ധ കുർബാന അർപ്പിക്കണം. ആ വിശുദ്ധ കുർബാനയിൽ ജനങ്ങളെല്ലാവരും ഏതെങ്കിലും രീതിയിൽ സംബന്ധിക്കുവാൻ പരിശ്രമിക്കണം. അങ്ങനെ നമ്മുടെ സഭ മുഴുവൻ ഒരേ ദിവസം ഒന്നിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ ദൈവസന്നിധിയിൽ അത് കൂടുതൽ സ്വീകാര്യമാകുമല്ലോ. എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ നമുക്ക് സമുചിതമായി ആഘോഷിക്കാം.

കാരുണ്യവാനായ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**കാർഡിനൽ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

**N.B:** *ഈ സർക്കുലർ ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 ആഗസ്റ്റ് 30-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.*

സർക്കുലർ

20 Ch. 248-325

# കോവിഡ്കാല അജപാലനം
## അജപാലകരും അജഗണവും

മിശിഹായിൽ പ്രിയപ്പെട്ടവരേ,

അതിരൂപതയിലെ വൈദികർക്കും സമർപ്പിതർക്കും അല്മായ സഭാമക്കളെല്ലാവർക്കുമായിട്ട് എഴുതുകയാണ്. ഇപ്പോഴത്തെ പ്രത്യേകമായ ജീവിതസാഹചര്യങ്ങളിൽ നാമെല്ലാവരും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ പങ്കുവയ്ക്കട്ടെ.

**1. മുഖംനോക്കാത്ത ഒരു പൊതുശത്രു**

ലോകത്തെ മുഴുവൻ വെല്ലുവിളിച്ചുകൊണ്ട് എല്ലാവർക്കും ഭീഷണിയായി ആറുമാസത്തിലധികമായി അരങ്ങുതകർക്കുകയാണ് കോവിഡ്-19 എന്ന മഹാമാരി. ആഗോളവ്യാപകമായി സർവ്വരാജ്യങ്ങളിലും പിടിമുറുക്കിയ ഒരു പകർച്ചവ്യാധി ഇതിനുമുമ്പ് ഉണ്ടായതായി ചരിത്രമില്ല. ഇതിനോടകം കോടിക്കണക്കിനാളുകൾക്ക് രോഗം ബാധിച്ചു. ലക്ഷക്കണക്കിനാളുകൾ മരണമടഞ്ഞു. ഓരോദിവസവും പതിനായിരക്കണക്കിനാളുകൾ രോഗികളായി മാറിക്കൊണ്ടിരിക്കുന്നു. ആർക്കൊക്കെ എപ്പോൾ എവിടെനിന്ന് എങ്ങനെ രോഗം ബാധിക്കുന്നുവെന്നുപോലും കൃത്യമായി നിർണ്ണയിക്കാനാവാത്ത അവസ്ഥ. രോഗവ്യാപനവും മരണസംഖ്യയും നാൾക്കുനാൾ വർദ്ധിക്കുമ്പോഴും രോഗവിമുക്തരുടെ എണ്ണവും കൂടുന്നുണ്ടെന്നുള്ളത് ആശ്വാസകരമാണ്. ഇതുവരെയും ഈ മഹാമാരിക്ക് മരുന്നു കണ്ടെത്തിയിട്ടില്ലെന്നുള്ളത് നമ്മെ ആശങ്കപ്പെടുത്തുമ്പോഴും, ആശാവഹമായ ഗവേഷണങ്ങൾ പലയിടങ്ങളിലും പുരോഗമിക്കുന്നു എന്നത് പ്രത്യാശ പകരുന്നു.

കോവിഡ്-19 എന്ന മഹാമാരിക്ക് എല്ലാവരും ഒരുപോലെയാണ്.

പ്രബലരാജ്യങ്ങളും ദുർബലരാജ്യങ്ങളും കോവിഡ്-19 നെ ഭയക്കുന്നു. സ്ത്രീ-പുരുഷ, വർണ്ണ-വർഗ്ഗ, ജാതി-മത, സമ്പന്ന-ദരിദ്ര, അധികാര-അധീന, ചെറുപ്പ-വലിപ്പ-പ്രായഭേദമില്ലാതെ എല്ലാവരെയും കോവിഡ്-19 ആക്രമിക്കുന്നു, കീഴടക്കുന്നു. ഒളിച്ചിരുന്നും ഓടിമാറിയും കോവിഡാക്രമണത്തിൽനിന്നും രക്ഷപെടുക എന്നതാണ് ഇപ്പോഴത്തെ മുഖ്യപ്രതിവിധി. രോഗപ്രതിരോധശേഷിയില്ലാതാക്കുന്ന ജീവിത രീതികളും ഭക്ഷണക്രമവും വഴി കോവിഡാക്രമണത്തിന് വാതിൽ തുറന്നിടുന്നവരാണ് ഏറെയും. അവിടെയാണ് മാറ്റം വേണ്ടത്; ആരോഗ്യകരമായൊരു ജീവിതശൈലി രൂപപ്പെടണം.

## 2. ആഹാരം, ആരോഗ്യം, ആത്മീയത

ശരീരം, മനസ്സ്, ആത്മാവ് ഇവയുടെ വിസ്മയകരമായ ഒത്തുചേരലാണ്, യോജിപ്പാണ് മനുഷ്യൻ. ഇവ മൂന്നിന്റെയും ആരോഗ്യമാണ് മനുഷ്യന്റെ ആരോഗ്യം. ആരോഗ്യത്തിന് ആഹാരവും ശുചിത്വവും ഇണങ്ങുന്ന ജീവിതസാഹചര്യവും വേണം. വിഷമാലിന്യങ്ങളില്ലാത്തതും ശരിയായ പ്രവർത്തനത്തെ സഹായിക്കുന്നതുമായിരിക്കണം ആഹാരം. ശരീരത്തിനും മനസ്സിനും ആത്മാവിനും അങ്ങനെ തന്നെ. അങ്ങനെയുള്ള ഭക്ഷ്യപദാർത്ഥങ്ങൾ ഉല്പാദിപ്പിക്കാനും ഉപയോഗിക്കാനും ചെറുപ്പംമുതലേ പരിശീലിക്കണം. ശരീരത്തിലും മനസ്സിലും ആത്മാവിലും ശുചിത്വം പാലിക്കണം; വ്യായാമവും ആവശ്യമാണ്. നല്ല ബന്ധങ്ങൾ പുലർത്തണം; പ്രകൃതിയോടും മനുഷ്യരോടും ദൈവത്തോടും അങ്ങനെയായിരിക്കണം. പ്രകൃതിക്ക് ക്ഷതമേല്പിക്കരുത്; അതിന്റെ ഫലഭൂയിഷ്ഠിയും സൗന്ദര്യവും ഇല്ലാതാക്കുന്ന പ്രവൃത്തികൾ ചെയ്യരുത്. പ്രകൃതിയെ ദ്രോഹിച്ചാൽ പ്രകൃതിയും ക്ഷോഭിക്കും. നല്ല ചിന്തകളും അറിവുകളും താല്പര്യങ്ങളുമാണ് മനസ്സിന് ആരോഗ്യകരമായ ആഹാരം. അവയില്ലാതായാൽ മനസ്സ് കാടു കയറും; ദുഷ്ചിന്തകളും താല്പര്യങ്ങളും മനസ്സിനെ കീഴടക്കും; ദുഷ്കൃത്യങ്ങളിലേക്കും വഴിതെറ്റിയ ജീവിതത്തിലേക്കും നയിക്കും.

ജീവിതത്തിൽ ദൈവത്തിന് മുഖ്യസ്ഥാനം നൽകി സ്നേഹിക്കുകയും ദൈവഹിതം നിറവേറ്റുകയും, മറ്റുള്ളവരെ നിഷ്കളങ്കമായും നിസ്വാർത്ഥമായും സ്നേഹിച്ച് നന്മ പ്രവർത്തിക്കുകയും ചെയ്യുന്നതാണ് എല്ലാ നല്ല ബന്ധങ്ങളുടെയും അടിത്തറ. അത് മനസ്സിന് സന്തോഷവും സമാധാനവും നൽകും. അതാണ് മനസ്സിന്റെ ആരോഗ്യം. ഈ ബന്ധത്തിന്റെ തകർച്ചയാണ് പാപം. അത് പ്രാർത്ഥനാജീവിതം ഇല്ലാതാക്കുന്നു. കൂദാശകളിൽ വിശ്വാസം നഷ്ടപ്പെടുന്നു. ആത്മീയജീവൻ നശിപ്പിക്കുന്നു. ദൈവത്തെ അകറ്റിനിർത്തുന്ന മനുഷ്യൻ നിരാശയ്

ക്കടിമപ്പെടുന്നു; അധമകാര്യങ്ങൾ ചിന്തിക്കുന്നു; വ്യാജദൈവങ്ങളെ പൂജിക്കുന്നു; സഭയെ തള്ളിപ്പറയുന്നു.

### 3. കൊലപാതകം, വ്യഭിചാരം, വിശ്വാസത്യാഗം

ദൈവത്തോടും മനുഷ്യരോടുമുള്ള ശരിയായ സ്നേഹബന്ധത്തിലെ തകർച്ച വലിയ ദുരന്തങ്ങളിലേക്കാണ് മനുഷ്യനെ നയിക്കുന്നത്. തിന്മയ്ക്കെതിരെയുള്ള പ്രതിരോധശക്തി നഷ്ടപ്പെടുന്നു എന്നതാണത്. അതിന്റെ ഏറ്റവും വലിയ ദോഷഫലങ്ങളാണ് കൊലപാതകം, വ്യഭിചാരം, വിശ്വാസത്യാഗം എന്നിവ. ഇവയാണ് ഏറ്റവും കഠിനമായ പാപങ്ങളായി കരുതപ്പെടുന്നത്. ദൈവകല്പനകളുടെ ലംഘനമാണിത്. ഈ പാപങ്ങളുടെ വിവിധ മുഖങ്ങളും അവയിലേക്കു നയിക്കുന്ന സാഹചര്യങ്ങളും വ്യാപകമായി കാണപ്പെടുന്നു. കൊറോണാ വൈറസിനേക്കാൾ ഭീകരമായ അവസ്ഥയാണ് അവ സമൂഹത്തിൽ സൃഷ്ടിക്കുന്നത്. ഭ്രൂണഹത്യയിലൂടെ എണ്ണമറ്റ മനുഷ്യജീവനുകൾ കുരുതി കഴിക്കപ്പെടുന്നു. ദയാവധവും നിരവധിരാജ്യങ്ങൾ അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു.

ലൈംഗികധാർമ്മികത, ദാമ്പത്യബന്ധം, കുടുംബജീവിതം ഇവയുടെ വേരറക്കുന്ന സംഭവങ്ങളും അവയെ ന്യായീകരിക്കുന്ന രാജ്യത്തിന്റെ നിയമങ്ങളും സമൂഹത്തിന്റെ ധാർമ്മിക അടിത്തറ തകർക്കുന്നു. ദാമ്പത്യബന്ധത്തിന്റെ വിശുദ്ധിക്കും അവിഭാജ്യതയ്ക്കും കുടുംബത്തിന്റെ ഭദ്രതയ്ക്കും മക്കളുടെ ഭാവിയ്ക്കും കനത്ത പ്രഹരമാണ് സംഭവിച്ചിരിക്കുന്നത്. സ്വവർഗ്ഗലൈംഗികത, സ്വവർഗ്ഗവിവാഹം, വിവാഹേതരലൈംഗികബന്ധങ്ങൾ, ഉഭയസമ്മതപ്രകാരമുള്ള ലൈംഗികബന്ധങ്ങളും കൂടിത്താമസവും, ലിംഗമാറ്റം തുടങ്ങിയവയെല്ലാം അംഗീകരിക്കുന്ന നിയമങ്ങളും നയങ്ങളും വലിയ മൂല്യത്തകർച്ചയാണ് സൂചിപ്പിക്കുന്നത്.

ഏകസത്യദൈവവിശ്വാസത്തിൽനിന്നുള്ള അകൽച്ചയാണ് വിശ്വാസത്യാഗം. ആധികാരികദൈവാരാധനയിൽനിന്നുള്ള വ്യതിചലനം, കൂദാശകളുടെ തിരസ്ക്കരണം, സഭയോടു ചേർന്നുനില്ക്കാത്ത സ്വകാര്യനിലപാട്, കൂടോത്രം, സാത്താൻസേവ, ബ്ലാക്ക് മാസ്, സഭേതര-സഭാവിരുദ്ധ നിലപാടുകൾ, സഭയുടെ വിശ്വാസപ്രബോധനങ്ങളുടെ തിരസ്ക്കരണം തുടങ്ങിയവയെല്ലാം വിശ്വാസത്യാഗമോ അതിലേക്ക് നയിക്കുന്നതോ ആകാം.

### 4. ബന്ദികളാക്കുന്ന ബന്ധങ്ങൾ

പകർച്ചവ്യാധിക്കടിമപ്പെട്ടവരും അവരോട് ബന്ധപ്പെടാനിടയായവരും മനുഷ്യസമ്പർക്കം നിരോധിക്കപ്പെട്ട് ബന്ദികളെപ്പോലെ കഴിയേ

ണ്ടിവരുന്ന അവസ്ഥയാണിപ്പോൾ. അതുപോലെ മറ്റു ചില ബന്ധങ്ങൾ നമ്മെ നാശകരമായ രീതിയിൽ ബന്ദികളാക്കുന്നുണ്ട്. ധനാസക്തി, മദ്യാസക്തി, ജഡികാസക്തി ഇവ ഏറെപ്പേരെ ബന്ദികളാക്കുന്നു; ധാർമ്മികബോധവും ആത്മീയചിന്തയും ഇല്ലാതാക്കി എല്ലാവിധ ദുഷ്പ്രവണതകൾക്കും അടിമപ്പെടുത്തി ദുഷ്കൃത്യങ്ങളിലേക്കാനയിക്കുന്നു; വിവേകവും വിശുദ്ധിയും നഷ്ടപ്പെട്ട് തിന്മയുടെ അടിമത്വത്തിലാകുന്നു.

## 5. മാസ്ക്കും സാനിറ്റൈസറും സാമൂഹികഅകലവും

കൊറോണാവൈറസിനെ പ്രതിരോധിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങളാണ് ഇവ മൂന്നും. മുകളിൽ പറഞ്ഞ ആസക്തികളിൽ ഉൾപ്പെടാതിരിക്കാനും ഇതുപോലൊരു മുൻകരുതൽ ആവശ്യമാണ്. പഞ്ചേന്ദ്രിയങ്ങൾക്ക് ഒരു കടിഞ്ഞാൺ വേണം. നിയന്ത്രിച്ചില്ലെങ്കിൽ കണ്ണും കാതും വായുമൊക്കെ നമ്മിൽ തെറ്റായ ആസക്തി ജനിപ്പിക്കും; മനസ്സിനു ഭ്രാന്തുപിടിക്കും. മിതത്വം കർശനമായി പാലിക്കണം. ആഡംബരം പാടേ വർജ്ജിക്കണം. ആഘോഷങ്ങളിലെ മത്സരം ആഡംബരം ക്ഷണിച്ചുവരുത്തും. വ്യർത്ഥാഭിമാനം വെടിഞ്ഞ് ജീവിതലാളിത്യത്തിന്റെ സൗന്ദര്യം ആസ്വദിക്കാനും അതിൽ സംതൃപ്തി കണ്ടെത്താനും കഴിയണം. കുറഞ്ഞ ചെലവിൽ ജീവിക്കാനും മിതത്വം പാലിക്കാനും കൊറോണാവൈറസ് നമ്മെ പഠിപ്പിച്ചു. ആ പാഠം മറക്കാതിരിക്കാം. തിന്മയ്ക്കു പ്രേരിപ്പിക്കുന്ന പ്രലോഭനങ്ങളിൽനിന്നും പാപസാഹചര്യങ്ങളിൽനിന്നും തെറ്റായ കൂട്ടുകെട്ടുകളിൽനിന്നും അകന്നിരിക്കാം.

ആസക്തികളെ ജയിക്കാനും ശരീരത്തെയും മനസ്സിനെയും നിയന്ത്രിക്കാനും സംയമനവും മിതത്വവും പാലിക്കാനും പാപമാലിന്യങ്ങൾ തുടച്ചുനീക്കാനുമാണ് പ്രാർത്ഥനയും നോമ്പും ഉപവാസവുമൊക്കെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. സഭ നൽകിയിരിക്കുന്ന ക്രമീകരണമനുസരിച്ച് അവ അനുഷ്ഠിക്കുന്നത് ജീവിതത്തിന്റെ ഭാഗമായി മാറണം. വിശുദ്ധ കൂദാശകളിലൂടെ ആത്മീയവിശുദ്ധീകരണവും ശക്തീകരണവും ഏറ്റവും ഫലപ്രദമായി നടക്കുന്നു; കാരണം അവ സഭയിലൂടെയുള്ള ദൈവത്തിന്റെതന്നെ പ്രവൃത്തികളാണ്. സാനിറ്റൈസർ പോലെ, രക്തശുദ്ധീകരണത്തിനുള്ള ഡയാലിസിസ് പോലെ, ജീവിത വിശുദ്ധീകരണം സാധിക്കുന്നതാണ് വിവിധ യാമങ്ങളിലെ യാമപ്രാർത്ഥനകൾ. ഇവയൊക്കെവഴി എല്ലാ വിശുദ്ധിയുടെയും ശക്തിയുടെയും ഉറവിടമായ ദൈവത്തോട് നിരന്തരം ബന്ധത്തിലായിരിക്കാനും തിന്മയിൽ അകപ്പെടാതിരിക്കാനും കഴിയും.

## 6. ആശ്രയവും ആശ്വാസവും അന്വേഷിക്കുന്നവർ

ജീവിതത്തിൽ ആശ്രയവും ആശ്വാസവും തേടുന്നവർ നമ്മുടെയിട

യിൽ ഉണ്ടാകാം. ചിലപ്പോഴത് ധനവാന്റെ പടിവാതിൽക്കൽ കിടക്കുന്ന ഒരു ലാസറാകാം; അല്ലെങ്കിൽ വഴിയിൽ മുറിവേറ്റുകിടക്കുന്ന ഒരു യാത്രക്കാരനാകാം; കിണറ്റിൻകരയിലെ പാപിനിയായ സ്ത്രീയാകാം, തെരുവിലെ അന്ധനോ മുടന്തനോ കുഷ്ഠരോഗിയോ ആകാം; മനഃസമാധാനമില്ലാതെ നൈരാശ്യത്തിൽ കഴിയുന്നവരാകാം; സ്വന്തപ്പെട്ടവരാൽ ഉപേക്ഷിക്കപ്പെട്ട അനാഥരാകാം; അകാരണമായി കുറ്റവാളികളായി മുദ്രയടിക്കപ്പെട്ടവരാകാം; ചിലപ്പോൾ ഞാൻതന്നെ അവരിലൊരാൾ ആണെന്നുവരാം. ആരുമാകട്ടെ, പരസഹായം ആവശ്യമുള്ള ഓരോരുത്തരെയും എന്റെ സഹോദരനോ സഹോദരിയോ ആയി കണ്ട് സ്നേഹിച്ചു ശുശ്രൂഷിക്കാൻ എനിക്കു സാധിക്കുമോ? 'നിന്റെ സഹോദരൻ എവിടെ?' എന്ന ചോദ്യത്തിന്, 'ഞാനാണോ എന്റെ സഹോദരന്റെ കാവൽക്കാരൻ?' എന്നു മറുപടി പറഞ്ഞ കായേനാകാതെ, മുറിവേറ്റു കിടന്ന അജ്ഞാതമനുഷ്യനെ പരിചരിച്ച 'നല്ല അയൽക്കാരനാ'കാൻ നമുക്കു പരിശ്രമിക്കാം.

**7. കൂടെയുള്ള ദൈവം**

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, ദൈവം കൂടെയുള്ള ദൈവത്തിന്റെ പ്രിയപ്പെട്ട ജനമാണ് നമ്മൾ. ഈശോമിശിഹായിൽ ദൈവം നമ്മോടുകൂടിയായിരിക്കുന്നു; തിരുസ്സഭയിൽ, വിശിഷ്യാ പരിശുദ്ധ കുർബാനയിൽ കൂടെ വസിക്കുന്ന ദൈവം. ദൈവം നമുക്ക് ആശ്രയവും ആശ്വാസവുമാണ്, ശക്തിയും സമ്പത്തുമാണ്, കരുണയും സ്നേഹവുമാണ്. സ്നേഹമുള്ള വൈദികരേ, കൂടെയുള്ള ദൈവത്തിന്റെ സ്നേഹസാന്നിദ്ധ്യം ദൈവജനം അനുഭവിച്ചറിയേണ്ടത് നമ്മളിലൂടെയാണ്. അതാണ് നമ്മുടെ ദൈവവിളി. പ്രിയപ്പെട്ട യുവജനങ്ങളേ, കുഞ്ഞുമക്കളേ, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ സംരക്ഷിക്കുന്നതുപോലെ, ദൈവം നിങ്ങളെ സംരക്ഷിക്കുന്നു. സംരക്ഷണത്തിന്റെ ചിറകാണ് സഭ. ആ ചിറകിൻ കീഴിൽ ഉറച്ചവിശ്വാസത്തോടെ അഭയം തേടൂ. ശത്രുവിന്റെ കൂരമ്പുകളെ ചെറുക്കാൻ നിങ്ങൾക്കു ശക്തി ലഭിക്കും. നമ്മുടെ കർത്താവായ മിശിഹാ നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

ആഗസ്റ്റ് 30, 2020
കൈത്താ 7-ാം ഞായർ

---

**N.B:** *ഈ സർക്കുലറിലെ വിശദാംശങ്ങൾ യുക്തമായ മാർഗ്ഗങ്ങളിലൂടെ ഇടവകാംഗങ്ങളെ അറിയിക്കേണ്ടതാണ്.*

# സർക്കുലർ

**C. 20/GL 170**

പ്രിയപ്പെട്ട വൈദികരേ, സിസ്റ്റേഴ്സ്, സഹോദരങ്ങളേ,

കോവിഡ് - 19 മഹാമാരിമൂലം ഏറെ പരിമിതികളും ഞെരുക്കങ്ങളും ആകുലതകളും നാമെല്ലാവരും നേരിട്ടുകൊണ്ടിരിക്കുകയാണല്ലോ. ഇപ്പോൾ മഴ, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ മറ്റു പ്രകൃതിക്ഷോഭങ്ങളും ശക്തിപ്പെടുന്നു. ഇവയൊക്കെ ഇനിയും ശക്തിപ്പെടാം. കോവിഡ് - 19 ബാധ ഇനിയും എത്രനാൾ തുടരുമെന്നു നിശ്ചയമില്ല; ഒരുപക്ഷെ അനേകം മാസങ്ങൾ! ഇവയുടെയൊക്കെ പ്രത്യാഘാതം ദീർഘകാലത്തേക്കു മനുഷ്യജീവിതത്തെയും മറ്റെല്ലാ ജീവജാലങ്ങളെയും ബാധിച്ചേക്കാം. അതിനാൽ നമ്മൾ എല്ലാ തലങ്ങളിലും ജാഗ്രതയും വിവേകവും അച്ചടക്കവും പാലിച്ചു ജീവിതശൈലി രൂപപ്പെടുത്തേണ്ടതുണ്ട്.

നമുക്കു വളരെയേറെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. വരുമാന മാർഗ്ഗങ്ങൾ അടഞ്ഞുപോകുന്നു. മനുഷ്യബന്ധങ്ങൾ മുറിഞ്ഞുപോകുന്ന അവസ്ഥ. ആഗ്രഹങ്ങളും പദ്ധതികളും നടപ്പിലാക്കാൻ സാധിക്കുന്നില്ല. ആത്മീയാവശ്യങ്ങൾപോലും നിറവേറ്റാനാകാതെ വേദനിക്കുന്നു. ജോലി നഷ്ടപ്പെടുകയോ ജോലിചെയ്യാൻ സാധിക്കാതെ വരികയോ ചെയ്യുന്ന പ്രതിസന്ധി. വാർദ്ധക്യത്തിലും രോഗാവസ്ഥയിലുമായിരിക്കുന്നവരുടെ നിസ്സഹായാവസ്ഥയും അവരെ വേണ്ടവിധം പരിചരിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്ന സാഹചര്യവും ഗുരുതരംതന്നെ.

ഏതാണ്ട് ആറുമാസമായി ഇപ്രകാരമുള്ള പ്രതിസന്ധികളിലൂടെ നമ്മൾ കടന്നുപോവുകയാണ്. ഈ കാലഘട്ടത്തിൽ നമ്മുടെയൊക്കെ പ്രിയപ്പെട്ടവരായ പലരും മരണമടഞ്ഞിട്ടുണ്ട്. അവസാനകാലത്ത് അവരെ ഒന്നു കാണാനോ മൃതസംസ്കാരത്തിൽപോലും സംബന്ധിക്കാനോ സാധിക്കാത്തതു ഹൃദയഭേദകംതന്നെ. ചിലരെങ്കിലും സ്വയം ജീവിതമവസാനിപ്പിക്കാനും ഇടയായിട്ടുണ്ടാവും. എല്ലാവരെയും, നമ്മെത്തന്നെയും നമുക്കു ദൈവതിരുമുമ്പിൽ സമർപ്പിച്ചു പ്രാർത്ഥിക്കാം. പരസ്പരം പ്രാർത്ഥിച്ചു ശക്തിപ്പെടാം. നമ്മുടെ കർത്താവു

നമ്മോടുകൂടിയുണ്ട് എന്നു ഉറച്ചു വിശ്വസിച്ച് ഏകമനസ്സോടെ ദൈവത്തിലാശ്രയിക്കാം. നമ്മുടെ അമ്മയായ പരി. കന്യകാമറിയം നമുക്കു തുണയായുണ്ട്. ആവശ്യങ്ങളിൽ എപ്പോഴും കൂടെയുള്ളവളാണല്ലോ അമ്മ.

സ്നേഹമുള്ള അച്ചന്മാരേ, ഈ പ്രതിസന്ധികളിലും തളരാതെ, നമ്മുടെ സഹോദരങ്ങളെ ആശ്വസിപ്പിക്കാനും വിശ്വാസത്തിൽ ഉറപ്പിക്കാനും നമുക്കു പ്രത്യേക കടമയുണ്ട്.

ആഗസ്റ്റ് 15 നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളാണല്ലോ. പരി. അമ്മയുടെ സ്വർഗ്ഗത്തിലേക്കുള്ള എടുക്കപ്പെടൽ അനുസ്മരിക്കുന്ന ഈ വേളയിൽ മരിച്ചുപോയ നമ്മുടെ സഹോദരങ്ങളെ അനുസ്മരിക്കുന്നതു ഉചിതമാണ്. ആഗസ്റ്റ് 14–ാം തീയതി വെള്ളിയാഴ്ച രാവിലെ 6:30–നു ഞാൻ പരി. കുർബാന അർപ്പിക്കുന്നതാണ്. നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും അതേ സമയം ദൈവാലയങ്ങളിൽ കുർബാനയർപ്പിച്ചു പ്രാർത്ഥിക്കേണ്ടതാണ്. പള്ളിയിൽപോകാൻ സാധിക്കാതെ വീടുകളിലായിരിക്കുന്നവർ ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ ഞാൻ അർപ്പിക്കുന്ന പരി. കുർബാനയിൽ ആത്മീയമായി പങ്കുചേരാൻ ശ്രദ്ധിക്കണം. അതിനുസഹായകരമായി ആഗസ്റ്റ് 14 നു രാവിലെ 6:30–ന് അർപ്പിക്കുന്ന പരി. കുർബാന MAACtv യിലൂടെ വിശ്വാസികൾക്കായി സംപ്രേഷണം ചെയ്യുന്നതാണ്. ഓരോ ഇടവകകളിൽനിന്നും പരി. കുർബാന ലൈവ് നൽകേണ്ടതില്ല.

അതിരൂപതാ കുടുംബം ഒരുമിച്ച് അർപ്പിക്കുന്ന ഈ പരി. കുർബാനയ്ക്കു മൂന്നു നിയോഗങ്ങളാണുള്ളത്:

1. നമ്മുടെ അഭിവന്ദ്യ ജോസഫ് പവ്വത്തിൽ പിതാവ് ഈ 14 നു നവതിയുടെ നിറവിൽ എത്തുകയാണ്. അഭിവന്ദ്യ പിതാവിലൂടെ നമ്മുടെ സഭയ്ക്കും അതിരൂപതയ്ക്കും പൊതുസമൂഹത്തിനും ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും ഈ കുർബാനയിൽ പിതാവിനോടുചേർന്നു നന്ദി അർപ്പിക്കാം. പിതാവിന്റെ ആയുരാരോഗ്യത്തിനായി പ്രാർത്ഥിക്കുകയും ചെയ്യാം.

2. 2020 മാർച്ച് 15 മുതലുള്ള ഈ അഞ്ചുമാസം നമ്മുടെ സമൂഹത്തിൽനിന്നും മരണമടഞ്ഞ വൈദികരെയും സമർപ്പിതരെയും അല്മായരെയും അനുസ്മരിക്കാം: കോവിഡ് ബാധിതരായി മരിച്ചവർ, സഭാപരമായ മൃതസംസ്കാര ശുശ്രൂഷകൾ ലഭിക്കാത്തവർ, മരണമടഞ്ഞ പ്രിയപ്പെട്ടവരെ കാണുവാൻ സാധിക്കാത്തവർ,

മാനസികപിരിമുറുക്കം സഹിക്കുവാനാകാതെ മരണപ്പെട്ടവർ തുടങ്ങിയവരെയെല്ലാം പരി. കുർബാനയിൽ ഓർമ്മിക്കാം.

3. കൃഷിയുടെയും വിളവിന്റെയും സംരക്ഷകകൂടിയായ പരി. അമ്മയോടു നമ്മുടെ കൃഷിയിടങ്ങളേയും വിളവുകളേയും സംരക്ഷിക്കുവാൻ മാദ്ധ്യസ്ഥ്യം തേടുകയും പ്രളയദുരന്തങ്ങളിൽനിന്നു നമ്മെ സംരക്ഷിക്കുവാൻ പ്രാർത്ഥിക്കുകയും ചെയ്യാം.

സ്നേഹമുള്ള വൈദികരേ, എല്ലാവരും ഈ നിർദ്ദേശങ്ങൾപാലിച്ചു പരി. കുർബാനയർപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഓരോ ഇടവകയിൽ നിന്നും മരണമടഞ്ഞ 20 വയസ്സിൽ താഴെയുള്ള കുട്ടികൾ (ആൺ + പെൺ), 20 നും 60 നും ഇടയിൽ പ്രായമുള്ളവർ (പുരുഷൻ + സ്ത്രീ), 60 വയസ്സിനു മുകളിൽ പ്രായമുള്ളവർ (പുരുഷൻ+ സ്ത്രീ) എന്നിവരുടെ എണ്ണം ബഹു. സെക്രട്ടറിയച്ചനെ അറിയിക്കണമെന്നും താല്പര്യപ്പെടുന്നു.

നമ്മുടെ അതിരൂപതാകുടുംബം മുഴുവൻ - വൈദികരും സമർപ്പിതരും അല്മായരും - ഒന്നുചേർന്നു ദൈവകരുണയ്ക്കായി പ്രാർത്ഥിക്കാം. നമ്മുടെ കർത്താവായ മ്ശിഹാ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

08.08.2020
ചങ്ങനാശേരി

# സർക്കുലർ

**C. 20/GL 171**

സ്നേഹം നിറഞ്ഞ അച്ചന്മാരേ,

നിങ്ങളെല്ലാവരെയും നേരിൽ കാണാനും വിവരങ്ങൾ അറിയാനും അവസരം കണ്ടെത്തിക്കൊണ്ടിരിക്കയാണ്. എല്ലാവരും സുരക്ഷിതരും ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിലും അജപാലനകാര്യങ്ങളിൽ ശുഷ്കാന്തിയുള്ളവരുമായിരിക്കണമെന്ന് ആഗ്രഹിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു. കോവിഡ്-19 മഹാമാരി കൂടുതൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഏറെ ജാഗ്രതയും സൂക്ഷ്മതയും പുലർത്തേണ്ടതുണ്ട്. സഞ്ചാരസ്വാതന്ത്ര്യവും പ്രവർത്തനസ്വാതന്ത്ര്യവും കൂടുതലായി അനുവദിക്കപ്പെടുന്നതുകൊണ്ട് പകർച്ചവ്യാധിയോടുള്ള സമീപനത്തിൽ ഉദാസീനതയും ലാഘവബുദ്ധിയും ഉണ്ടാകരുത്. അതേസമയം അനാവശ്യമായ ഉത്കണ്ഠയും ഭയവും വേണ്ട.


അജപാലനപരമായ ശുശ്രൂഷകളിലും മറ്റു രോഗീസേവനങ്ങളിലും ഏർപ്പെട്ട് കോവിഡ്-19 രോഗികളുമായി സമ്പർക്കം പുലർത്തിയ ചില മെത്രാന്മാരും വൈദികരും സിസ്റ്റേഴ്സുമൊക്കെ രോഗം പിടിപെട്ട് മരണമടഞ്ഞിട്ടുണ്ട്. അതുകൊണ്ട്, ഇപ്രകാരമുള്ള ശുശ്രൂഷകളിൽനിന്നു പിൻവാങ്ങുകയല്ല, വേണ്ടത്ര സുരക്ഷാമാർഗ്ഗങ്ങൾ അവലംബിക്കയാണ് വേണ്ടത്. പാലിക്കേണ്ട ചില പ്രായോഗിക നിർദ്ദേശങ്ങൾ നേരത്തെ അറിയിച്ചിരുന്നത് ഓർമ്മിക്കുമല്ലോ. ചില കാര്യങ്ങൾകൂടി ശ്രദ്ധയിൽ പെടുത്തുന്നു.

1. മാസ്ക്കിന്റെ ശരിയായ ഉപയോഗം, കൂടെക്കൂടെയുള്ള ശുചീകരണം, സാമൂഹിക അകലം ഇവ അച്ചന്മാർ കർശനമായി പാലിക്കുകയും, മറ്റുള്ളവരും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം.

2. രോഗപ്രകൃതി ഉള്ളവർ, പ്രത്യേകിച്ച് പ്രമേഹം, രക്തസമ്മർദ്ദം, ഹൃദയസംബന്ധവും ശ്വാസകോശസംബന്ധവുമായ രോഗങ്ങളുള്ളവർ എന്നിവർ കൂടുതൽ സൂക്ഷിക്കേണ്ടതുണ്ട്.

3. രോഗലക്ഷണമുള്ളവർ ആശുപത്രിയിൽ പോകാനും പരിശോധന നടത്താനും കാലതാമസം വരുത്തരുത്. അജപാലനപ്രവർത്തനങ്ങളിൽ കൂടുതലായി ഇടപെടേണ്ടിവരുമ്പോൾ കൂടുതൽ ജാഗ്രതയും പുലർത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. പ്രാർത്ഥനയിൽ ശക്തിപ്പെട്ടും ധൈര്യം കൈവെടിയാതെയും അജപാലകരായ നമുക്ക് നമ്മുടെ അജഗണത്തോടൊപ്പമായിരിക്കാം. അവർക്ക് ശക്തിപകരാം, വിശ്വാസത്തിൽ അവരെ ഉറപ്പിക്കുകയും ചെയ്യാം.

സ്നേഹപൂർവ്വം,



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

27.08.2020
ചങ്ങനാശേരി

# ഭവന നിർമ്മാണത്തിന് പാറേൽ മർത്ത് മറിയം തീർത്ഥാടന കേന്ദ്രത്തിന്റെ കൈത്താങ്ങ്


ഈശോയിൽ സ്നേഹം നിറഞ്ഞ വൈദികരേ,

സ്വന്തമായി ഒരു പിടി മണ്ണും അതിലൊരു ഭവനവും ഏതൊരാളും ആഗ്രഹിക്കുന്ന ഒന്നാണെന്ന വസ്തുത നമുക്കറിവുള്ളതാണല്ലോ. ഇങ്ങനെയുള്ളവർക്ക് ആശ്വാസമേകുവാൻ കേരള സർക്കാർ 'ലൈഫ് മിഷൻ' എന്ന പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നു. 2020 ആഗസ്റ്റ് 1 മുതൽ 14 വരെയാണ് അപേക്ഷകൾ സമർപ്പിക്കേണ്ട തീയതി. റേഷൻ കാർഡ്, ആധാർ കാർഡ്, വില്ലേജാഫീസർ സാക്ഷ്യപ്പെടുത്തിയ വരുമാന സർട്ടിഫിക്കറ്റ് എന്നീ രേഖകളുമായി അക്ഷയാ സെന്ററിൽ നിന്ന് ഈ പദ്ധതിയിലേക്ക് അപേക്ഷിക്കാവുന്നതാണ്. ബന്ധപ്പെട്ട രേഖകളോടെ സമർപ്പിക്കുന്ന അപേക്ഷ ഓരോ മേഖലകളിലെയും സർക്കാർ ചുമതലപ്പെടുത്തിയ അധികാരികളുടെ അന്വേഷണത്തിനു വിധേയമാകുന്നു. നാല് ലക്ഷം രൂപയാണ് ഈ ഭവന പദ്ധതിക്കായി അനുവദിക്കുന്ന തുക. ഈ പദ്ധതിയിലേക്ക് ചങ്ങനാശേരി അതിരൂപ താംഗങ്ങളായിട്ടുള്ള വ്യക്തികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആ വ്യക്തികൾക്ക് ഭവന നിർമ്മാണത്തിന് ഒരു ലക്ഷം രൂപ കൈത്താങ്ങായി പാറേൽ മർത്ത് മറിയം തീർത്ഥാടന കേന്ദ്ര പുനഃർനിർമ്മാണ സ്മാരക ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി നൽകുന്നതാണ്. ഇടവക നേതൃത്വം (പ്രതിനിധിയോഗം / ചാരിറ്റി ബോർഡ്) തെരഞ്ഞെടുക്കുന്ന തികച്ചും അർഹതയുള്ള ഒരു കുടുംബത്തിനായിരിക്കും ഈ തുക നൽകുന്നത്. ഇപ്രകാരം ഇടവകകളിൽനിന്നും സർക്കാറിന്റെ പദ്ധതി യിൽ ഉൾപ്പെട്ടിരിക്കുന്നതിന്റെ രേഖയോടൊപ്പം ആദ്യം അപേക്ഷ സമർപ്പിക്കുന്ന 100 ഭവനങ്ങൾക്കായിരിക്കും കൈത്താങ്ങായി സഹായം നൽകുക. എത്രയും വേഗം മതിയായ രേഖകളോടെ സർക്കാറിന്റെ ഈ പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുക. ഈ ഉത്തരവാദിത്വ നിർവ്വഹണത്തിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നത് ബഹു. റെജി പുതുവീട്ടിൽക്കളത്തിൽ അച്ചനെയാണ്. നമ്മുടെ കർത്താവിന്റെ കൃപ യും പാറേൽ മാതാവിന്റെ മാദ്ധ്യസ്ഥ്യവും നിങ്ങളോടൊപ്പമുണ്ടായി രിക്കട്ടെ.

സ്നേഹത്തോടെ,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

02.08.2020
ചങ്ങനാശേരി




# I
# TRANSFERS & APPOINTMENTS

| Very Rev/Rev Fr | Transferred from | Transferred to |
|---|---|---|
| Chooravady Mathew (Jr) | | Joint Director, Lourde Matha Care, Thiruvananthapram (addl) |
| Kamicherry Scaria | | Mundupalam (residence) |
| Kayithara Varghese | Aryad | Vicar, Edapalayam & Kulathupuzha |
| Kollamkalam Alex | | Professor, Satna Seminary (addl) |
| Madathiparampil Mathew | Edapalayam, Kulathu-puzha | Vicar, Aryad |
| Mullakariyil Jose | | Vadakkekara Sunday Ministry (addl) |
| Padinjarekutt Mathew | | GM Production, Deepika |
| Paroosseril Micheal OFM Cap | | Spiritual Assistant, SFO |
| Purackal Joseph | | Director, Legion of Mary (addl) |
| Puthuvelil Varghese | Legion of Mary | Relieved |
| Souriamakil Sebastian | | Director, Nadar Community (addl) |
| Thanamavunkal Varghese | | Spiritual Director, Marthoma Sleeha Sahodarikal (addl) |
| Thekkumkattil Libin CMI | Mundupalam | Relieved |
| Vadakekalam John | | Assistant Director, Sande-anilayam & CML (addl) |
| Vettikalayil Thomas OFM Cap. | Spiritual Assistant, SFO | Relieved |
| Vettukuzhiyil Varghese | | Curator, Kavukattu Museum (addl) |

## II
## Ongoing Formation

ഈ കൊറോണക്കാലം വൈദികർക്കു വലിയ വെല്ലുവിളികളും സാധ്യതകളും നൽകുന്നുണ്ട്. അവരുടെ ആത്മീയജീവിതം ഇക്കാലഘട്ടത്തിൽ കൂടുതൽ തീവ്രതയോടെ പ്രശോഭിക്കേണ്ടതാണ്. അതിനു സഹായകരമായ രീതിയിൽ ബഹു. അച്ചന്മാർക്കുവേണ്ടി ഒരു ഓൺലൈൻ തുടർപരിശീലനപരിപാടി ആഗസ്റ്റ് 12, 13 തീയതികളിൽ വൈകിട്ട് 6-8 വരെയുള്ള സമയത്ത് ക്രമീകരിച്ചു. അഭി. മാർ ജോസഫ് പാംപ്ലാനി പൗരോഹിത്യശുശ്രൂഷയുടെ വെല്ലുവിളികളെക്കുറിച്ചും വൈദികരുടെ ആത്മീയ വളർച്ചയെക്കുറിച്ചും സംസാരിച്ചു. ആലപ്പുഴ, ചമ്പക്കുളം, പുളിങ്കുന്ന്, എടത്വാ, അതിരമ്പുഴ, കോട്ടയം, കുടമാളൂർ, തിരുവനന്തപുരം, അമ്പൂരി, കൊല്ലം-ആയൂർ ഫൊറോനകളിലെ അച്ചന്മാർ 12-ാം തീയതിയും ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, കുറുമ്പനാടം, തുരുത്തി, മണിമല, നെടുംകുന്നം, ഫൊറോനകളിലെ വൈദികരും തക്കലരൂപതയിലെ നമ്മുടെ സഹോദര വൈദികരും 13-ാം തീയതിയിലുമായി 300 ലധികം വൈദികർ പങ്കെടുത്തു.

### Suspension

Rev. Fr. George Chackumkal of the Archeparchy of Changanacherry, who has abandoned priestly ministry, is suspended a divinis in conformity with the canons of the CCEO. He shall not be permitted to exercise any of the functions of priestly ministry in any of the Catholic Churches.

Rev. Dn. Joseph Varghese Mobin Kavanadu Attupuram from St Joseph Church, Kurichy who is a member of the Pontificium Institutum Missionum Exterarum (PIME) society, is suspended from ministry in view of dispensation from the obligations of clerical state. He shall not be permitted to exercise any of the functions of diaconate in any of the Catholic Churches

### അറിയിപ്പ്

പ്രിയപ്പെട്ട അച്ചന്മാരെ, ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ പേരിലുള്ള മ്യൂസിയം തുറക്കാനുള്ള നടപടികൾ പൂർത്തിയായിരിക്കുന്നു. ബഹു. അച്ചന്മാർ ഇടവകകളിലോ നിങ്ങളുടെ കൈവശമോ പിതാവുമായി ബന്ധപ്പെട്ട എന്തെങ്കിലും സാധനസമഗ്രികൾ ഉണ്ടെങ്കിൽ ഉടൻ തന്നെ ഏല്പിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

കത്തീഡ്രൽ ദൈവാലയമായി ബന്ധപ്പെടുക.

Fr Mathew Mattom (Postulator) 9847660057
Fr Alen Vettukuzhiyil, 9497336112

# അതിരൂപതയിൽ കാരുണ്യദിനാചരണം

ആഗസ്റ്റ് 14, വെള്ളിയാഴ്ച രാവിലെ 6.30 ന് ചങ്ങനാശ്ശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ അന്നേദിവസം ജന്മദിനം ആഘോഷിച്ച മാർ ജോസഫ് പവ്വത്തിൽ പിതാവിനെയും കോവിഡ് – 19 കാലഘട്ടത്തിൽ മരണപ്പെട്ട എല്ലാ ചങ്ങനാശ്ശേരി അതിരൂപ താംഗങ്ങളെയും വിത്തുകളുടെയും വിളകളുടെയും സംരക്ഷക കൂടിയായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ ത്തോടനുബന്ധിച്ച് ജലപ്രളയത്തിന്റെ കെടുതികളാൽ വിഷമിക്കുന്ന കർഷകരെയും വിത്തിന്റെയും വിളവുകളുടെയും സംരക്ഷണത്തെയും അനുസ്മരിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികൻ ആയിരുന്നു. വികാരി ജനറാൾമാരായ വെരി.റവ.ഫാ. ജോസഫ് വാണിയപുരയ്ക്കൽ, വെരി.റവ.ഫാ. തോമസ് പാടിയത്ത്, കത്തീഡ്രൽ വികാരിയായ വെരി.റവ.ഫാ. ജോസ് കൊച്ചുപറമ്പിൽ, അതിരൂപ തയുടെ 16 ഫൊറോനകളിൽ നിന്നുള്ള വൈദികരുടെ പ്രതിനിധികൾ സഹകാർമ്മികരായി. പരിശുദ്ധ കുർബാനയ്ക്കുശേഷം 'ദൈവകൃപ യുടെ തീർത്ഥാടനം: മാർ ആൻറണി പടിയറ' എന്ന ജീവചരിത്രഗ്രന്ഥം മാർ ജോസഫ് പെരുന്തോട്ടം പിതാവ് മാർ തോമസ് തറയിൽ പിതാവിന് കൈമാറിക്കൊണ്ട് പ്രകാശനം ചെയ്തു. അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ നവതി സ്പെഷ്യൽ സപ്ലിമെൻറ് മാർ ജോസഫ് പെരുന്തോട്ടം പിതാവ് പെരിയ ബഹു. ജോസഫ് വാണിയപുരയ്ക്കൽ അച്ചന് കൈമാറിക്കൊണ്ട് പ്രകാശനം ചെയ്തു. പരിശുദ്ധ കുർബാനയും തുടർന്നുള്ള കർമ്മങ്ങളും MAAC TV യിലും ഏഷ്യാനെറ്റ് ലോക്കൽ ചാനലിലും തൽസമയം സംപ്രേഷണം ചെയ്തു.

## പാസ്റ്ററൽ കൗൺസിൽ വെബിനാർ

സമകാലീന സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികൾ/പ്രതി കരണങ്ങൾ എന്ന വിഷയത്തിൽ റവ. ഫാ. നോബിൾ പാറയ്ക്കൽ നയി ക്കുന്ന ഒരു വെബിനാർ സെപറ്റംബർ 4 വെള്ളിയാഴ്ച 6.30 PM ന് സംഘടിപ്പിച്ചിരിക്കുന്നു. അഭി. പെരുന്തോട്ടം പിതാവ് ഉദ്ഘാടനം ചെയ്യുന്ന വെബിനാറിൽ അഭി. തറയിൽ പിതാവ് ആമുഖപ്രഭാഷണം നടത്തും. വെബിനാറിലേക്ക് മുഴുവൻ അംഗങ്ങളേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

എന്ന്,

**ഡോ. ഡൊമിനിക് ജോസഫ്**
സെക്രട്ടറി

**ഡോ. രേഖാ മാത്യൂസ്**
**ശ്രീ. ആന്റണി തോമസ് മലയിൽ**
ജോ. സെക്രട്ടറിമാർ



# നവതി പൂർണ്ണിമ

14 /8/20 മാർ ജോസഫ് പവ്വത്തിൽ പിതാവിന് 90-ന്റെ ചെറുപ്പം! പിതാവിന്റെ ജന്മദിനത്തിൽ ആഘോഷങ്ങൾ ലളിതമാക്കിയിരുന്നു.

അന്നേ ദിവസം ആർച്ചുബിഷപ്സ് ഹൗസിൽ നടന്ന ആശംസ യോഗത്തിന് മാർ തോമസ് തറയിൽ സ്വാഗതം നേർന്നു. മാർ ജോസഫ് പെരുന്തോട്ടം,മല്പാൻ മാത്യു വെള്ളാനിക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു. മാർ ജോസഫ് പവ്വത്തിൽ ആശംസകൾക്കു മറുപടി പറഞ്ഞു. വെരി. റവ. ഫാ. ജോസഫ് വാണിയപുരയ്ക്കൽ ഏവർക്കും കൃതജ്ഞത നേർന്നു.

അതിരൂപതയിലെ വൈദിക പ്രതിനിധികളും, പിതാവിന്റെ കുടുംബാംഗങ്ങളും, അതിരൂപതയിൽ ശുശ്രൂഷചെയ്യുന്ന സന്യാസവൈദികരുടെ പ്രതിനിധിയായി ഫാ. ജോർജ്ജ് ആന്റണി OFM Cap. ഉം, സമർപ്പിതരെ പ്രതിനിധീകരിച്ച് റവ. ഡോ. പ്രസന്ന CMC യും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് ജോസഫ്, അഡ്വ. ജോജി ചിറയിൽ എന്നിവരും സന്നിഹിതരായിരുന്നു.

മാർ ജേക്കബ് മുരിക്കൻ, മാർ ജോസ് പുളിക്കൽ, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഫാ ബോബി മണ്ണംപ്ലാക്കൽ, മല്പാൻ മാത്യു വെള്ളാനിക്കൽ, ശ്രീ. കെ സി. ജോസഫ് MLA, ശ്രീ. തിരുവഞ്ചൂർ രാധാകൃഷണൻ MLA. മുൻസിപ്പൽ ചെയർമാൻ ശ്രീ. സാജൻ ഫ്രാൻസിസ്, ശ്രീ. കൊടിക്കുന്നിൽ സുരേഷ് MP, ശ്രീ. ജോസ് കെ മാണി MP, ശ്രീ. തോമസ് ചാഴികാടൻ MLA, ശ്രീ. എൻ. ജയരാജ് MLA, അഡ്വ ജോബ് മൈക്കിൾ, ശ്രീ. നോബിൾ മാത്യു തുടങ്ങി ഒട്ടനവധി മത-സാമൂഹിക-രാഷ്ട്രീയ പ്രമുഖർ അഭി. പിതാവിന് ആശംസകൾ നേരാൻ അതിരൂപതാ കേന്ദ്രത്തിൽ എത്തിയിരുന്നു.

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ,

പഞ്ചവത്സര അജപാലന പദ്ധതി ആരംഭിച്ച വർഷം ഓരോ ഇടവകകയ്ക്കും വേണ്ടി പ്രാർത്ഥിക്കാനായി ഓരോ കോൺവന്റിനെ ഏല്പിച്ചിരുന്നല്ലോ. പ്രാർത്ഥനയിൽ പരസ്പരം ശക്തിപ്പെടുത്താനും ഇടവകയുടെ പൊതുവായ ആവശ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാൻ ഒരു സന്യാസസമൂഹം ഉണ്ട് എന്നു ഉറപ്പുവരുത്തുവാനും വേണ്ടിയാണ് അഭിവന്ദ്യ പിതാവ് ഇപ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു.

1. ഇടവകയുടെ പൊതുവായ നിയോഗങ്ങളും കുടുംബങ്ങളുടെ പ്രത്യേകമായ നിയോഗങ്ങളും വികാരിയച്ചൻ ഇടക്കിടക്ക് ആ കോൺവന്റിനെ അറിയിക്കുന്നത് ഉചിതമാണ്.
2. ഇടവകയിൽ നിന്നു പ്രതിനിധികൾ വല്ലപ്പോഴുമെങ്കിലും ആ കോൺവന്റ് സന്ദർശിക്കുക. വിദൂരത്താണെങ്കിൽ ഫോൺ വിളിച്ച് സൗഹൃദം സ്ഥാപിക്കാവുന്നതാണ്.
3. പ്രത്യേക അവസരങ്ങളിൽ ആശംസാ കാർഡ് അയയ്ക്കുക.
4. ആ കോൺവന്റിലെ സിസ്റ്റേഴ്സിനെ പ്രത്യേക അവസരങ്ങളിൽ (ഇടവക ദിനം, ഇടവക തിരുനാൾ) ഇടവകയിലേയ്ക്ക് ക്ഷണിക്കുക.

NB: *നേരത്തെ നല്കിയിരുന്ന ലിസ്റ്റിൽ ചില മാറ്റങ്ങൾ വരുത്തിയിരിക്കുന്നതു ശ്രദ്ധിക്കുമല്ലോ.*

## Alappuzha

| Sl. No. | Name of the Parish | Name of the Convent |
|---|---|---|
| 1 | St.Joseph's Arattuvazhy | SABS Punnapra |
| 2 | L.F. Aryad | SABS Punnakkunnam |
| 3 | Lourde Matha,Charamangalam | SABS Pacha, Assumption Hostel Chry |
| 4 | St. Mary's, Kainakary | SABS Chennamkary |
| 5 | Immaculate Heart, Kaithavana | SABS Champakulam |
| 6 | St. Mary's Mannamcherry | SABS Santhome Edathua |
| 7 | St. Georges Muhamma | SABS Ayarkunnam |
| 8 | St. Thomas Pallathuruthy | SABS Muttar, Navajyothy Amalagiri |
| 9 | St. Francis Assissi Poonthope | SABS Convent Athirampuzha |
| 10 | St. Mary's Punnamada | SDS Convent Arpookkara |
| 11 | St.George Puthenangady | SABS Kadayanickadu |
| 12 | St. Gregorious Punnapra | Apostolic Carmel Convent- Madappally |

| | | |
|---|---|---|
| 13 | Mar Sleeva Purackadu | SABS Convent Thuruthy |
| 14 | St. MIcheals Thathampally | SDS Convent Padaharam |
| 15 | S.H. Arunoottampadam | SDS Convent Mannanam |
| 16 | St. Joseph's Kuttamangalam | SABS Convent Mallappally |
| 17 | St. Antony's Paduapuram | ASMI Convent Vaisyabhagom |
| 18 | S. L. Puram | DST Convent Chathanadu |
| 19 | St.Alphonsa Chathanadu | SMMI Convent Kilimala |
| 20 | St. Thomas Kalavoor | ASMI Convent Yudapuram |
| 21 | Mar Sleeva Pazhavangady | SABS Thathampally |

## Amboory

| Sl. No. | Name of the Parish | Name of the Convent |
|---|---|---|
| 1 | St. Mary's Mayam- (Stations- St. Jude Pantha , St. Alphonsa Parathy ) | CHF Convent Kripa Theertham Muttackad Thiruvananthapuram |
| 2 | St. Mary's Thekkupara | CHF Convent Thirumala |
| 3 | Christu Raj Rajagiri | SABS Nirmalabhavan, TVM |
| 4 | S. H. Vavodu | SMS- Alphonsa Balika Bhavan, Chry |
| 5 | St. George, Amboory - (Station- St. Antony' s Kuttappu) | Apostolic Oblates Spirituality Centre Manganam |
| 6 | St. Mary's Dalmukham | Apostolic Oblates Kooroppada |
| 7 | St. Joseph's Kuchappuram- (Stations- St.Thomas Kundamam, Queen of Virgins Vimalagiri, St. Mary' s Charupara, Kuttara) | Apostolic Oblates Study House Manganam |
| 8 | S. H. Pachakad | LF Convent Pampady |

## Athirampuzha

| Sl. No. | Name of the Parish | Name of the Convent |
|---|---|---|
| 1 | St. Mary's Athirampuzha | ASMI Genaralate, Cheeramchira |
| 2 | Lisieux Athirampuzha | ASMI Mannila |
| 3 | Mangala Vartha Arumanoore | ASMI Meenkulam |
| 4 | St. Sebastian's Cheruvandoor | ASMI Fathimapuram |
| 5 | Christu Raj Ettumannoor | ASMI Ponga |
| 6 | St. Mathew's Kottackappuram | ASMI Angamaly |
| 7 | St. Gregorious Mannarkunnu | ASMI Thalassery |

| | | |
|---|---|---|
| 8 | St. Thomas Nalpathimala | ASMI Amboory |
| 9 | St. Thomas Pallikkunnu | ASMI Thittanganavilai |
| 10 | St. Thomas Punnathura | ASMI Annikkara |
| 11 | St. Joseph's Thellakom | ASMI Meppara |
| 12 | St. Mary's Vettimukal | ASMI Nidravilai |
| 13 | St. Sebastian's Kattachira | ASMI Narbonapuram |
| 14 | St. Rita's Athirampuzha | H.M.Convent, Perumkavu |
| 15 | Twelve Apostoles Mannanam | FDSHJ Kalavoor |

## Champakulam

| Sl. No. | Name of the Parish | Name of the Convent |
|---|---|---|
| 1 | St. Mary's Basalica | Holy Queens  Changanacherry |
| 2 | Lourde Matha, Chennamkary | CMC Snehasadhan Kainakary |
| 3 | St. Joseph's, Chennamkary | CMC Little flower  Kainakary |
| 4 | St. Joseph's, Kandamkary | CMC Vezhapra |
| 5 | St. Sebastian's Narbonapuram | CMC Mithrakary |
| 6 | St. Jerom's Nazarath | CMC St. Joseph Changanacherry |
| 7 | St. Joseph's, Padaharam | CMC Paipadu |
| 8 | Mar Sleeva, Ponga | CMC Carmel  Villa, Chethipuzha |
| 9 | Holy Family, Pullangady | CMC Carmel Mount, Chethipuzha |
| 10 | St. John's, Thekkekara | CMC Thrikodithanam |
| 11 | St. Sebastian's, Thekkekara | DM Convent  Mundupalam |
| 12 | S.H. Thottuvathala | CMC  Venchempu |
| 13 | St. George Vadakke Amichakary | CMC Muhamma |
| 14 | St. Antony's Vaisymbhagam | CMC Pallikkuttumma |
| 15 | S.H. Monastry, Gagultha | DM  Convent  Pongamoodu |
| 16 | St. Joseph's Kondackal | CMC Pazhavangady |

## Changancherry

| Sl. No. | Name of the Parish | Name of the Convent |
|---|---|---|
| 1 | St. Mary's Cathedral | SABS Koothrappally |
| 2 | S. H. Chethipuzha | SABS Anchal |
| 3 | St. George, Cheeramchira | SABS Mammodu |
| 4 | St. Gregorious,Kidangara | SABS L.F.Vazhappally |
| 5 | St. Mary's Kumaramkary | SABS Vazhappally |

| | | |
|---|---|---|
| 6 | St. Joseph's Laickadu | CSN Convent, Thiruvananthapuram |
| 7 | St. Antony's Paral | FDSHJ Perunna |
| 8 | St. Mary's Parel | SABS Morkulangara |
| 9 | St. Joseph's Veroor | MMM, Manimala |
| 10 | St. Josephs's Manackachira | CMC Chavara Bhavan Kainakary |
| 11 | Marth Mariam, Pulimukam | S. H Kumarakom |
| 12 | St. Antony's Perunna | OLG Convent, Pallikkunnu |
| 13 | St. Thomas Puzhavathu | FSAS Convent, Mannamthala |
| 14 | Holy Mary Vazhappally | S. H Kavalam |
| 15 | St. Antony's Vettithuruth | S H Convent Pangada |
| 16 | St.Sebastians Mahendrapuram | D.S.F.S Convent, Mammoodu |

**Edathua**

| Sl. No. | Name of the Parish | Name of the Convent |
|---|---|---|
| 1 | St. George.F. Edathua | CMC Pulincunnoo |
| 2 | St. Nicholas, Karumady | CMC Poonthope |
| 3 | St. Joseph's Karuvatta | CMC Thakazhy |
| 4 | Our lady of Dolours, Kelamangalam | CMC Thadiyoor |
| 5 | Holy Family, E. Mithrakary | CMC Nedumkunnam |
| 6 | St. Joseph's Koduppuna | CMC Thottackadu |
| 7 | St. George Muttar | CMC Arppookkara |
| 8 | St. Thomas Muttar | CMC Manganam |
| 9 | Immaculate Conception Muttar | SABS Mercy Home Amalagiri |
| 10 | St.Thomas Niranam | SABS Novitiate House Mammodu |
| 11 | Lourde Matha, Pacha | CMC Aikkarachira |
| 12 | Fathima Matha Pandy | CMC Aruvikuzhy |
| 13 | St. Xavier's Puthukkary | CMC Thazhathuvadakara |
| 14 | St.Rita's Thakazhy | SABS Amala Bhavan, Chry |
| 15 | St. Antony's Thayamkary | CMC Holy Family Mannanam |
| 16 | St. Joseph's Changamkary | DSFS Convent, Venganoor, TVM |
| 17 | St. Joseph's Koilmuck | MSHMC, Kottackappuram |
| 18 | Mary Matha Mariapuram | DSFS Convent,Vizhinjam |
| 19 | St. Mary's Ambalappuzha | CMC Lisieux Carmel, Ithithanam |
| 20 | Holy Family, Kariyil | SABS Kainady |
| 21 | St. Mary's Kumarapuram | S. H Arpookara |

| | | |
|---|---|---|
| 22 | St. Pious Xth Pandankary | SCJG Convent, Adoor |
| 23 | St.Alponsa Mavelikkara | C.M.C Nooranadu |

**Kollam**

| Sl. No. | Name of the Parish | Name of the Convent |
|---|---|---|
| 1 | Christu Raj, Ayoor | CMC Thiruvalla |
| 2 | St. Joseph's Anakkulam | FC Convent, Arumannoor |
| 3 | Mary Matha Anchal | FC Convent, St. Annes's Changanacherry |
| 4 | St. Mary's Ariyankavu | FCC Provincial House, Changanacherry |
| 5 | Nithya Sahaya Matha Chenkulam | FC Convent, Assissi Bhavan, Changanacherry |
| 6 | St. Sebastian's Cheriyavelinalloor | FC Convent, Ettumannor |
| 7 | Infant Jesus, Cherukadavu | FC Convent, Chunkappara |
| 8 | St.George, Edappalayam | FC Convent, Eravuchira |
| 9 | Nithya Sahaya Matha, Karavalloor | FC Convent Balika Bhavan, Fathimapuram |
| 10 | St. Thomas, Kollam | FC Convent, Kannady |
| 11 | St. Sebastian's,Kulathupuzha | FC Convent Lisieux Kavalam |
| 12 | Christ the King,Makkannoor | FC Convent St. Joseph's Kayalpuram |
| 13 | Lourde Matha, Meenkulam | FC Convent, Kidangara |
| 14 | St.Mary's, Narikkallu | FC Convent, Kolladu |
| 15 | St.Thomas, Pazheroor | Alphonsa Bhavan, Arpookara |
| 16 | St.Joseph's, Philgiri | FC Convent, Kurumabandom |
| 17 | S.H. Punalur | FC Convent,Jeevodaya,Kurumpanadom |
| 18 | St.George, Venchempu | FC Convent Sreekandamangalam |
| 19 | Mar Aprem, Pathanapuram | FC Convent, Kudamaloor |
| 20 | St.Thomas, Kottarackara | CMC Sanketham Ithithanam |
| 21 | Holy Crooss Rajakoop | FC Convent, Moncompu |

**Kottayam**

| Sl. No. | Name of the Parish | Name of the Convent |
|---|---|---|
| 1 | Lourde Kottayam | FDSHJ Convent Kumarakom Vadakkumkara |
| 2 | Lourde Matha, Aruvikuzhy | FDSHJ Convent Charamangalam |
| 3 | St. Sebastian's,Ayarkunnam | FDSHJ Convent Thottuvathala |
| 4 | Marth Mariam,Cheppumpara | FDSHJ Convent Veliyanadu Kesaria |
| 5 | Assumption, Eravinalloor | FDSHJ Convent Kumarankary |

| | | |
|---|---|---|
| 6 | L.F. Kolladu | FDSHJ Convent Punnamada |
| 7 | Mar Sleeva, Kooroppada | FDSHJ Convent Pullangady |
| 8 | Daiva Matha, Pampady | FDSHJ Convent Kandamkary |
| 9 | S.H. Pangada | S H Vaipur New |
| 10 | St. Antony's, Puthuppally | FDSHJ Convent Punnaveli |
| 11 | S.H. Thazhathangady | FDSHJ Convent Parel |
| 12 | St. Thomas, Vadavathoor | CMC Niranam |

**Kudamaloor**

| Sl. No. | Name of the Parish | Name of the Convent |
|---|---|---|
| 1 | St. Mary's Kudamaloor | S. D. Convent, Podippara |
| 2 | L.F. Arppookkara | S. D. Convent, Mercy Home,Chethipuzha |
| 3 | St.George Aikkarachira | S. D. Convent, Puthenangady |
| 4 | St. Antony's Cheepumkal | S. D. Convent, Kottangal |
| 5 | St.Francis De Sales Kiliroor | S. D. Convent, Nazarathu |
| 6 | Navanazarath Kumarakom | S. D. Convent, Manalady |
| 7 | St.Joseph's Mannanam | S. D. Convent, Kodinattukunnu |
| 8 | Bethlahem Parampuzha | S. D. Provincial House, Chethipuzha |
| 9 | St. Sebastians Chengalam | S. D. Convent, Thiruvananthapuram |
| 10 | St. Johns's Kumarakom | S. D. Convent, Kurumpanadom |
| 11 | St.Thomas Kumaranalloor | S. D. Convent, Palodu |
| 13 | Holy Family Kaippuzha | CMC Pangodu-Thiruvananthapuram |
| 14 | Holy Family Mudiyoorkkara | CMC Vimala Hostel, Chry |
| 15 | St. Xavier's Villoonni | CMC Pious Hostel, Chry |

**Kurumbanadom**

| Sl. No. | Name of the Parish | Name of the Convent |
|---|---|---|
| 1 | St.Antony's,Kurumpanadom | L.F. Generalate , Changanacherry |
| 2 | St.Mary's, Eravuchira | L.F. Convent, Kurichy |
| 3 | Assumption,Kurumpanadom | L.F. Convent, Pampady |
| 4 | L.F. Madappally | L.F. Convent, Mundathanam |
| 5 | Lourde Matha, Mammoodu | L.F. Convent, Lisieux Bhavan, Kollam |
| 6 | Holy Family, Mannila | SABS Vikasbhavan, Chry |
| 7 | S.H. Rajamattom | L.F. Convent, Vellayani |
| 8 | St. George, Thottackadu | SABS Kurichy |

## Manimala

| Sl. No. | Name of the Parish | Name of the Convent |
|---|---|---|
| 1 | Holy Magi , Manimala | DSJ Convent, Rajamattom |
| 2 | Little Flower, Chunkappara | S. H Sreekandamangalam |
| 3 | St. Mary's Kadayanickadu | OSS, Holy Spirit Sisters,Venchempu |
| 4 | St.James, Karikkattoor | SJC,Cluny Convent, Changanacherry |
| 5 | S.H. Karimpanakulam | SABS Vattappally, Chry |
| 6 | St. John's Kottangal | DSHJ Convent, Kudamaloor |
| 7 | Little Flower, Kulathoor | DSHJ Convent, Kiliroor |
| 8 | St. Basil's Manimala | LSC Convent , Manganam |
| 9 | St. Mary's Nirmalapuram | MSJ Convent, Pathanapuram |
| 10 | St. Thomas, Perumkavu | LSC Convent , Pallathuruthy |
| 11 | St. Mary's Vallamchira | St. Martha's Convent, Kumaranelloor |
| 12 | St. Antony's Alaprakkadu | LSC Convent , Kaithavana |

## Nedumkunnam

| Sl. No. | Name of the Parish | Name of the Convent |
|---|---|---|
| 1 | St. John Baptist Nedumkunnam | S. H. Parel |
| 2 | St. Antonys Anickadu | S. H Ariyankavu |
| 3 | St. Josephs Champakkara | S. H Ayoor |
| 4 | St. Josephs Ezhumattoor | S. H Vadavathoor |
| 5 | Lourde Matha Kallooppara | S. H Karikkattoor |
| 6 | St. Marys Koothrappally | S. H Karumady |
| 7 | St. Athanesious Mallappally | S. H Prayer House Karikkattor |
| 8 | St. Antonys Mundathanam | S. H Kottayam |
| 9 | St. Sebastians Panayampala | S. H Prethyashabhavan, Ktm |
| 10 | St. Josephs Vaipur New | S. H Kunnamkary |
| 11 | St. Marys Vaipur Old | S. H Mampuzhakkary |
| 12 | St. Antonys Mylady | S. H Kuchupuram |
| 13 | St. Sebastians Vettickapurayidom | S. H Muttar |
| 14 | St. Antonys Thadiyoor | S.H.Convent, Dalmukham |
| 15 | Fathima Matha Nedumanny | F.C.C Convent, Vadakkekara |
| 16 | St. Marys Pulickalkavala | S.H. Convent, Puthuppally |
| 17 | Little Flower Punnavely | S.H. Convent, Peroorkkada |
| 18 | L.M. Thazhathuvadakara | S.H. Convent, Mayam |

## Pulincunnoo

| Sl. No. | Name of the Parish | Name of the Convent |
|---|---|---|
| 1 | St.Mary's, Pulincunnoo | S.H Convent Nedumanny |
| 2 | St. Rita's Kannady | S.H Convent Vallamchira |
| 3 | St. Joseph's, Kannady | OMMI Convent Changanacherry |
| 4 | St.Theresa's Kavalam | S.H Convent Punalur |
| 5 | Lisieux, Kavalam | S.H Convent Punnathura |
| 6 | St. Joseph Kayalpuram | S.H Convent Thekkupara |
| 7 | Lourde Matha Mampuzhakary | SABS Puthukkary |
| 8 | St. Mary's Manalady | FDSHJ Convent Anickadu |
| 9 | St. Pious 10th, Moncompu | SABS Thayamkary |
| 10 | St.Xavier's, Mithrakary | SABS Ramankary |
| 11 | FathimaMatha, Pallikkoottumma | SABS Laikadu |
| 12 | St.Joseph's, Punnakkunnam | SJC, Cluny Convent Cheppumpara |
| 13 | St. Joseph's, Ramankary | FDSHJ Convent M R Home, Kottayam |
| 14 | St. Xavier's, Veliyanadu | MMS Convent Kottayam |
| 15 | St. Gregorious,Veliyanadu | MMS Convent Ithithanam |
| 16 | St. Joseph's, Veliyanadu | SABS Kulathor |
| 17 | St. Paul's Vezhapra | OMMI Convent Thellakom |

## Thiruvanathapuram

| Sl. No. | Name of the Parish | Name of the Convent |
|---|---|---|
| 1 | Mother Theresa Kannammoola | LWSH Convent, Panayampala |
| 2 | St. Joseph's Kariavattom | LWSH Convent, Kattachira |
| 3 | St. Alphonsa Pongummoodu | PCPA Convent, Chelakombu |
| 4 | S.H. Thiruvallam | S.H Chanjody |
| 5 | Lourde Forane, Thruvananthapuram | LSDP Convent, Kunnamthanam |
| 6 | Ranigiri, Mannamthala | LSDP Convent, Aruvikuzhy |
| 7 | St. Mary's Palode | LSDP Convent, Killy |
| 8 | Lourde Hill, Peroorkkada | LSDP Convent Gandhinagar |
| 9 | Emmavus, Sreekariyam | LSDP Convent, Kuttikonam |
| 10 | Holy Family, Thirumala | LSDP Convent, Keezhvaipur |
| 11 | SFS, Vattiyoorkkavu | LSDP Convent, Ayroor |
| 12 | All Saints, Vithura | S.H Amboory |
| 13 | St. Peter's Vizhinjam | SABS Fathimapuram |

| | | |
|---|---|---|
| 14 | St. Jude, Attingal | LWSH Convent, Parel |
| 15 | Nazarath, Kesavadhasapuram | SABS Karimpanakulam |
| 16 | Nirmala Bhavan, Kawdiar | LWSH Convent, Koduppuna |
| 17 | Little Flower, Vellayani | S. H Mudiyoorkara |
| 18 | Cicilipuram | CMC Ashabhavan, Ithithanam |

## Thrikodithanam

| Sl. No. | Name of the Parish | Name of the Convent |
|---|---|---|
| 1 | St. Xavier's Thrikodithanam | FC Convent,Mudiyoorkkara |
| 2 | Mar Sleeva, Adoor | FC Convent,Purackadu |
| 3 | Lourde Matha Ayroor | FC Convent,Puthuppally |
| 4 | St. Sebastian's Chanjody | FC Convent,Thekkekara |
| 5 | Mary Matha, Chengannoore | CMC Manimala |
| 6 | Fathima Matha,Fathimapuram | FC Convent,Vavodu |
| 7 | St. Sebastian's Kodinattukunnu | FC Convent,Vechuchira |
| 8 | St. Joseph's Kunnamthanam | FCC St. Anne's Convent,Veroor |
| 9 | St. Mary's Mundupalam | SJSM Provincial house, Angamaly |
| 10 | St. Mary's Nedumon | SJSM Convent, Venchempu |
| 11 | Lourde Matha, Paipadu | SJSM Convent, Changanacherry |
| 12 | St. Thomas Nalukodi | CMC Kottackapuram |
| 13 | St. Antony's Muthoor | S. H Vettimukal |
| 14 | Danahapally,Pandalam | SJSM Convent, Puthussery |

## Thuruthy

| Sl. No. | Name of the Parish | Name of the Convent |
|---|---|---|
| 1 | St. Mary's Thuruthy | Josephine Sisters, Villoonni |
| 2 | St. Mary's Ithithanam | S D P Convent, Puthuppally |
| 3 | St. Mary's Vadakkekara | Josephine Sisters, Ithithanam |
| 4 | St. Joseph's Kurichy | SABS Pulickalkavala |
| 5 | Holy family Podipara | Josephine Sisters, Lourdes Bhavan, Arpookara |
| 6 | Lourde Matha Era | Josephine Sisters, Santhibhavan, Arpookkara |
| 7 | St. Jude, Yuthapuram | S D P Convent, Vettimukal |
| 8 | St. Mary's Kainady | S D P Convent, Kudayampady |
| 9 | Holy Family Payattupakka | Josephine Sisters, Champakulam |
| 10 | St. Joseph's Kavalam | S D P Convent, Thrikodithanam |

# കാവുകാട്ടുപിതാവിന്റെ ആത്മീയപുത്രി

**റവ. സി. ജെയിൻ കൊട്ടാരം** CMC
(1935-2020)



മൂന്നു ദശാബ്ദം അസംപ്ഷൻ കോളേജിൽ പ്രൊഫസർ, വൈസ്-പ്രിൻസിപ്പൽ എന്നീ നിലകളിലും, റിട്ടയർമെന്റിനു ശേഷം മറ്റൊരു മൂന്നു ദശാബ്ദം ദൈവദാസൻ മാർ മാത്യു കാവുകാട്ടുപിതാവിന്റെ നാമകരണനടപടികളുടെ വൈസ് - പോസ്റ്റുലേറ്റർ എന്ന നിലയിലും സേവനമനുഷ്ഠിച്ചിരുന്ന റവ. സി. ജെയിൻ കൊട്ടാരം CMC - യുടെ ആകസ്മിക ദേഹവിയോഗം കർമ്മല സന്ന്യാസിനീസഭയെ മാത്രമല്ല, ചങ്ങനാശേരി അതിരൂപതയെയും വിശിഷ്യാ, കാവുകാട്ടുതിരുമേനിയെ സ്നേഹിക്കുകയും വണങ്ങുകയും ചെയ്യുന്ന സകല വിശ്വാസികളെയും കണ്ണീരിലാഴ്ത്തി. സന്ന്യാസജീവിതത്തിനും അദ്ധ്യാപക വൃത്തിയ്ക്കും ഉദാത്ത മാതൃകയായിരുന്ന ഈ സ്ത്രീരത്നം സഭയ്ക്കും സമൂഹത്തിനും ചെയ്ത നന്മകൾ നിരവധിയാണ്.

പുണ്യശ്ലോകനായ കാവുകാട്ടുപിതാവിനോടു ജെയ്നമ്മയ്ക്കുണ്ടായിരുന്ന ആത്മീയ അടുപ്പവും പിതാവിന്റെ നാമകരണനടപടികൾക്ക് സിസ്റ്റർ നൽകിയ നിസ്തുലമായ ശുശ്രൂഷയും തന്റെ 'ദൈവവിളിക്കുള്ളിലെ വിളി'യായി (call within a call) ജെയ്നമ്മ മനസ്സിലാക്കിയിരുന്നു. കാവുകാട്ടുപിതാവിന്റെ പുണ്യജീവിതം പ്രചരിപ്പിക്കുന്നത് തന്റെ ദ്വിതീയവിളിയായി സ്വീകരിച്ച സന്ന്യാസശ്രേഷ്ഠ യാണ് സി. ജെയിൻ കൊട്ടാരം. കാവുകാട്ടുതിരുമേനിയുടെ 116-ാം ജന്മദിന വാർഷികത്തിൽത്തന്നെ (ജൂലൈ 17) ജെയ്നമ്മ ഈ ലോകത്തോടു വിടപറഞ്ഞു എന്നത് ആ പുണ്യ പിതാവിനോടുള്ള അവരുടെ ആത്മീയ ഇഴയടുപ്പത്തിന്റെ അവസാന സാക്ഷ്യപത്രമാണ്.

1994 ജനുവരി 24 മുതൽ ഇന്നാൾവരെയും, സുദീർഘമായ 27 വർഷങ്ങൾ, കാവുകാട്ടുപിതാവിന്റെ നാമകരണ നടപടിയുടെ വൈസ് - പോസ്റ്റുലേറ്ററായി ജെയ്നമ്മ സേവനം ചെയ്തുവന്നു. ഈ കാലയളവിൽ ആറോളം വൈദികർ ഈ ഉത്തരവാദിത്വത്തിൽ സഹപ്രവർത്തകരായി - വൈസ് പോസ്റ്റുലേറ്ററായി - ശുശ്രൂഷ ചെയ്ത് സ്ഥലം മാറിപോയിട്ടുണ്ട്. എന്നാൽ, ജെയ്നമ്മ ഏകവും ഏകാഗ്രവുമായ മനസ്സോടെ, നിതാന്ത വിശ്വസ്തയോടെ ഈ ഉത്തരവാദിത്വം ഇക്കാലമത്രയും നിർവ്വഹിച്ചുപോന്നു. കാവുകാട്ടുപിതാവിനെക്കുറിച്ച് ജെയ്നമ്മ എഴുതിയ ലേഖനങ്ങളും പംക്തികളും നിരവധിയാണ്. ബഹു. ജേക്കബ് കാട്ടൂരച്ചനോടൊന്നിച്ച് കൈനിറയെ പുസ്തകങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ അവസാന വ്യാഴവട്ടക്കാലം, ബഹു. മാത്യു മറ്റത്തിലച്ചനോടൊപ്പംനിന്ന് കാവുകാട്ടു മ്യൂസിയത്തിനും നാമകരണ ഓഫീസിനും ജെയ്നമ്മ നേതൃത്വം ന ൽകിവന്നു.

കാവുകാട്ടുപിതാവിന്റെ ആത്മീയപുത്രിയായി അറിയപ്പെടുന്നതിൽ ജെയ്നമ്മ അഭിമാനിച്ചിരുന്നു. പിതാവിന്റെ പുണ്യജീവിതത്തെ സ്ഥിരീകരിക്കുംവിധം

ക്യാൻസറിൽനിന്ന് ഒരു അത്ഭുത രോഗസൗഖ്യവും പിതാവിന്റെ മാദ്ധ്യസ്ഥ്യംവഴി ജെയ്നമ്മയ്ക്കു ലഭിക്കുകയുണ്ടായി. ജെയ്നമ്മയുടെ മരണദിവസമായി ദൈവം നിശ്ചയിച്ചതാകട്ടെ, കാവുകാട്ടു പിതാവിന്റെ ജനനദിവസവും.


വെറും യാദൃശ്ചികമായി ഇതിനെ കാണാനാവില്ല. വിശ്വാസത്തിന്റെ കണ്ണുകളിൽമാത്രം ദർശിക്കേണ്ട ദൈവപരിപാലനത്തിന്റെ ആത്മീയരഹസ്യമാണിത്. ജെയ്നമ്മയുടെ സ്വർഗ്ഗീയയാത്രയിൽ നമുക്ക് യാത്രാമൊഴികൾ നൽകാം. ചങ്ങനാശേരി അതിരൂപതാകുടുംബം ഈ മഹതിയുടെ നന്മകളാൽ സമ്പന്നമാണ്, അവളുടെ സ്വർഗ്ഗീയ പ്രവേശനത്താൽ അതിലേറെ സമ്പന്നയായി ഭവിക്കും.

ജെയ്നമ്മയുടെ നിര്യാണത്തിൽ ദുഃഖാർത്തരായ കുടുംബാംഗങ്ങളെയും ശിഷ്യഗണത്തെയും സഭാസമൂഹത്തെയും അനുശോചനം അറിയിച്ചു കൊണ്ടും കാവുകാട്ടുപിതാവിന്റെ നാമകരണ നടപടികളുമായി ബന്ധപ്പെട്ട് ജെയ്നമ്മ ചങ്ങനാശേരി അതിരൂപതയ്ക്കു നൽകിയ നിസ്തുലമായ സേവനങ്ങളെ നന്ദിപുരസരം സ്മരിച്ചുകൊണ്ടും ഈ സ്ത്രീരത്നത്തിന് അന്തിമോപചാരം അർപ്പിക്കുന്നു.

**ഫാ. ജോസഫ് ആലഞ്ചേരി**

ദൈവദാസൻ മാർ മാത്യു കാവുകാട്ടുപിതാവിന്റെ
നാമകരണനടപടിയുടെ പോസ്റ്റുലേറ്റർ

17 ജൂലൈ 2020



## ദൈവദാസൻ മാത്യു കാവുകാട്ടു പിതാവിന്റെ 51-ാം ചരമവാർഷികം

ദൈവദാസൻ മാത്യു കാവുകാട്ടു പിതാവിന്റെ 51-ാം ചരമവാർഷികം ഒക്ടോബർ 9-ാം തീയതി ആചരിക്കുകയാണല്ലോ. കഴിഞ്ഞ വർഷത്തെപ്പോലുള്ള ആഘോഷങ്ങൾ നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ സർക്കാർ നിബന്ധനകൾ പാലിച്ചുകൊണ്ട് കബറിടപ്പള്ളിയിൽ പരി. കുർബാനയും മാദ്ധ്യസ്ഥ്യപ്രാർത്ഥനയും ഉണ്ടായിരിക്കും. നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരും പെ. ബ. ജനറാളച്ചന്മാരും പെ. റവ. വികാരിയച്ചനും ആയിരിക്കും കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുന്നത്. എല്ലാ കർമ്മങ്ങളും ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെ പ്രക്ഷേപണം ചെയ്യുന്നതാണ്. ഒക്ടോബർ 1 മുതൽ 8 വരെ കബറിടപ്പള്ളിയിൽ വൈകുന്നേരം 5:00 മണിക്ക് പരി. കുർബാനയും തുടർന്ന് മാദ്ധ്യസ്ഥ്യ പ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്. മാദ്ധ്യസ്ഥ്യ പ്രാർത്ഥനയ്ക്ക് ഓഫീസിൽ നിയോഗങ്ങൾ സമർപ്പിക്കാവുന്നതാണ്.

ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിക്കാര്യത്തിൽ നിന്നും
28-09-2020

**കൂടുതൽ വിവരങ്ങൾക്ക്:** റവ. ഫാ. മാത്യു മറ്റം, 9847660057

സ്നേഹമുള്ളവരേ,

കോവിഡ് 19 എന്ന പകർച്ചവ്യാധി നമ്മുടെ ആത്മീയ ജീവിതത്തെയും വിശ്വാസ പരിശീലന പ്രവർത്തനങ്ങളെയും സാരമായി ബാധിക്കാതിരിക്കുവാൻ നമുക്ക് കരുതലുള്ളവരാകാം. പരിമിതികൾ ഏറെ ഉണ്ടെങ്കിലും ഓൺലൈൻ വിശ്വാസപരിശീലന ക്ലാസ്സുകൾ കുട്ടികൾ കൃത്യമായി പങ്കെടുക്കുന്നു എന്നു ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കണമേ. കുട്ടികളെയും അവരുടെ മാതാപിതാക്കളെയും അതിനായ് പ്രോത്സാഹിപ്പിക്കണം എന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. പരിശുദ്ധ അമ്മയുടെ ജനനതിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ജെയ്മോൻ വടക്കേക്കളം**
*(അസി. ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**സെപ്റ്റംബർ**

| | | |
|---|---|---|
| 1 ചൊവ്വ | : | എട്ടുനോമ്പാരംഭം |
| 5 ശനി | : | വി. മദർ തെരേസ, ആഘോഷമായ റംശ |
| 6 ഞായർ | : | ഏലിയാ സ്ലീവാ മൂശേക്കാലങ്ങൾ 1-ാം ഞായർ, ക്ലാസ്സ് - 15 |
| 8 ചൊവ്വ | : | **പരി. കന്യകാമറിയത്തിന്റെ പിറവിതിരുനാൾ** |
| 13 ഞായർ | : | ഏലിയാ സ്ലീവാ മൂശേക്കാലങ്ങൾ 2-ാം ഞായർ, ക്ലാസ്സ് - 16 |
| 14 തിങ്കൾ | : | വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| 20 ഞായർ | : | ഏലിയാ സ്ലീവാ മൂശേക്കാലങ്ങൾ 3-ാം ഞായർ, ക്ലാസ്സ് - 17 |
| 27 ഞായർ | : | ഏലിയാ സ്ലീവാ മൂശേക്കാലങ്ങൾ 4-ാം ഞായർ, ക്ലാസ്സ് - 18 |

**ഒക്ടോബർ**

| | | |
|---|---|---|
| 1 വ്യാഴം | : | **വി. കൊച്ചുത്രേസ്യായുടെ തിരുനാൾ** |
| 4 ഞായർ | : | ഏലിയാ സ്ലീവാ മൂശേക്കാലങ്ങൾ 5-ാം ഞായർ, ക്ലാസ്സ് - 19<br>**സൺഡേസ്കൂൾ ഒന്നാം ടേം പരീക്ഷ** |
| 9 വെള്ളി | : | ദൈവദാസൻ മാർ മാത്യു കാവുകാട്ട് ചരമദിനം |

## ഈശോയുടെ അമ്മ എന്റെയും അമ്മ (സെപ്റ്റംബർ 1-8)

നമ്മുടെ ദൈവാലയങ്ങളിൽ പരി.കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടുന്ന പതിവാണല്ലോ ഉള്ളത്. ഇപ്രകാരം നടക്കുന്ന

തിരുക്കർമ്മങ്ങളിൽ സാധിക്കുന്ന എല്ലാ വിശ്വാസപരിശീലകരും കുട്ടികളും പങ്കെടുക്കുവാൻ പരിശ്രമിക്കേണ്ടതാണ്. അതോടൊപ്പം പരി. കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ അർത്ഥവത്തായി ആഘോഷിക്കുവാനും പരി. അമ്മയെ കൂടുതൽ അടുത്തറിയുവാനും സന്ദേശനിലയത്തിൽ നിന്നും സെപ്റ്റംബർ 1 മുതൽ 8 വരെ നല്കപ്പെടുന്ന **''ഈശോയുടെ അമ്മ എന്റെയും അമ്മ''** എന്ന പഠന പരമ്പരയിൽ സജീവമായി പങ്കെടുക്കാം. പഠന പരമ്പരയുടെ വീഡിയോകൾ എല്ലാ ദിവസവും സന്ദേശനിലയത്തിന്റെ വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ ലഭിക്കുന്നതായിരിക്കും.

## ഓൺലൈൻ വിശ്വാസപരിശീലനക്ലാസ്സുകൾ സെപ്റ്റംബർ 13, 20

സെപ്റ്റംബർ 7 ഞായറാഴ്ചയിലെ ക്ലാസ്സോടുകൂടി നമ്മുടെ ആദ്യത്തെ ടേമിലെ സിലബസുകൾ പൂർത്തിയാവുകയാണ്. സെപ്റ്റംബറിലെ ബാക്കിവരുന്ന 3 ഞായറാഴ്ചകളുടെ ക്രമീകരണങ്ങൾ താഴെപറയുന്ന വിധമാണ്.

**സെപ്റ്റംബർ 13,20** ഞായറാഴ്ചകളിൽ താഴെപ്പറയുന്ന വിഭാഗങ്ങൾക്കായി പൊതു വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ക്ലാസ്സുകളാണ് നല്കപ്പെടുന്നത്.

- 1-4 ക്ലാസ്സുകളിൽ - വിശുദ്ധി ലക്ഷ്യം വച്ചുള്ള ജീവിതശൈലി
- 5-7 ക്ലാസ്സുകളിൽ - ദൈവവിളി
- 8-9 ക്ലാസ്സുകളിൽ - ദൈവവചനം എന്റെ ജീവിതത്തിൽ
- 10-12 ക്ലാസ്സുകളിൽ - ക്രിസ്തീയ വിവാഹ ജീവിതത്തിന്റെ അനന്യതയും ക്രിസ്തീയ വിവാഹം നേരിടുന്ന വെല്ലുവിളികളും

**സെപ്റ്റംബർ 28 -** അതത് ക്ലാസ്സിലെ അധ്യാപകർ കുട്ടികൾക്കായി കഴിഞ്ഞ പാഠങ്ങളെ ആസ്പദമാക്കി സംശയനിവാരണവും മറ്റും നടത്തി പരീക്ഷയ്ക്കായി ഒരുക്കുക.

## ഓൺലൈൻ പരീക്ഷകൾ ഒക്ടോബർ 4

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സാധാരണ നടക്കുന്നതുപോലെയുള്ള പരീക്ഷകൾ സാധ്യമല്ലാത്തതിനാൽ കുട്ടികൾ ഇതുവരെ പഠിച്ച വിശ്വാസസത്യങ്ങളുടെ ബോധനം കുട്ടിയുടെ അനുദിന വിശ്വാസജീവിതത്തിൽ ഉണ്ടാക്കിയ സ്വാധീനങ്ങളും നേടിയ ബോധ്യങ്ങളും എന്തൊക്കെയാണെന്ന് അറിയുവാനും കൂടുതൽ ആഴത്തിൽ പതിപ്പിക്കാനുമുള്ള ഒരു തുടർ പ്രവർത്തനമായി എല്ലാവരും ഈ ക്രമീകരണത്തെ കാണണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

**നിർദ്ദേശങ്ങൾ**

1. പരീക്ഷ തീയതി ഒക്ടോബർ 4

2. വാട്സ് ആപ്പിൽ ഒക്ടോബർ 4ന് രാവിലെ 10.00 മണിക്ക് ചോദ്യങ്ങൾ അയച്ചുതരും. 3 മണിക്കൂറിനുള്ളിൽ കുട്ടികൾ ഉത്തരമെഴുതി ഫോട്ടോയെടുത്ത് അധ്യാപകർക്ക് അയച്ചു നല്കണം.

3. സാധ്യമാകുന്ന സ്ഥലങ്ങളിൽ ഇടവകയുടെ സാഹചര്യങ്ങളും കോവിഡ് 19-ന്റെ നിയന്ത്രണങ്ങളും അനുസരിച്ച് ഉത്തര പേപ്പർ നേരിട്ട് വാങ്ങിക്കുവാനുള്ള സംവിധാനവും ചെയ്യാവുന്നതാണ്. (ഉദാ. വാർഡ് കൂട്ടായ്മാ ലീഡേഴ്സ് വഴിയോ, യുവജനങ്ങൾ വഴിയോ, വിശ്വാസപരിശീലകർ നേരിട്ടോ ശേഖരിക്കാവുന്നതാണ്.)

4. കുട്ടികൾക്ക് പാഠപുസ്തകവും ബൈബിളും ഉപയോഗിച്ച് ഉത്തരങ്ങൾ തയ്യാറാക്കാം.

5. ഓൺലൈൻ സംവിധാനങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഇടവകയുടെ സാഹചര്യമനുസരിച്ച് വികാരിയച്ചനും വിശ്വാസപരിശീലകരും ചേർന്ന് ഉചിതമായ രീതിയിൽ പരീക്ഷകൾ നടത്താവുന്നതാണ്.

6. ഒന്ന് രണ്ട് ക്ലാസ്സുകളിലെ കുട്ടികളോട് അതത് ക്ലാസ്സിലെ അധ്യാപകർക്ക് വീഡിയോകളിലൂടെ ചോദ്യങ്ങൾ ചോദിച്ച് ഉത്തരം പറയിപ്പിക്കാവുന്നതാണ്. ഇതിനുള്ള സാഹചര്യം ഇല്ലാത്ത സ്ഥലങ്ങളിൽ അയച്ചുകൊടുക്കുന്ന ചോദ്യങ്ങൾ മാതാപിതാക്കൾ ചോദിക്കുകയും മാർക്കുകൾ അധ്യാപകർക്ക് അയച്ചു നല്കുകയും ചെയ്യാവുന്നതാണ്.

7. വർക്കുബുക്കുകൾ പൂർത്തിയാക്കിയവർക്ക് മാത്രം വർക്കുബുക്കിന്റെ മാർക്കുകൾ നല്കേണ്ടതാണ്.

## Ecos@Sandes

സന്ദേശനിലയം ആരംഭിച്ച ഓൺലൈൻ പോർട്ടൽ ആയ ecos@sandes-ൽ സൺഡേസ്കൂൾ ഡേറ്റകൾ അപ്പ്ഡേറ്റ് ചെയ്യുന്ന ജോലികൾ പുരോഗമിക്കുന്നു എന്നതിൽ സന്തോഷമുണ്ട്. എങ്കിലും ചില സൺഡേസ്കൂളുകൾ ആരംഭിച്ചിട്ടില്ല എന്നത് വേദനാജനകമാണ്. ഡേറ്റകൾ പകർത്തുന്ന സമയത്ത് നിങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകളും ഇനിയും ഇത് മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും സെപ്റ്റംബർ 15 നു മുമ്പായി സന്ദേശനിലയത്തിന്റെ മെയിൽ ഐഡിയിലേയ്ക്ക് അയയ്ക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. e-mail id : sandesanilayam@gmail.com

## സർവ്വീസ്ബുക്കുകൾ

ഒരു വർഷത്തെ സർവ്വീസ് പൂർത്തിയാക്കി ബി.സി.റ്റി. കോഴ്സിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുകയും സ്റ്റഡിസർക്കിൾ എഴുതി സന്ദേശനിലയത്തിൽ സമർപ്പിക്കുകയും ചെയ്യുന്നവർക്കാണ് സർവ്വീസ് ബുക്ക് ആരംഭിക്കുവാൻ സാധിക്കുക. മതാധ്യാപകരുടെ സർവ്വീസ് പരിഗണിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ സർവ്വീസ് ബുക്കിന് പകരമായി മറ്റു സർട്ടിഫിക്കറ്റുകൾ സന്ദേശനിലയത്തിൽ നിന്നും നല്കുന്നതല്ല. സർവ്വീസ്ബുക്കുകൾ സൺഡേസ്കൂളുകളിൽ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. നമ്മുടെ സൺഡേസ്കൂളിൽ സേവനം ചെയ്യുന്ന എല്ലാ വിശ്വാസപരിശീലകരും സർവ്വീസ് ബുക്കുകൾ ഈ വർഷം തന്നെ സ്വന്തമാക്കേണ്ടതാണ്.

## മത്സരവിജയികൾക്കുള്ള സമ്മാന വിതരണം നടത്തി

സന്ദേശനിലയം ഓൺലൈനിൽ സംഘടിപ്പിച്ച അതിരൂപതാ ചരിത്രപഠന ക്വിസിന്റെയും വാട്സ് ആപ്പിലൂടെ ക്രമീകരിച്ച മതാധ്യാപക പ്രസംഗമത്സര ത്തിന്റെയും ക്യാഷ് അവാർഡുകൾ ആഗസ്റ്റ് 28-ാം തീയതി ഉച്ചകഴിഞ്ഞ് 3.45ന് സന്ദേശനിലയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നല്കി.

## സ്വാഗതം

ആലപ്പുഴ ഫൊറോന സൺഡേസ്കൂൾ ഡയറക്ടറായി നിയമിതനായിരി ക്കുന്ന ഫാ. വർഗ്ഗീസ് പ്ലാംപറമ്പിലിന് അതിരൂപതാ സന്ദേശനിലയം കുടുംബ ത്തിന്റെ ഹൃദ്യമായ സ്വാഗതം.

## ആദരാഞ്ജലികൾ

അതിരൂപത മുൻ മതബോധന സെക്രട്ടറിയും, കതിരൊളി എഡിറ്ററും സന്ദേശ നിലയം ആദ്യകാല പ്രവർത്തകനുമായ ശ്രീ. ബേബൻ വെട്ടിക്കാടിന്റെയും തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന സൺഡേസ്കൂൾ അധ്യാപിക മോളി മേക്കരശ്ശേരിയുടെയും തെക്കേക്കര സെന്റ് ജെറോംസ് സൺഡേസ്കൂൾ അധ്യാപിക റ്റിൻസിമോൾ മാമ്പറമ്പിലിന്റെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മ ശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ചെറുപുഷ്പ മിഷൻലീഗ്
## CHERUPUSHPA MISSION LEAGUE

പ്രിയപ്പെട്ട കുഞ്ഞുമിഷനറിമാരെ,

നമ്മുടെ കൂട്ടായ്മകൾക്കും സംഘടനാ പ്രവർത്തനങ്ങൾക്കും ഒത്തിരിയേറെ പരിമിതികൾ ഈ കാലഘട്ടത്തിൽ ഉണ്ടെങ്കിലും ആഴമായ വിശ്വാസത്തോടെ പ്രതീക്ഷയോടെ നമുക്ക് മുന്നേറാം. പരിശുദ്ധ അമ്മയുടെ ജനനതിരുനാളിനുവേണ്ടി നമുക്ക് പ്രാർത്ഥിച്ച് ഒരുങ്ങാം. ബഹു. മാലിപ്പറമ്പിലച്ചന്റെ 22-ാം ചരമദിനത്തിൽ അദ്ദേഹത്തെ ഓർത്ത് പ്രാർത്ഥിക്കാം. 32-ാം അൽഫോൻസാ ആത്മീയ തീർത്ഥാടനത്തിൽ പങ്കെടുത്ത എല്ലാവരെയും നന്ദിയോടെ ഓർത്തുകൊണ്ടും പരിശുദ്ധ അമ്മയുടെ ജനനതിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ടും.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ജോൺ വടക്കേകളം**
*(അസി. ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**സെപ്റ്റംബർ**

1 ചൊവ്വ - **എട്ടുനോമ്പാരംഭം**
5 ശനി - കൽക്കട്ടയിലെ വി. മദർ തെരേസ, അധ്യാപകദിനം
8 ചൊവ്വ - **പരി.കന്യകാമറിയത്തിന്റെ പിറവിതിരുനാൾ**
9 ബുധൻ - ബഹു. ജോസഫ് മാലിപ്പറമ്പിലച്ചന്റെ 22-ാം ചരമദിനം
13 ഞായർ - **മഹാമിഷനറി വാട്സ്ആപ്പ് പ്രസംഗമത്സരം**
14 തിങ്കൾ - വി. കുരിശിന്റെ പുകഴ്ച
21 തിങ്കൾ - വി. മത്തായി ശ്ലീഹായുടെ തിരുനാൾ
29 ചൊവ്വ - വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖമാരുടെ തിരുനാൾ

**ഒക്ടോബർ**

1 വ്യാഴം - **വി. കൊച്ചുത്രേസ്യായുടെ തിരുനാൾ,** ദൈവവിളിദിനം, ദൈവവിളിയ്ക്കായി പ്രാർത്ഥിക്കുക
3 ശനി - മിഷൻലീഗ് 74-ാം ജന്മദിനം
4 ഞായർ - വി. ഫ്രാൻസിസ് അസ്സീസ്സിയുടെ തിരുനാൾ
9 വെള്ളി - ദൈവദാസൻ മാർ മാത്യു കാവുകാട്ട് ചരമദിനം

### മഹാമിഷനറി (വാട്സ്ആപ്പ് പ്രസംഗ മത്സരം)

ബഹു. മാലിപ്പറമ്പിലച്ചന്റെ 22-ാം ചരമവാർഷികത്തോടനുബന്ധിച്ച് മിഷൻലീഗിനെ സ്നേഹിക്കാൻ, സ്ഥാപക പിതാവിനെ അടുത്തറിയാൻ **''മഹാമിഷനറി''** എന്ന പേരിൽ വാട്സ്ആപ്പ് പ്രസംഗമത്സരം സെപ്റ്റംബർ 13-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്നു.

**പ്രസംഗ വിഷയം -**

**''മാലിപ്പറമ്പിലച്ചനിൽ വിളങ്ങിയിരുന്ന പ്രേഷിത തീക്ഷ്ണതയും ദൈവവിളി പ്രോത്സാഹനവും''**

**മത്സരത്തിന്റെ നിബന്ധനകൾ**

- സമയം - 3 മിനിറ്റ്
- സൺഡേസ്കൂളിലെ 5,6,7 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമേ ഈ മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. ശാഖാതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട 2 കുട്ടികളുടെ പ്രസംഗം (1 ആൺകുട്ടി, 1 പെൺകുട്ടി, എഡിറ്റ് ചെയ്യാതെ) വീഡിയോയാക്കി റെക്കോർഡ് ചെയ്ത് 13-ാം തീയതി വൈകുന്നേരം 6.00 മണിക്ക് മുമ്പായി 9496191104 എന്ന വാട്സ്ആപ്പ് നമ്പറിലേയ്ക്ക് അയയ്ക്കുക.
- എഡിറ്റ് ചെയ്ത അയയ്ക്കുന്ന വീഡിയോകൾ അയോഗ്യതയായി പരിഗണിക്കും. പ്രസംഗങ്ങൾ 3 മിനിറ്റിൽ കൂടാൻ പാടില്ല.
- ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും.

**സമ്മാനങ്ങൾ**

1-ാം സമ്മാനം - 2,000/-
2-ാം സമ്മാനം - 1500/-
3-ാം സമ്മാനം - 1000/-
കൂടാതെ 10 പേർക്ക് പ്രോത്സാഹനസമ്മാനങ്ങളും നല്കുന്നതാണ്.

## ബഹു. ജോസഫ് മാലിപ്പറമ്പിലച്ചൻ അനുസ്മരണം

ഈ വർഷത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് (കോവിഡ് 19) സംസ്ഥാന സമിതിയുടെ നിർദ്ദേശപ്രകാരം ഫാ. മാലിപ്പറമ്പിലനുസ്മരണം ക്രമീകരിക്കപ്പെടുന്നതാണ്.

## അൽഫോൻസാ തീർത്ഥാടനം

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ അൽഫോൻസാ ആത്മീയ തീർത്ഥാടനത്തിൽ എല്ലാവരും പങ്കുചേർന്നു എന്നു വിശ്വസിക്കട്ടെ. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ആഗസ്റ്റ് 1-ാം തീയതി രാവിലെ ആർപ്പൂക്കര മാലിപ്പറമ്പിലച്ചന്റെ കബറിടത്തിൽ ഒപ്പീസ്ചൊല്ലി പതാകപ്രയാണം നടത്തി അൽഫോൻസാമ്മയുടെ ജന്മഗൃഹത്തിലെത്തുകയും അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് വി.കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും ചെയ്തു. ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി, ഫാ. അനീഷ് കുടിലിൽ എന്നിവർ സഹകാർമ്മികരാവുകയും ചെയ്തു. ഓൺലൈനിലൂടെ ഈ തീർത്ഥാടനത്തിൽ പങ്കെടുക്കാനുള്ള അവസരവും നമുക്ക് ലഭിച്ചു. ഈ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കിയ എല്ലാവർക്കും നന്ദി.

## സ്വാഗതം

അതിരൂപത ചെറുപുഷ്പമിഷൻലീഗ് മേഖല ഫൊറോന ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന ഫാ. ഐസക് കൂലിപ്പറമ്പിൽ (ചങ്ങനാശ്ശേരി), ഫാ. വർഗ്ഗീസ് കൊച്ചുപറമ്പിൽ (എടത്വാ), ഫാ. വർഗ്ഗീസ് പ്ലാംപറമ്പിൽ (ആലപ്പുഴ) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതം.

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

പരി. കന്യാമറിയത്തിന്റെ പിറവിത്തിരുനാൾ ആശംസകൾ ഏവർക്കും ഹൃദയപൂർവ്വം നേരുന്നു. ലോകം മഹാമാരിയുടെ പിടിയിൽ അമർന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ഇന്ന് ഏറെ പ്രസക്തിയുണ്ട്. എട്ടുനോമ്പിന്റെ ദിവസങ്ങൾ ഇതിനായി നമുക്കു മാറ്റിവയ്ക്കാം. വചനത്തെ സ്വീകരിച്ച പരി. അമ്മയെപ്പോലെ ഈ നാളുകളിൽ തീക്ഷ്ണതയോടെ വചനംപഠിച്ച് നമുക്ക് ലോഗോസ്ക്വിസിനായി ഒരുങ്ങാം. ഈശോയോടു കൂടെ വസിക്കുവാൻ എട്ടുനോമ്പാചരണം കാരണമാകട്ടെ എന്നു സ്നേഹപൂർവ്വം ആശംസിക്കുകയും ചെയ്യുന്നു.

പ്രാർത്ഥനയോടെ

**ജെന്നിയച്ചൻ**

## വാർത്തകൾ - പ്രവർത്തനങ്ങൾ

### ലോഗോസ് ഓൺലൈൻ മാതൃകാ ക്വിസ്

ലോഗോസ് ഓൺലൈൻ മാതൃകാ ക്വിസ് ഓഗസ്റ്റ് 20 ന് നടത്തുകയുണ്ടായി. 290 പേർ പങ്കെടുത്തു. അടുത്ത മാതൃകാ ക്വിസ് സെപ്റ്റംബർ 19 ശനി 8:15 p.m. ന് നടത്തുന്നതാണ്.

### കുടുംബക്കൂട്ടായ്മാ സെൻട്രൽ കമ്മറ്റി സമ്മേളനം

2020 ഓഗസ്റ്റ് 20 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് കുടുംബക്കൂട്ടായ്മാ സെൻട്രൽകമ്മറ്റി സമ്മേളനം ഓൺലൈനായി നടത്തുകയുണ്ടായി. 25 പേർ പങ്കെടുത്തു. അതിരൂപതാ മഹായോഗത്തിൽ ചർച്ച ചെയ്യപ്പെടേണ്ട ഫ്രാൻസീസ് പാപ്പായുടെ ശ്ലൈഹിക പ്രബോധനമായ സ്നേഹത്തിന്റെ ആനന്ദം എന്ന പുസ്തകത്തെ ആസ്പദമാക്കിയാണ് ചർച്ച സംഘടിപ്പിച്ചത്. ഇതിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിയറിയിക്കുന്നു.

### നന്ദി

കഴിഞ്ഞ 9 വർഷക്കാലം കുടുംബക്കൂട്ടായ്മാ - ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളിൽ അക്കൗണ്ടന്റായി നിസ്തുലമായ സേവനം അർപ്പിച്ചതിനുശേഷം വിശ്രമത്തിനായി വിരമിച്ച റവ. സി. ആൻസി ASMI ക്ക് അതിരൂപതയുടെയും, വിവിധ ഇടവകകളിലെ കുടുംബക്കൂട്ടായ്മാ പ്രവർത്തകരുടെയും ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും പ്രാർത്ഥനാപൂർവ്വം നേരുന്നു. ബഹുമാനപ്പെട്ട സിസ്റ്ററിന്റെ സേവനകാലഘട്ടത്തിൽ അതിരൂപതയ്ക്കും വിവിധ ഇടവകകൾക്കും സിസ്റ്ററിലൂടെ ദൈവം നൽകിയ അനുഗ്രഹങ്ങളെയോർത്ത് ദൈവത്തിന് നന്ദിയർപ്പിക്കുകയും ചെയ്യുന്നു. തുടർന്നുള്ള ജീവിതത്തിൽ ആയുസ്സും ആരോഗ്യവും നൽകി ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

*ശേഷം പേജ് 40 ൽ.....»*

# ഫാമിലി അപ്പോസ്തലേറ്റ്
# FAMILY APOSTOLATE

പ്രിയരേ,

ഓണാശംസകൾ! ഓണം സമൃദ്ധിയുടെ ആഘോഷമാണ്. എന്നാൽ നിലവിലെ സാഹചര്യത്തിൽ യഥാർത്ഥത്തിൽ നമുക്ക് സമൃദ്ധിയൊട്ടില്ല താനും. പക്ഷെ സമൃദ്ധിയും സന്തോഷവുമൊക്കെ കാഴ്ചപ്പാടുകളുടെ വ്യത്യസ്തതയനുസരിച്ച് മാറിക്കൊണ്ടിരിക്കും. അതുകൊണ്ടാണല്ലോ ചിലർ ഇല്ലായ്മകളിൽ പോലും സന്തോഷത്തോടെയും മറ്റു ചിലർ സമ്പന്നത ഉണ്ടായിട്ടും പരിഭവത്തോടെയും ജീവിക്കുക. അതുകൊണ്ട് ഐശ്വര്യവും സമൃദ്ധിയും മനസ്സുകളിൽ നിറയട്ടെ.

സെപ്റ്റംബർമാസം മാതൃവേദിക്ക് ഏറെ പ്രാധാന്യമുള്ള മാസമാണ്. കാരണം മാതൃവേദിയുടെ ജന്മദിനം സെപ്റ്റംബർ 20-ാം തീയതിയാണ്. ഈ വർഷം പ്രത്യേകിച്ചും റൂബി ജൂബിലി ജന്മദിനമാണെന്നത് ഏറെ സന്തോഷം പകരുന്നു.

മാതൃവേദി സംഘടനയുടെ രൂപീകരണത്തിന്റെ ലക്ഷ്യം അവരുടെ മാതൃത്വത്തിന്റെ മഹനീയതയെക്കുറിച്ചുള്ള ബോധ്യമുറപ്പിക്കലാണ്. 1980 സെപ്റ്റംബർ 20-ാം തീയതി അഭിവന്ദ്യ കർദ്ദിനാൾ മാർ ആന്റണി പടിയറ പിതാവാണ് സംഘടനയാരംഭിച്ചത്. പുതുക്കിയ മെമ്പർഷിപ്പ് കാർഡുള്ള പതിനേഴായിരത്തോളം സജീവാംഗങ്ങളാണ് മാതൃവേദിയിലുള്ളത്. നിങ്ങളും മാതൃവേദിയംഗങ്ങളെന്ന നിലയിൽ അഭിമാനിക്കണം. അനേകം വീട്ടമ്മമാരുടെ അഭിമാനബോധത്തെ ഉണർത്തി കലാപരമായും ആത്മീയമായും ബൗദ്ധികപരമായും സാമൂഹികമായും ഉയരത്തിലെത്തിക്കാൻ മാതൃവേദി സംഘടനയ്ക്ക് സാധിച്ചിട്ടുണ്ട്. ഈ സംഘടനയെ നയിച്ച എല്ലാവരെയും ആദരവോടെ ഓർക്കുന്നു. ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ അനേകം പേരുടെ അദ്ധ്വാനമാണ് മാതൃജ്യോതിസ് എന്ന് ആദ്യം അറിയപ്പെട്ടിരുന്ന മാതൃവേദി സംഘടന. ആ സംഘടനയിൽ കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിച്ച് സംഘടനയെ നമുക്ക് ധീരതയോടെ നയിക്കാം. മാതൃവേദിയംഗങ്ങൾക്കെല്ലാവർക്കും ജന്മദിനത്തിന്റെ മംഗളങ്ങൾ നേരുന്നു.

സ്വർഗ്ഗീയ മദ്ധ്യസ്ഥയായ പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുന്നാളാണല്ലോ സെപ്റ്റംബർ 8. ഈ തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
**ഫാ ജോൺസൺ ചാലയ്ക്കൽ**
*(അസി. ഡയറക്ടർമാർ)*

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

## റിപ്പോർട്ട്

**1.** ആഗസ്റ്റ് മാസം ഫൊറോന-യൂണിറ്റുകളിൽ ഓരോ പ്രദേശത്തിന്റെയും സാഹചര്യം അനുസരിച്ച് മാർഗ്ഗരേഖയ്ക്ക് വിധേയമായി പ്രവർത്തനങ്ങളും കർമ്മപരിപാടികളും നടത്തപ്പെട്ടു.

### 2. ലിറ്റർജിക്കൽ ക്വിസ് മത്സരം - എൽറോയ് 2020

രണ്ടാം ഘട്ട മത്സരങ്ങൾ പൂർത്തിയായി. 24 ക്ലാസ്സുകൾ ഇതിനകം അംഗ

ങ്ങൾക്ക് അയച്ചുകൊടുത്തു. രണ്ടാം ഘട്ടത്തിൽ 40% ത്തിൽ കൂടുതൽ മാർക്ക് വാങ്ങിയവരുടെ ലിസ്റ്റും മാർക്കും പ്രസിദ്ധീകരിച്ചു. തുടർന്ന് എല്ലാം ഇടവകയിൽ നിന്നും പങ്കാളിത്തം ഉണ്ടാകണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

### 3. കിഡ്സ് ക്യാറ്റ്

വിശ്വാസപരിശീലനത്തിന്റെ ഭാഗമായി യൂട്യൂബ് വഴി കുട്ടികൾക്കുള്ള പരിശീലനപരിപാടികൾ ഞായറാഴ്ചകളിൽ നൽകുന്നു. ഇത് കാണാനും കേൾക്കാനും കുട്ടികൾക്ക് അവസരം ഒരുക്കുന്നു. ഇത് ഇടവകയിൽ പ്രചരിപ്പിക്കുവാൻ ആവശ്യമായ നേതൃത്വം ഇടവകയിലെ ഭാരവാഹികൾ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**4.** മാതൃവേദി റൂബി ജൂബിലി സമാപനസമ്മേളനം സെപ്റ്റംബർ 21-ാം തീയതി തിങ്കളാഴ്ച 2.30 മണിക്ക് മുൻനിശ്ചയപ്രകാരം അതിരൂപത കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്യും. ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും. സഹായമെത്രാൻ മാർ തോമസ് തറയിൽ മുഖ്യസന്ദേശം നൽകും. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് ഓരോ ഫൊറോനയിൽ നിന്നും അതിരൂപത ഭാരവാഹികളെ കൂടാതെ ആനിമേറ്റർ സിസ്റ്റർ, ഫൊറോന പ്രസിഡന്റ്, സെക്രട്ടറി എന്നീ മാതൃവേദി ഭാരവാഹികളാണ് സമ്മേളനത്തിൽ പങ്കെടുക്കേണ്ടത്. കൂടാതെ മാതൃവേദിയുടെ ജന്മദിനമായ 20-ാം തീയതി ഞായറാഴ്ച ലളിതമായിട്ട് എങ്കിലും യൂണിറ്റിലും ഫൊറോനയിലും റൂബി ജൂബിലി സമാപനസമ്മേളനം നടത്തേണ്ടതാണ്. വിശദമായ പരിപാടികൾ യഥാസമയം വാട്ട്സ്ആപ്പിലൂടെ അറിയിക്കുന്നതാണ്. അതിരൂപതയുടെ അംഗീകൃത യൂട്യൂബ് ചാനലായി മാക് ടി.വി.യിലൂടെ പ്രസ്തുത പ്രോഗ്രാം തൽസമയം കാണാവുന്നതാണ്.

**5.** മാതൃവേദി റൂബി ജൂബിലിയോട് അനുസരിച്ച് യൂണിറ്റുകൾ തയ്യാറാക്കുന്ന കൈഎഴുത്ത് മാസിക സെപ്റ്റംബർ 5-ാം തീയതിക്കകം അതിരൂപത കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. സമ്മാനങ്ങൾ 21-ാം തീയതി സമാപനസമ്മേളനത്തിൽ വിതരണം ചെയ്യുന്നതാണ്.

---

***ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ തുടർച്ച.....»***

## അറിയിപ്പുകൾ

### ലോഗോസ് ക്വിസ് - 2020

ലോഗോസ് ക്വിസ് മത്സരത്തിനുള്ള രജിസ്ട്രേഷൻ സെപ്റ്റംബർ 15 വരെ നീട്ടിയിട്ടുണ്ട്. നിരവധി ഇടവകകൾ ഇതിനോടകം രജിസ്ട്രേഷൻ നടത്തിക്കഴിഞ്ഞു. ഇനിയും രജിസ്ട്രർ ചെയ്യുവാനുള്ള ഇടവകകൾ എത്രയുംവേഗം ചെയ്യണമേ. ലോഗോസ് ക്വിസ് കോർഡിനേറ്റേഴ്സിന്റെ വാട്ട്സാപ്പ് ഗ്രൂപ്പിലൂടെ ആവശ്യമായ നിർദ്ദേശങ്ങളും സംശയ നിവാരണങ്ങളും യഥാസമയം നൽകുന്നതാണ്. ഈ വർഷത്തെ പരീക്ഷ മുൻ വർഷത്തിലേതുപോലെ ഡിസംബർ 27 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 3. 30 വരെ നടക്കുന്നതാണ്.

# യുവദീപ്തി – SMYM
## YUVADEEPTI-SMYM

### 1. ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി എസ്.എം.വൈ എം. 50 പി.പി.ഇ. കിറ്റ് വിതരണം ചെയ്തു

ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി എസ് എം വൈ എം കോവിഡ് മഹാ വ്യാധിയെ നേരിടാൻ പൊതുസമൂഹത്തെ സഹായിക്കുന്ന ആരോഗ്യ പ്രവർത്ത കർക്ക് ആദരസൂചകമായി 'ഉയിരുകാക്കുന്നോർക്കു ഉയിരേകാൻ സ്നേഹപൂർവ്വം യുവദീപ്തി' എന്ന പേരിൽ പി. പി. ഇ.കിറ്റുകൾ വിതരണം ചെയ്തു. വികാരി ജനറാൾ വെരി.റവ.ഫാ. ജോസഫ് വാണിയപ്പുരക്കൽ ചങ്ങനാശ്ശേരി ജനറൽ ആശു പത്രി സൂപ്രണ്ട് ഡോ. അജിത് കുമാറിന് പി. പി. ഇ. കിറ്റുകൾ കൈമാറികൊണ്ട് പദ്ധതി ഉദ്ഘാടനം ചെയ്തു. അതിരൂപതയിലെ വിവിധ യൂണിറ്റ്, ഫൊറോന നേതൃത്വങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്.

### 2. ചെല്ലാനം മേഖലയിൽ നല്ല അയൽക്കാരന്റെ മുഖവുമായി യുവദീപ്തി എസ്.എം.വൈ.എം

ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി എസ്.എം.വൈ.എം. കോവിഡ് വ്യാധി യിൽ ട്രിപ്പിൾ ലോക്ക്ഡൗണും കടലാക്രമണഭീഷണി മൂലം ക്ലേശം അനുഭവിക്കുന്ന ചെല്ലാനം തീരദേശമേഖലയിലെ ജനങ്ങൾക്ക് 'നല്ല അയൽക്കാരൻ' എന്ന പദ്ധതി യിലൂടെ ഒരു ലക്ഷം രൂപയുടെ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്തു. ചങ്ങനാ ശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം ആലപ്പുഴ രൂപത യുവജ്യോതി കെ.സി.വൈ.എം. സംഘത്തിന് ഭക്ഷ്യസാധങ്ങൾ കൈമാറി. യൂണിറ്റ്, ഫൊറോന നേതൃത്വങ്ങളുടെ പിന്തുണയോട് 'നല്ല അയൽ ക്കാരൻ' പദ്ധതിക്കായി സമാഹരിച്ചതിന്റെ ബാക്കി തുക ആലപ്പുഴ രൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ ജെയിംസ് ആനാംപറമ്പിലിന് കൈമാറി.

### 3. 'പ്രസ്ഥാനം എന്നിലൂടെ'

ചങ്ങനാശേരി അതിരൂപത യുവദീപ്തി SMYM ന്റെ 'പ്രസ്ഥാനം എന്നിലൂടെ' എന്ന ചരിത്രാനുഭവ യാത്ര ആഗസ്റ്റ് 07 മുതൽ ആരംഭിച്ചു. യുവജനപ്രസ്ഥാനത്തിന്റെ ഈ വർഷത്തെ അംഗത്വ ക്യാമ്പയിന്റെ ഭാഗമായി മുൻകാല പ്രവർത്തകരുടെ അനുഭവങ്ങൾ, അവരുടെ സംഭാവനകൾ അവർക്ക് പ്രസ്ഥാനത്തിലൂടെ ലഭിച്ച നന്മകൾ ഇവയെല്ലാം ഇവിടെ പങ്കുവെയ്ക്കപ്പെടുന്നു.

### 4. RAISE YOUR VOICE പ്രതിഷേധ കൂട്ടായ്മ

ക്രൈസ്തവസമുദായം നാളിതുവരെ നേരിട്ട് കൊണ്ടിരിക്കുന്ന അവഗണനകൾ, ഭരണകൂടങ്ങളുടെ നിഷേധാത്മക സമീപനങ്ങൾ തുറന്നുകാട്ടാൻ, ന്യൂനപക്ഷ സമുദായങ്ങൾക്ക് നൽകുന്ന അനുകൂല്യങ്ങളിൽ പോലും വ്യത്യസ്തമായ സമീപനം പുലർത്തുന്നതിനുമെതിരായി ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി SMYM പ്രതിഷേധ പരിപാടി Raise Your Voice സംഘടിപ്പിച്ചു. രാവിലെ 8 മണി മുതൽ

വൈകുന്നേരം 8 മണി വരെ നീണ്ടുനിന്ന 12 മണിക്കൂർ പ്രതിഷേധ പരിപാടിയിൽ യുവജനങ്ങൾ ഫേസ്ബുക്ക് ലൈവിലൂടെ ന്യൂനപക്ഷ അവകാശങ്ങൾക്കുവേണ്ടി സംസാരിച്ചു. ഈ പ്രതിഷേധ പരിപാടി കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിജോ പി. ബാബു ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി അതിരൂപതയിലെ യുവജനപ്രതിനിധികളും കേരള കത്തോലിക്ക യുവജന പ്രസ്ഥാനത്തിലെ യുവജന നേതാക്കന്മാരും ഈ പ്രതിഷേധ പരിപാടിയിൽ പങ്കെടുത്തു. ഏകദേശം എൺപ തോളം യുവജനങ്ങൾ ഫേസ്ബുക്ക് ലൈവിലൂടെ സംസാരിച്ചു.

## 5. Y VISION ഓൺലൈൻ ന്യൂസ് പോർട്ടൽ

യുവദീപ്തിയുടെ ഓൺലൈൻ വിപ്ലവത്തിൽ പുതിയ ഒരു അദ്ധ്യായംകൂടി. പ്രസ്ഥാനത്തിന്റെ യൂണിറ്റ്, ഫൊറോന, അതിരൂപത പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് ഓൺലൈൻ ന്യൂസ് ചാനൽ Y Vision തിരുവോണനാളിൽ ലോഞ്ച് ചെയ്യപ്പെടുന്നു.

## 6. ഇടയനോടൊപ്പം

ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി എസ്.എം.വൈ.എം ന്റെ നേതൃത്വത്തിൽ പതിനാറ് ഫൊറോനായിലെ യുവജനങ്ങളും അഭിവന്ദ്യ മാർ തോമസ് തറയിലുമായുള്ള ഓൺലൈൻ ചർച്ച പരിപാടി 'ഇടയനോടൊപ്പം' പുരോഗമിക്കുന്നു.

## 7. HELP DESK

വെള്ളപ്പൊക്ക ഭീക്ഷണിയിൽ ഭയപ്പെട്ടു കുട്ടനാട്ടിൽ നിന്നും ചങ്ങനാശ്ശേരിയിൽ എത്തിയവർക്ക് സ്നേഹത്തിന്റെ, കരുതലിന്റെ മുഖമായി മാറി യുവദീപ്തി എസ്.എം.വൈ.എം. ആ കാലയളവിൽ ചങ്ങനാശ്ശേരി ബോട്ട് ജെട്ടിയിൽ യുവദീപ്തിയുടെ ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചു.

## 8. കൊയ്നോനോസ്

ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി എസ്. എം. വൈ.എം. ന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 23 ന് എക്യുമെനിക്കൽ യുവജനസംഗമം "കൊയ്നോനോസ് 2020" നടത്തപ്പെട്ടു. മലങ്കര, ലത്തീൻ, ഓർത്തഡോക്സ്, യാക്കോബായ, ക്നാനായ, തുടങ്ങിയ വിവിധ സഭകളിൽ നിന്നായി നൂറോളം യുവജനങ്ങൾ സംഗമത്തിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി പ്രസിഡന്റ് ശ്രീ. ഷിജോ മാത്യു ഇടയാടി അധ്യക്ഷനായിരുന്ന ഓൺലൈൻ യുവജന സംഗമം ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. യാക്കോബായ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മോർ തിമോത്തിയോസ് പിതാവിന്റെയും മാർത്തോമാ യുവജനസഖ്യം പ്രസിഡന്റ് അഭിവന്ദ്യ തോമസ് മോർ തീത്തോസ് പിതാവിനെയും അനുഗ്രഹീത സാന്നിധ്യം സംഗമത്തിൽ ഉണ്ടായിരുന്നു. പ്രശസ്ത ഗായകനായ വൈദികൻ ഫാ. സെവേറിയോസ് തോമസ് മുഖ്യാതിഥിയായിരുന്നു.

*ശേഷം പേജ് 78 ൽ.....»*

## CHARITABLE ACTIVITIES 2019-2020

തുടർച്ച...

| | Parish/ Institution | Housing Project | Medical Aid | Marriage | Education | Agri./ Livestock | Food | Care homes | Miscella-neous | Total |
|---|---|---|---|---|---|---|---|---|---|---|
| 1 | Aux. Bishop Personal | | | | | | | | | |
| 2 | Chathanad | | 17082 | | | | 28365 | | 100500 | 145947 |
| 3 | Kaithavana | 252500 | 13000 | 2000 | 42000 | | 37370 | | 31000 | 377870 |
| 4 | Kavalam Lisieux | | 4000 | | 12000 | | 4500 | | 1500 | 22000 |
| 5 | Koothrapally | 394125 | 553505 | 6000 | 218615 | | 244800 | 196600 | 213800 | 1827445 |
| 6 | Muttar ICM | 425000 | 100000 | | | 5600 | | | 200000 | 730600 |
| 7 | Nalpathimala | 27951 | 44902 | | 9317 | | | | 397640 | 479810 |
| 8 | Rajagiri | 650000 | 5000 | | 90000 | | 27000 | 10000 | | 782000 |
| 9 | Sandesanilayam & CML | | | | | | | | 1385000 | 1385000 |
| 10 | Thathampally | | | | | | | | | |
| 11 | Thekkupara | 1500000 | 10000 | | 120000 | | 27300 | 10000 | | 1667300 |
| 12 | Thuruthy | 818077 | 113360 | | 497490 | | | | 100000 | 1528927 |
| | **Total** | **4067653** | **860849** | **8000** | **989422** | **5600** | **369335** | **216600** | **2429440** | **8946899** |

## ഉപവാസസമരം

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ഉപവാസ സമരം കേന്ദ്ര കാര്യാലയത്തിൽ നടന്നു.ഗ്ലോബൽ പ്രസിഡന്റ് ബിജു പറയനിലവും, സെക്രട്ടറി ജാൻസൺ ജോസഫ് ഉൾപ്പെടെയുള്ള ഭാരവാഹികൾ ഉപവസിച്ചു. ഉപവാസ സമരത്തിൽ അതിരൂപത പ്രസിഡന്റ് വർഗ്ഗീസ് അന്റണി, ജനറൽ സെക്രട്ടറി രാജേഷ് ജോൺ, ഗ്ലോബൽ വർക്കിംഗ് കമ്മറ്റി അംഗം തങ്കച്ചൻ പൊൻമാങ്കൽ, കോട്ടയം ഫൊറോനാ ജനറൽ സെക്രട്ടറി ജോബിൻ, ട്രഷറർ ചെറിയാൻ പാലത്തിങ്കൽ, എന്നിവർ അഭിവാദ്യമർപ്പിച്ചു പ്രസംഗിച്ചു.

## ഉപവാസസമരം 2020 Aug7

ചങ്ങനശേരി അതിരൂപത കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ കഴിഞ്ഞവർഷം കേന്ദ്ര ഗവർണമെന്റ് പാസാക്കിയ മുന്നോക്കക്കാരിലെ പിന്നോക്കകാർക്കുള്ള 10% സാമ്പത്തിക സംവരണം കേരളത്തിലും നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉപവാസ സമരം നടത്തി. മാർ ജയിംസ് കാളാശേരി മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തിയ ഏകദിന ഉപവാസ സമരം അതിരൂപതാ മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു, വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപുരയ്ക്കൽ മുഖ്യ സന്ദേശം നൽകി. അഭിവന്ദ്യമർപ്പിച്ചുകൊണ്ട് ശ്രീ.തോമസ് ചാഴികാടൻ MP, ശ്രീ. എൻ ജയരാജ് MLA നഗരസഭാ ചെയർമാൻ ശ്രീ. സാജൻ ഫ്രാൻസീസ്, അതിരൂപതാ വികാരി ജനറാൾ വെരി റവ. ഫാ. തോമസ് പാടിയത്ത് അതിരൂപതാ ഡയറക്ടർ അച്ചന്മാരായ ഫാ. ജയിംസ് കൊക്കാവയലിൽ, ഫാ. ജേക്കബ് ചക്കാത്ര, ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി, ഫാ. മനോജ് കറുകയിൽ, ഫാ. ജോസഫ് പനക്കേഴം എന്നിവർ സംസാരിച്ചു. ഓൺലൈനിൽ അഭിവാദ്യം അർപ്പിച്ച് ശ്രീ. ജോസ് കെ മാണി MP, ശ്രീ. സി. എഫ് തോമസ് MLA, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ MLA, കെസിബിസി പാസ്റ്റർ കൗൺസിൽ സെക്രട്ടറി അഡ്വ. ജോജി ചിറയിൽ, അതിരൂപതാ പാസ്റ്റർ സെക്രട്ടറി ഡോ. ഡൊമിനിക്ക് ജോസഫ്, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് ബിജു പറയനിലം, ജനറൽ സെക്രട്ടറി ടോണി പുഞ്ചക്കുന്നേൽ, ട്രഷറർ പി. ജെ പാപ്പച്ചൻ, സെക്രട്ടറി ബെന്നി ആന്റണി എന്നിവർ സംസാരിച്ചു. കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണി, ഡയറക്ടർ ഫാ. ജോസ് മുകളേൽ, ജനറൽ സെക്രട്ടറി രാജേഷ് ജോൺ, ട്രഷറർ സിബി മുക്കാടൻ, ഭാരവാഹികളായ സൈബി അക്കര, ബിജു സെബാസ്റ്റ്യൻ, ഷെയിൻ ജോസഫ്, എന്നിവർ ഉപവസിച്ചു. ഗ്ലോബൽ സെക്രട്ടറി ജാൻസൺ ജോസഫ്, അതിരൂപതാ ഭാരവാഹികളായ ബാബു വള്ളപ്പുര, പി. പി ജോസഫ്, തങ്കച്ചൻ പൊൻമാങ്കൽ, ജോർജുകുട്ടി മുക്കത്ത്, ജോയി പാറപ്പുറം, മാത്തുകുട്ടി മൂലയിൽ,

ജോഷി സെബാസ്റ്റ്യൻ, എന്നിവർ പ്രസംഗിച്ചു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് സമാപന സന്ദേശവും, ഉപവാസസമരം അവസാനിപ്പിച്ച് നാരങ്ങാനീരും നല്കി. ഉപവാസ സമരത്തിനു നേതൃത്വം നൽകിയവരെയും അതിന് പിന്തുണ നല്കിയവർക്കും സനേഹപൂർവ്വം നന്ദി അറിയിക്കുന്നു.

## സ്വാതന്ത്ര്യസ്മൃതി സംഗമം

കത്തോലിക്കാ കോൺഗ്രസ് അതിരൂപത സമിതിയുടെ നിർദേശപ്രകാരം വിവിധ യൂണിറ്റുകളിൽ സ്വാതന്ത്ര്യസ്മൃതി സംഗമം നടന്നു. സ്വാതന്ത്ര്യസ്മൃതി സംഗമത്തിന്റെ ഭാഗമായി ദേശീയ പതാക ഉയർത്തൽ, രാഷ്ട്രപുനരർപ്പണ പ്രതിജ്ഞ, സാമ്പത്തിക സംവരണം, പുതിയ വിദ്യാഭ്യാസ നയങ്ങളെക്കുറിച്ചുള്ള ക്ലാസ്സ് എന്നിവ സംഘടിപ്പിച്ചു. അതിരമ്പുഴ ഫൊറോനായിലെ വെട്ടിമുകൾ യൂണിറ്റ്, കോട്ടയം ഫൊറോനായിലെ കൂരോപ്പട, കൊല്ലാട് യൂണിറ്റുകൾ, നെടുംങ്കുന്നം ഫൊറോനായിലെ നെടുങ്കുന്നം സെന്റർ യൂണിറ്റ്, ചങ്ങനാശേരി ഫൊറോനായിലെ പാറേൽപള്ളി യൂണിറ്റ്, ചങ്ങനാശേരി കത്തീഡ്രൽ യൂണിറ്റ്, തുരുത്തി ഫൊറോനായിലെ വടക്കേക്കര യൂണിറ്റ്, എന്നിവിടങ്ങളിൽ അതിരൂപതാ, ഫൊറോനാ, യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

കത്തോലിക്കാ കോൺഗ്രസിന്റെ അതിരൂപതാ എക്സിക്യൂട്ടിവ് യോഗം 20/08/2020 ZOOM- ൽ നടന്നു.

## ഏകദിന ഉപവാസം 2020 ആഗസ്റ്റ് 24

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതി ആനുകൂല്യവിതരണത്തിലെ അശാസ്ത്രീയവും അനീതി നിറഞ്ഞതുമായ വിതരണക്രമം തിരുത്തുവാൻ സർക്കാർ തയ്യാറാകണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ഏകദിന ഉപവാസസമരം തിരുവനന്തപുരം ലൂർദ് കേന്ദ്രത്തിൽ നടത്തി. കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണി, ഡയറകടർ ഫാ. ജോസ് മുകളേൽ, ജനറൽ സെക്രട്ടറി രാജേഷ് ജോൺ, അതിരൂപതാ എക്സിക്യൂട്ടീവ് അംഗം ഷെയിൻ ജോസഫ്, തിരുവനന്തപുരം ഫൊറോനാ പ്രസിഡന്റ് ജേക്കബ് നിക്കോളാസ്, ഡിനിൽ എബ്രഹാം ജോമോൻ കാട്ടുപറമ്പിൽ എന്നിവർ ഉപവസിച്ചു. ഉപവാസ സമരം ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം വീഡീയോ കോൺഫറൻസിലൂടെ ഉത്ഘാടനം ചെയ്തു. ഫൊറോനാ വികാരി ഫാ. മോർളി കൈതപ്പറമ്പിൽ, ഫാ. ജോമോൻ കാക്കനാട്ട്, ഫാ. ആകാശ് ചീരഞ്ചിറ എന്നിവർ പ്രസംഗിച്ചു. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ പുതിയതായി മത്സര പരീക്ഷ കേന്ദ്രങ്ങൾആരംഭിക്കണമെന്നും അർഹരായ എല്ലാ അപേക്ഷകർക്കും പദ്ധതി ആനുകൂല്യങ്ങൾ വിതരണം ചെയ്യണമെന്നും കത്തോലിക്കാ കോൺഗ്രസ് ആവശ്യപ്പെട്ടു. എല്ലാ ജനവിഭാഗങ്ങൾക്കും തുല്യനീതിയും അവസരങ്ങളും ഉറപ്പാക്കാൻ ഭരണഘടനാ ബാദ്ധ്യതയുള്ള സർക്കാർ പ്രകടമായ അനീതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നും എല്ലാ ന്യൂനപക്ഷവിഭാഗങ്ങൾക്കും അർഹമായ പ്രാതിനിധ്യം ഉറപ്പാക്കണമെന്നും ഭാരവാഹികൾ ആവശ്യപ്പെട്ടു. അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറ

യിൽ സമാപന സന്ദേശം നൽകി. എല്ലാ ജനവിഭാഗങ്ങൾക്കും തുല്യനീതിയും അവസരങ്ങളും ഉറപ്പാക്കാൻ ഭരണഘടനാ ബാദ്ധ്യതയുള്ള സർക്കാർ ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിലനിൽക്കുന്ന അസമത്വം തിരിച്ചറിഞ്ഞ് സത്വര നടപടി സ്വീകരിക്കണമെന്നും മാർ തോമസ് തറയിൽ ആവശ്യപ്പെട്ടു. നീതി നടപ്പാക്കി കിട്ടുന്നതുവരെ സഹനസമരം തുടരുമെന്നും മാർ തോമസ് തറയിൽ പറഞ്ഞു. ഉപവാസസമരത്തിൽ കാഞ്ഞിരപ്പള്ളി രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി, അതിരൂപതാ കാർപ്പ് ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ട്രഷറർ ശ്രീ. പി.ജെ പാപ്പച്ചൻ, ഗ്ലോബൽ വൈസ് പ്രസിഡന്റ് അഡ്വ. പി.റ്റി. ചാക്കോ ഗ്ലോബൽ, സെക്രട്ടറി ജാൻസൺ ജോസഫ്, കാഞ്ഞിരപ്പള്ളി രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, വർക്കിംഗ് കമ്മറ്റി അംഗം ശ്രീ. ജയിംസ് പെരുമാക്കുന്നേൽ, മുൻ അതിരൂപതാ പ്രസിഡന്റ ടോമിച്ചൻ അയ്യരുകുളങ്ങര, അച്ചാമ്മ യോഹന്നാൻ, സാംസൺ പോൾ, സെബാസ്റ്റ്യൻ കെ. എം, ജോസഫ് റ്റി. എം എന്നിവർ വീഡിയോ കോൺഫറൻസിലൂടെ അഭിവാദ്യം അർപ്പിച്ചു സംസാരിച്ചു. MLA മാരായ ശ്രീ. റോഷി അഗസ്റ്റ്യൻ, ഡോ. N ജയരാജ് എന്നിവർ സമരപന്തലിൽ എത്തി പിന്തുണ അറിയിച്ച് സംസാരിച്ചു.

---

***യുവദീപ്തി-എസ്.എം.വൈ.എം തുടർച്ച.....»***

## 9. Justice For Maria

പാകിസ്ഥാനിൽ കടുത്ത മനുഷ്യാവകാശ നീതി നിഷേധത്തിന് വിധേയയായ മരിയ എന്ന പെൺകുട്ടിയുടെ വിഷയത്തിൽ പ്രതിഷേധിച്ച് ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി എസ്.എം.വൈ.എം ആഗസ്റ്റ് 18 ന് കരിദിനം ആചരിച്ചു. ഇതിന്റെ ഭാഗമായി രാവിലെ 10 മണി മുതൽ വൈകുന്നേരം 6:30 വരെ ചങ്ങനാശേരി അതിരൂപതയിലെ വനിതാ ഭാരവാഹികളും വനിതാ പ്രതിനിധികളും നീതിക്കുവേണ്ടിയും ഇത്തരം നീതി നിഷേധത്തെപ്പറ്റി ബോധവാന്മാരാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഫേസ്ബുക്ക് ലൈവിലൂടെ സംസാരിച്ചു. ഈ പ്രതിഷേധ പരിപാടി യുവ എഴുത്തുകാരി ശ്രീമതി ഷെറിൻ ചാക്കോ പീടികയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത യുവജനങ്ങൾ കണ്ണുമൂടി കെട്ടുകയും കയ്യിൽ justice for maria പ്ലക്കാർഡ് പിടിച്ചുകൊണ്ടുമുള്ള ചിത്രങ്ങൾ സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചു.

**10.** പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്ന കേന്ദ്ര സർക്കാരിന്റെ പുതിയ EIA നിയമ ഭേദഗതിക്കെതിരെ ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി എസ്.എം.വൈ.എം ശക്തമായി പ്രതികരിച്ചു. യുവജനങ്ങൾ ഇമെയിൽ അയച്ചുകൊണ്ട് ഈ പ്രതിഷേധത്തിൽ പങ്കുചേർന്നു. ഈ ഡ്രാഫ്റ്റ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അതിരൂപത സമിതി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയ സെക്രട്ടറി സി.കെ. മിശ്രക്ക് നിവേദനം നൽകി. ഈ പ്രതിഷേധത്തിന്റെ ഭാഗമായി ആഗസ്റ്റ് 30 ന് മരം നട്ടുകൊണ്ട് യുവജനങ്ങൾ പരിസ്ഥിതി സംരക്ഷണ സന്ദേശം പകർന്നു നൽകുകയാണ്.

**ഫാ. ജേക്കബ് ചക്കാത്ര**
ഡയറക്ടർ

# ചാസ്
# CHASS

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ഹൃദയം നിറഞ്ഞ തിരുവോണാശംസകൾ !!!**

മലയാളികളായ നമ്മൾ ഈ വർഷം വളരെ പ്രതികൂലമായ ഒരു സാഹചര്യത്തിലാണ് ഓണം ആഘോഷിക്കുന്നത്. കഴിഞ്ഞ ഏതാനും മാസങ്ങളായി കേരളം കോവിഡ്-19 മഹാമാരിയെ പ്രതിരോധിക്കാനുള്ള കഠിന പ്രയത്നത്തിലാണ്. അതോടൊപ്പം ആഗസ്റ്റ് രണ്ടാം വാരത്തിലുണ്ടായ പ്രളയസമാനമായ വെള്ളപ്പൊക്കം ദുരിതങ്ങളുടെ ആഴം വർദ്ധിപ്പിച്ചു. സാമ്പത്തികപ്രതിസന്ധി രൂഷമായിക്കൊണ്ടിരിക്കുന്നു. സ്വദേശത്തേയും വിദേശത്തേയും തൊഴിൽ നഷ്ടവും, കാർഷിക മേഖലയുടെ തകർച്ചയും വ്യവസായ-കച്ചവട മേഖലയിലുണ്ടായ തളർച്ചയും വലിയ സാമൂഹ്യ പ്രതിസന്ധി നമ്മുടെ സമൂഹത്തിൽ സൃഷ്ടിക്കുന്നുണ്ട്. ഇതിനെ അതിജീവിക്കാൻ നമുക്ക് കഴിയണം. 'ഹരിതസമൃദ്ധി' പദ്ധതി കൂടുതൽ വരുമാനം ഉറപ്പാക്കുന്ന സംരംഭങ്ങൾക്കുള്ള പിന്തുണയായി മാറ്റാൻ നമുക്ക് പരിശ്രമിക്കാം. തിരുവോണം വാഗ്ദാനം ചെയ്യുന്ന 'സമൃദ്ധി' സമൂഹത്തിന് ഉത്തേജനമാകട്ടെ.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
**ഫാ. ജോർജ്ജ് പനക്കേഴം**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

## 1. അതിരൂപതാ ഭവനനിർമ്മാണ പദ്ധതി 2020 ആഗസ്റ്റ്

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| കുട്ടമംഗലം | 1 | 2 | 30,000 |
| അറുന്നൂറ്റിൻപാടം | 1 | 2 | 50,000 |
| കിടങ്ങറ | 1 | 1 | 50,000 |
| കൈനകരി | 2 | 2 | 65,000 |
| ചമ്പക്കുളം | 2 | 2 | 65,000 |
| പുല്ലങ്ങടി | 2 | 2 | 45,000 |
| ചങ്ങംകരി | 1 | 3 | 40,000 |
| ഒന്നാംകര | 1 | 2 | 20,000 |
| പുഴവാത് | 1 | 2 | 50,000 |
| മായം | 3 | 2 | 1,50,000 |
| പച്ചക്കാട് | 1 | 2 | 40,000 |
| ആകെ | 16 | | 6,05,000 |

## 2. ചാസ് ഭവനനിർമ്മാണ പദ്ധതി 2020 ആഗസ്റ്റ്

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| വടക്കേഅമിച്ചകരി | 2 | 4 | 80,000 |
| മനയ്ക്കച്ചിറ | 1 | 1 | 1,00,000 |
| പള്ളാത്തുരുത്തി | 1 | 3 | 25,000 |
| മാമ്പുഴക്കരി | 1 | 4 | 25,000 |
| പടഹാരം | 1 | 5 | 5,000 |
| കിഴക്കേമിത്രക്കരി | 1 | 3 | 40,000 |
| ആകെ | 7 | | 2,75,000 |

## അറിയിപ്പുകൾ

### ഓണം ഖാദിഫെസ്റ്റ്

ഓണം ഖാദിഫെസ്റ്റിനോടനുബന്ധിച്ച് ചാസ് ഖാദി ഷോറൂമുകളിൽ ഖാദി ഉൽപ്പന്നങ്ങൾക്ക് സെപ്റ്റംബർ 19 വരെ 30% ഗവൺമെന്റ് റിബേറ്റ് ഉണ്ടായിരിക്കുന്നതാണ്. 3000 രൂപയ്ക്കുമുകളിൽ റെഡി കാഷ് പർച്ചേഴ്സ് ചെയ്യുന്നവർക്ക് 5% സ്പെഷ്യൽ റിബേറ്റും ഉണ്ടായിരിക്കും. സർക്കാർ, അർദ്ധസർക്കാർ, അദ്ധ്യാപക-അനദ്ധ്യാപക, ബാങ്ക് ജീവനക്കാർ, ഡോക്ടേഴ്സ്, നേഴ്സസ്, കോർപറേറ്റ് ജീവനക്കാർ എന്നിവർക്ക് 50,000/- രൂപ വരെ തവണവ്യവസ്ഥയിലും ഉൽപ്പന്നങ്ങൾ ലഭ്യമാണ്.

### ഏത്തവാഴ വിത്ത് വിതരണം

ചാസ് ഹരിതസമൃദ്ധി പദ്ധതിയുടെ ഭാഗമായി നല്ലയിനം ഏത്തവാഴ വിത്തുകൾ ചാസിൽ നിന്നും ലഭ്യമാക്കുന്നു. വിത്ത് ഒന്നിന് 15 രൂപ നിരക്കിൽ ഓർഡർ അനുസരിച്ച് സെപ്റ്റംബർ ആദ്യവാരം യൂണിറ്റുകളിൽ എത്തിക്കുന്നതാണ്. ആവശ്യമുള്ളവർ യൂണിറ്റുകളിൽ പണമടച്ച് സെപ്റ്റംബർ 2 നകം പേര് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് മേഖലാ കോ-ഓർഡിനേറ്ററുമായി യൂണിറ്റ് ഭാരവാഹികൾ ബന്ധപ്പെടണം.

### പച്ചക്കറി വിത്ത് വിതരണം

മഴയിലും വെള്ളപ്പൊക്കത്തിലും പച്ചക്കറികൃഷി നശിച്ചുപോയ സ്വാശ്രയ സംഘാംഗങ്ങൾക്കും ഫാർമേഴ്സ് ക്ലബ് അംഗങ്ങൾക്കും ചാസ് ഹരിതസമൃദ്ധി പദ്ധതിയിൽ പച്ചക്കറിവിത്ത് സൗജന്യമായി വിതരണം ചെയ്യുന്നു. വെണ്ട, പയർ, പാവൽ, ചീര, വഴുതന, പച്ചമുളക്, പടവലം എന്നിവയുടെ വിത്തുകളാണ് പ്രാദേശിക യൂണിറ്റുകൾവഴി വിതരണത്തിന് തയ്യാറാക്കിയിരിക്കുന്നത്. യൂണിറ്റിൽ പേര് രജിസ്റ്റർ ചെയ്യുക.

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2020 ആഗസ്റ്റ് മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ.

## (1)SHG മരണാനന്തര സഹായം

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 468. എൽസമ്മ സേവ്യർ | ദീപം | കിഴക്കേമിത്രക്കരി | എടത്വാ |
| 469. വൽസമ്മ ജോസഫ് | ഒരുമ | ആറുമാനൂർ | അതിരമ്പുഴ |
| 470. കെ.എസ്. സെബാസ്റ്റ്യൻ | ഒരുമ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 471. ബഷീർ പി.എ. | കൃപാസനം | ആറാട്ടുവഴി | ആലപ്പുഴ |
| 472. ത്രേസ്യാമ്മ സെബാസ്റ്റ്യൻ | ജ്യോതിസ് | കരുവാറ്റ | എടത്വാ |
| 473. ലത മൈക്കിൾ | സഹൃദയ | പാറേക്കടവ് | ചങ്ങനാശ്ശേരി |
| 474. മേരി ജോസഫ് | കരുണ | വെട്ടിമുകൾ | അതിരമ്പുഴ |
| 475. സതി രാജു | ഏയ്ഞ്ചൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 476. ദേവസ്യ എം. ജെ. | നവജ്യോതി | ഇത്തിത്താനം | തുരുത്തി |
| 477. കുഞ്ഞുമോൾ ദേവസ്യാ | ആശാജീവൻ | ചീപ്പുങ്കൽ | കുടമാളൂർ |
| 478. ഫിലിപ്പ് ആന്റണി | തേജസ് | ഇത്തിത്താനം | തുരുത്തി |
| 479. കുഞ്ഞുമോൻ ചാക്കോ | യുവശക്തി | പച്ച | എടത്വാ |

## (2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം

- **മരണാനന്തരസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 398. വർഗ്ഗീസ് ജോസഫ്, പാലമുറി | പാറേൽ | ചങ്ങനാശ്ശേരി |
| 399. മേരിക്കുട്ടി ജോസഫ്, മരങ്ങാട്ട് | ളായിക്കാട് | ചങ്ങനാശ്ശേരി |
| 400. സാവിത്രി വി.റ്റി. വലിയകാലായിൽ | ചമ്പക്കര | നെടുംകുന്നം |

## (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽ നിന്നും 2020 ആഗസ്റ്റ് മാസം 11,000/- രൂപയുടെ ചികിത്സാസഹായം അനുവദിച്ചു.

## (4) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2020 ആഗസ്റ്റ് മാസം 2 കുടുംബങ്ങൾക്ക് ചികിത്സാ ചെലവിനത്തിൽ 12,250/- രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|
| 1. എലിസബത്ത് മത്തായി, ഓടേറ്റിൽ | വെരൂർ | 6,000 |
| 2. മാത്യു സെബാസ്റ്റ്യൻ, മുരിയങ്കാവുങ്കൽ | കുറുമ്പനാടം | 6,250 |

## (5) സേവ് എ ഫാമിലി പ്ലാൻ (SAFP)

**a)** 2020 ആഗസ്റ്റ് മാസം 26 കുടുബങ്ങൾക്ക് 3,20,432/- രൂപ സഹായധനം അനുവദിച്ചു.

**b)** സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിലേയ്ക്ക് കുട്ടനാട്, ചങ്ങനാശ്ശേരി, അതിരമ്പുഴ മേഖലകളിൽനിന്നും 46 കുടുംബങ്ങളെ പുതുതായി തെരഞ്ഞെടുത്തു.

| *യൂണിറ്റ്* | *കുടുംബങ്ങൾ* | *യൂണിറ്റ്* | *കുടുംബങ്ങൾ* |
|---|---|---|---|
| ചമ്പക്കര | 2 | നെടുമണ്ണി | 1 |
| നെടുംകുന്നം | 1 | നാലുകോടി | 2 |
| മാടപ്പള്ളി | 4 | മാന്നില | 1 |
| വള്ളംചിറ | 2 | കുമരംകരി | 1 |
| ചെത്തിപ്പുഴ | 1 | മരിയാപുരം | 1 |
| എടത്വാ | 1 | വടക്കേഅമിച്ചകരി | 1 |
| ചേന്നംകരി | 2 | മങ്കൊമ്പ് തെക്കേക്കര | 1 |
| പുല്ലങ്ങടി | 5 | ചമ്പക്കുളം | 3 |
| കൊണ്ടാക്കൽ | 4 | പുതുക്കരി | 1 |
| അതിരമ്പുഴ ലിസ്യു | 3 | ഏറ്റുമാനൂർ | 3 |
| വെട്ടിമുകൾ | 4 | കുടമാളൂർ | 2 |

## (6) അഗാപ്പേ വിദ്യാഭ്യാസ സഹായ പദ്ധതി

ജർമ്മനിയിലെ Christus Koenig Kirche, Gemen Borken ന്റെ സഹായത്തോടെ ഉന്നത പഠനത്തിന് 11 വിദ്യാർത്ഥികൾക്ക് ആഗസ്റ്റ് 21 വെള്ളിയാഴ്ച 2,81,500/- രൂപയുടെ സഹായവിതരണം ചെയ്തു.

## കേന്ദ്ര വാർത്തകൾ

## A. കോവിഡ് പ്രതിരോധ സേന 'സമരിറ്റൻസ് ചങ്ങനാശ്ശേരി' പ്രവർത്തനം ആരംഭിച്ചു

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി, ചങ്ങനാശ്ശേരി അതിരൂപത യുടെ നേതൃത്വത്തിൽ ജൂലൈ 26 ന് 'സമരിറ്റൻസ് ചങ്ങനാശ്ശേരി' എന്ന പേരിൽ യുവദീപ്തി എസ്.എം.വൈ.എം., എ.കെ.സി.സി., ചാസ് തുടങ്ങിയ പ്രസ്ഥാനങ്ങ ളുടെ കൂട്ടായ സഹകരണത്തോടെ 248 അംഗങ്ങളുള്ള സന്നദ്ധസേനയ്ക്ക് രൂപം നൽകി. സംസ്ഥാന സർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യവകുപ്പുമായി സഹകരിച്ച് സമരിറ്റൻസ് അതിരൂപതാ തിർത്തിയിലുള്ള കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തും.

### (A.1) 'സമരിറ്റൻസ് ചങ്ങനാശ്ശേരി' ജില്ലാതല പരിശീലന പരിപാടികൾ

'സമരിറ്റൻസ് ചങ്ങനാശ്ശേരി' യുടെ ആലപ്പുഴ ജില്ലാതല പരിശീലനം ജൂലൈ 29 -ാം തീയതി ബുധനാഴ്ച ഗൂഗിൾ മീറ്റിലൂടെ സംഘടിപ്പിച്ചു. ആലപ്പുഴ ജില്ല മെഡിക്കൽ ഓഫീസിന്റെ നേതൃത്വത്തിൽ അണുബാധ നിയന്ത്രണ പ്രവർത്ത നങ്ങൾ, കോവിഡ് ബാധിച്ച് മരണപ്പെടുന്നവരുടെ മൃതശരീരം കൈകാര്യം ചെയ്യുന്ന വിധം, മൃതസംസ്കാരം തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കി ശ്രീ. ദീപു എൻ ക്ലാസ് നയിച്ചു. ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ആമുഖസന്ദേശം നൽകി.

'സമരിറ്റൻസ് ചങ്ങനാശ്ശേരി' കോട്ടയം ജില്ലാതല പരിശീലനം ആഗസ്റ്റ് 6-ാം തീയതി വ്യാഴാഴ്ച ഗൂഗിൾ മീറ്റിലൂടെ സംഘടിപ്പിച്ചു. കോട്ടയം DMO ഓഫീസിന്റെ നേതൃത്വത്തിൽ കോവിഡ് ബാധിച്ച് മരണമടയുന്നവരുടെ മൃത

ശരീരം കൈകാര്യം ചെയ്യേണ്ടവിധം, മൃതസംസ്ക്കാരം, ടെർമിനൽ കെയർ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ആരോഗ്യവകുപ്പ് ജൂണിയർ കൺസൾട്ടന്റ് & ട്രയിനർ ശ്രീമതി ഡിനു എം. ജോയി ക്ലാസ് നയിച്ചു. വൈദികരും സിസ്റ്റേഴ്സും ഉൾപ്പടെ 60 സന്നദ്ധസേന പ്രവർത്തകർ പരിപാടിയിൽ പങ്കെടുത്തു. ഡോക്ടർ അനിത (Deputy DMO, കോട്ടയം), ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

### (A.2) 'സമരിറ്റൻസ് ചങ്ങനാശ്ശേരി' ട്രെയ്നേഴ്സ് ട്രെയിനിങ് പ്രോഗ്രാം

കോവിഡ്-19 പ്രതിരോധ സേന 'സമരിറ്റൻസ് ചങ്ങനാശ്ശേരി' അംഗങ്ങൾക്ക് ആർച്ചുബിഷപ്പ്സ് ഹൗസിൽ ജൂലൈ 12 ന് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം സംഘടിപ്പിച്ചു. അതിരൂപതാംഗങ്ങളായ വൈദികരും സിസ്റ്റേഴ്സും യുവജനങ്ങളുമടങ്ങുന്ന സന്നദ്ധസേനയിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട ഇരുപത് അംഗങ്ങൾക്ക് കോവിഡ്-19 പ്രോട്ടോക്കോൾ അനുസരിച്ച് കോവിഡ് രോഗികളുടെ പരിചരണം, പി.പി.ഇ. കിറ്റ് ഉപയോഗം, മൃതദേഹസംസ്ക്കാരം തുടങ്ങിയ വിഷയങ്ങളിൽ ആരോഗ്യവകുപ്പ് ജൂണിയർ കൺസൾട്ടന്റ് & ട്രയിനർ ശ്രീമതി ഡിനു എം. ജോയി പരിശീലനം നൽകി. ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, ഫാ. ജോസ് മുകളേൽ, ഫാ. ജേക്കബ് ചക്കാത്ര എന്നിവർ നേതൃത്വം നൽകി.

### (A.3) കോവിഡ്-19 സാമൂഹ്യ ബോധവത്ക്കരണം

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ട സുരക്ഷാ മാർഗ്ഗങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിന് ഇറ്റാലിയൻ ബിഷപ്സ് കോൺഫ്രൻസുമായി സഹകരിച്ച് 50000 കുടുംബങ്ങളിൽ ബ്രോഷറുകൾ വിതരണം ചെയ്തു. അതിരൂപതയിലെ പള്ളികളിലും സ്ഥാപനങ്ങളിലും, പൊതുസ്ഥലങ്ങളിലും കോവിഡ്-19 പ്രതിരോധമാർഗ്ഗങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ പതിച്ചു. ഏറ്റുമാനൂർ, മണിമല, എടത്വാ, പാറേൽ, പഴവങ്ങാടി തുടങ്ങിയ കേന്ദ്രങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട 55 ഇടവകകളിലും കോവിഡ് പ്രതിരോധ മാർഗ്ഗങ്ങൾ വിവരിക്കുന്ന ബോർഡുകൾ സ്ഥാപിച്ചു.

### (A.4) കമ്മ്യൂണിറ്റി റേഡിയോ-ബോധവത്ക്കരണം

റേഡിയോ മീഡിയാ വില്ലേജ്, റേഡിയോ നെയ്തൽ ആലപ്പുഴ എന്നീ കമ്മ്യൂണിറ്റി റേഡിയോകളിലൂടെ കോവിഡ് 19 പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് ബോധവത്ക്കരണം ആഗസ്റ്റ് 15 മുതൽ നൽകിത്തുടങ്ങി.

## B. 2020 വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനം

### (B.1) വെള്ളപ്പൊക്ക മേഖലയിൽ ബ്രഡും പാലും വിതരണം ചെയ്തു

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെയും, മലനാട് ഡെവലപ്മെന്റ് സൊസൈറ്റിയുടെയും സഹകരണത്തോടെ ചാസിന്റെ നേതൃത്വത്തിൽ മനയ്ക്കച്ചിറ, വില്ലൂന്നി, ഫാത്തിമാപുരം, ആർപ്പൂക്കര, കിളിരൂർ, കുമരകംവടക്കുംകര എന്നീ യൂണിറ്റുകളിലെ 1000 കുടുംബങ്ങൾക്ക് ചാസിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 11, 12 തീയതികളിൽ ബ്രഡും പാലും വിതരണം ചെയ്തു.

### (B.2) മടവീണു നശിച്ച പാടശേഖരങ്ങൾ ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം സന്ദർശിച്ചു

പ്രളയസമാനമായ വെള്ളപ്പൊക്കത്തിൽ മടവീണും ബണ്ടുകവിഞ്ഞു കയറിയും കൃഷിനശിച്ച കുട്ടനാട്ടിലെ പാടശേഖരങ്ങൾ ആഗസ്റ്റ് 19 ന് ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം സന്ദർശിച്ചു. 30 മുതൽ 80 വരെ ദിവസങ്ങൾ പ്രായമായ ആയിരക്കണക്കിന് ഏക്കർ പാടശേഖരങ്ങളിലെ നെൽചെടികളാണ് കുട്ടനാട്ടിൽ നശിച്ചത്. വായ്പയെടുത്തും പണയംവച്ചും ഏക്കറിന് 60,000/- രൂപ വരെ ചെലവഴിച്ചു കൃഷിയിറിക്കിയ കർഷകർക്കു അർഹമായ നഷ്ടപരിഹാരം നൽകാൻ സർക്കാർ സന്നദ്ധമാകണമെന്ന് അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടു. ലക്ഷക്കണക്കിന് രൂപാ മുടക്കി മടകുത്തി വെള്ളം വറ്റിക്കാനുള്ള കഴിവ് ഇന്ന് കർഷകർക്കില്ല. അടിയന്തിരമായി അതിനുള്ള നടപടികൾ കൈക്കൊള്ളാൻ സർക്കാർ സന്നദ്ധമാകണം. ദുരിതാശ്വാസ സഹായമല്ല സുസ്ഥിരമായ വികസന പദ്ധതികളാണ് കുട്ടനാടൻ ജനതക്കാവശ്യം. ആറുകളിലും തോടുകളിലും വേമ്പനാട്ടുകായലിലും അടിഞ്ഞിരിക്കുന്ന എക്കൽ നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കണമെന്നും അതുപയോഗിച്ചു പുറംബണ്ടുകൾ ബലപ്പെടുത്തണമെന്നും AC കനാൽ പള്ളാത്തുരുത്തി വരെ തുറക്കണമെന്നുമുള്ള പതിറ്റാണ്ടുകളായുള്ള കുട്ടനാട്ടുകാരുടെ ആവശ്യത്തോട് നിഷേധാത്മക നിലപാട് സ്വീകരിക്കുന്ന നയം അംഗീകരിക്കാനാവില്ല. വാഗ്ദാനങ്ങളല്ല ക്രിയാത്മകമായ നടപടികളാണ് വേണ്ടത്. നാളിതുവരെ സർക്കാരിന്റെ ഒരു പ്രതിനിധിപോലും കുട്ടനാട് സന്ദർശിച്ചില്ല എന്നത് ഒരു ജനവിഭാഗത്തോടുള്ള സർക്കാരിന്റെ അവഗണനയും അനീതിയുമാണെന്നും ആർച്ചുബിഷപ്പ് പ്രതികരിച്ചു. കുട്ടനാട്ടിലെ ചമ്പക്കുളം, നെടുമുടി, കൈനകരി പഞ്ചായത്തുകളിൽപെട്ട വിവിധ പാടശേഖരങ്ങൾ അദ്ദേഹം സന്ദർശിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, എകെസിസി ഡയറക്ടർ ഫാ. ജോസ് മുകളേൽ, ഫാ. ജോർജ്ജ് പനക്കേഴം, കർഷക പ്രതിനിധികൾ എന്നിവർ അദ്ദേഹത്തെ അനുഗമിച്ചു.

## C. പ്രതിരോധശേഷി വർദ്ധിപ്പിക്കാൻ ചാസിന്റെ മഞ്ഞൾ-തേൻ വിപണിയിൽ

ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മഞ്ഞൾ-തേൻ വിപണിയിലെത്തി. അതിരൂപതാ കേന്ദ്രത്തിൽ സഹായമെത്രാൻ മാർ തോമസ് തറയിൽ വിപണനോദ്ഘാടനം നിർവ്വഹിച്ചു. കോട്ടയം, ചങ്ങനാശ്ശേരി, മല്ലപ്പള്ളി, പള്ളിക്കൂട്ടുമ്മ എന്നിവിടങ്ങളിലുള്ള ചാസ് ഖാദി ഷോറൂമുകളിൽ മഞ്ഞൾ-തേൻ ലഭ്യമാണ്.

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 27.07.2020 | ഏറ്റുമാനൂർ | ക്രൈസ്റ്റ് | 14 |
| 11.08.2020 | മാടപ്പള്ളി | മത്സ്യതീരം | 11 |
| 14.08.2020 | വേഴപ്രാ | സെന്റ് റീത്ത | 15 |

### കർഷകസംഗമം

കേന്ദ്ര സർക്കാരിന്റെ 'സ്പൂർത്തി' പ്രോജക്ടിനുവേണ്ടി കർഷകകൂട്ടായ്മ

രൂപികരിക്കുന്നതിന് ചമ്പക്കുളം മേഖലയിലെ വിവിധ യൂണിറ്റുകളിൽ കർഷക സംഗമം നടത്തി. ജൂലൈ 28-ാം തീയതി ചേന്നംകരി യൂണിറ്റിൽ സംഘടിപ്പിച്ച കർഷകസംഗമം ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം പ്രോജക്ട് അവതരിപ്പിച്ചു.

| *തീയതി* | *യൂണിറ്റ്* |
|---|---|
| ജൂലൈ 31 | വൈശ്യംഭാഗം |
| ആഗസ്റ്റ് 01 | ചമ്പക്കുളം, പുല്ലങ്ങടി |
| ആഗസ്റ്റ് 06 | നർബോനപുരം, നസ്രത്ത്, പൊങ്ങ |

മുട്ടാർ ഓൾഡ് യൂണിറ്റിൽ ഹരിതസമൃദ്ധി പദ്ധതിയുടെ ഭാഗമായി ആഗസ്റ്റ് 20 ഉച്ചകഴിഞ്ഞ് കർഷകസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. എബ്രഹാം തയ്യിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം പ്രോജക്ട് അവതരണം നടത്തി. 30 കർഷകർ പങ്കെടുത്തു.

## കർഷകദിനാചരണം

ചാസ് വേഴപ്രാ യൂണിറ്റിന്റെയും ഹരിത ഫാർമേഴ്സ് ക്ലബിന്റെയും ആഭിമുഖ്യത്തിൽ ആഗസ്റ്റ് 17 ന് കർഷകദിനാചരണം സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ സന്ദേശം നൽകി. യൂണിറ്റിലെ മികച്ച ജൈവ-കർഷക ശ്രീമതി ആൻസി ജേക്കബ് കൊച്ചുപറമ്പിലിന് അവാർഡ് നിൽകി ആദരിച്ചു.

## ഹരിതാ ഫാർമേഴ്സ് ക്ലബ് ഉദ്ഘാടനവും കർഷകസംഗമവും

പാണ്ടി യൂണിറ്റിൽ ഹരിതാ ഫാർമേഴ്സ് ക്ലബ് ഉദ്ഘാടനവും കർഷകസംഗമവും ആഗസ്റ്റ് 22 ന് നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ മാവേലിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം പ്രോജക്ട് വിശദീകരണം നടത്തി. ഭാരവാഹികളെ തെരഞ്ഞെടുത്തു.

## ഓണകിറ്റ് വിതരണം

ചാസ് വള്ളംചിറ യൂണിൽ 'ജനനി' സ്വാശ്രയസംഘം 1,500/- രൂപ വിലയുള്ള 30 ഇനം സാധനങ്ങൾ അടങ്ങിയ ഓണകിറ്റ് സംഘാംഗങ്ങൾക്ക് വിതരണം ചെയ്തു.

## ഹരിതസമൃദ്ധി പദ്ധതി

പാറേൽ യൂണിറ്റിൽ പാറേൽ സോഷ്യൽ സർവ്വീസ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ അതിജീവനത്തിന് ഒരു കൈത്താങ്ങ് എന്ന പദ്ധതിയുടെ ഭാഗമായി നടത്തുന്ന 'ഹരിതസമൃദ്ധി' യുടെ ഉദ്ഘാടനം ആഗസ്റ്റ് 24 ന് മുനിസിപ്പൽ ചെയർമാൻ ശ്രീ. സാജൻ ഫ്രാൻസിസ് നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് വാരിക്കാട്ട് ആമുഖ പ്രഭാഷണം നടത്തി. മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ശ്രീമതി ഷൈനി ഷാജി ആദ്യവിൽപന നടത്തി. അടുക്കളതോട്ടം, നാട്ടുചന്ത, ഔഷധ തോട്ടം, മാലിന്യസംസ്ക്കരണ പദ്ധതികൾ എന്നിവയാണ് ഹരിതസമൃദ്ധി ലക്ഷ്യമിട്ടിരിക്കുന്നത്. ഹൈടെക് കോഴിക്കൂട്, BV380 കോഴികൾ തെങ്ങിൻതൈകൾ, വാഴവിത്തുകൾ, കേരപിറ്റ്, കൊക്കോപിറ്റ്, ജൈവവളങ്ങൾ, ഗ്രോബാഗുകൾ, പച്ചക്കറിവിത്തുകൾ എന്നിവ യൂണിറ്റുവഴി വിതരണം ചെയ്യുന്നതാണ്.

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2019 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും ആഗസ്റ്റ് 20 വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) - (തുടർച്ച)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 159 | കായൽപുറം | 30670 | 12300 |
| 160 | മാമ്പുഴക്കരി | 53400 | 21360 |
| 161 | ആര്യങ്കാവ് | 32451 | 12980 |
| 162 | വെട്ടിമുകൾ | 90250 | 36000 |
| 163 | പഴവങ്ങാടി | 320983 | 128393 |
| 164 | മാന്നില | 38620 | 15448 |
| 165 | വള്ളഞ്ചിറ | 13855 | 5542 |
| 166 | ഇത്തിത്താനം | 128110 | 51240 |
| 167 | ഇരവുചിറ | 97710 | 39084 |
| 168 | ചാത്തനാട് | 38600 | 15440 |
| 169 | പുളിക്കകവല | 71700 | 28670 |
| 170 | വടവാതൂർ | 278350 | 111340 |
| 171 | പള്ളിക്കുന്ന് | 42000 | 16800 |
| 172 | രാജമററം | 27880 | 11150 |
| 173 | അയർകുന്നം | 190245 | 76100 |
| 174 | വൈശ്യംഭാഗം | 79375 | 31750 |
| 175 | മായം | 26570 | 10630 |
| 176 | പഴയരൂർ | 10650 | 4260 |
| 177 | അഞ്ചൽ | 46600 | 18640 |
| 178 | തേക്കുപാറ | 10135 | 4054 |
| 179 | കാര്യവട്ടം | 45000 | 18000 |
| 180 | പാമ്പാടി | 23550 | 9420 |

(തുടരും...)

# കേരള ലേബർ മൂവ്മെന്റ്
## K L M

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

അദ്ധ്വാനത്തിന്റെ മാഹാത്മ്യം മനസ്സിലാക്കുവാനും നീതിയോടെ കർമ്മ മണ്ഡലത്തിൽ വ്യാപരിക്കാനും, അസംഘടിത തൊഴിലാളികളെ ഒന്നിപ്പിക്കുന്ന കൂട്ടായ്മ ആണല്ലോ കെ.എൽ എം. കോവിഡ് 19 –ന്റെ പശ്ചാത്തലത്തിൽ ഏറെ ബുദ്ധിമുട്ടുന്ന വിഭാഗവും നമ്മൾ തന്നെയാണ്. ഏങ്കിലും സാമ്പത്തികമായ ബുദ്ധിമുട്ടുകൾ ഏറെ വന്നാലും നമ്മൾ തമ്മിലുള്ള ഐക്യം സംഘതലത്തിലും ഫൊറോനാ തലത്തിലും അതിരൂപതാ തലത്തിലും ഒന്നിച്ചുകൂടിയും, പരസ്പരം പങ്കുവച്ചും ശക്തമായി മുന്നേറുക ആവശ്യമാണ്, എല്ലാത്തിനെയും അതിജീവിച്ച ചരിത്രമാണ് നമ്മുടേത് ഒന്നും അവസാനമല്ല കൂടുതൽ കരുത്തോടെ മുന്നേറുവാൻ,കരുതലോടെ ജീവിക്കാൻ നമുക്ക് ഒറ്റക്കെട്ടായി പരിശ്രമിക്കാം.

**ഫാ. ജോസ് പുത്തൻചിറ**

### അതിരൂപത സമതി സംഗമം

ആഗസ്റ്റ് മാസം 18–ാം തീയതി ചൊവ്വാഴ്ച ഓൺലൈൻ അതിരൂപത സമിതി സംഗമം കൂടുകയുണ്ടായി. കോവിഡ് കാലഘട്ടത്തിലെ പ്രവർത്തനങ്ങളും തുടർന്ന് ഉള്ള കർമ്മ പദ്ധതികളെ കുറിച്ചും ചർച്ചചെയ്തു. വൈകുന്നേരം 7 മണിക്ക് ആരംഭിച്ച് സംഗമം 8 മണിക്ക് പ്രാർത്ഥനയോടെ സമാപിച്ചു.

### ഫൊറോനാ ഓൺലൈൻ സംഗമങ്ങൾ

ശാരീരിക സാന്നിദ്ധ്യത്തിൽ ഒന്നിച്ചു കൂടുവാൻ പറ്റാത്ത സാഹചര്യമായതിനാൽ എല്ലാ ഫൊറോനാകളിലെയും കോഡിനേറ്റഴ്സിന്റെ സംഗമം ഓൺലൈൻ ആയി കൂടുവാൻ തീരുമാനിച്ചു. ആഗസ്റ്റ് 22 ശനിയാഴ്ച പുളിങ്കുന്ന് ഫൊറോനായുടെയും, ആഗസ്റ്റ് 23 ഞായറാഴ്ച കുടമാളൂർ ഫൊറോനായുടെയും, ആഗസ്റ്റ് 29–ാം തീയതി ശനിയാഴ്ച കുറുമ്പനാടം ഫൊറോനായുടെ നേതൃസംഗമം നടത്തി.

### ആദരാഞ്ജലികൾ

തൊഴിലാളി പ്രസ്ഥാനത്തിൽ നിരന്തര സാന്നിധ്യമായി നില്ക്കുകയും ശക്തമായ രീതിയിൽ അതിൽ പങ്കെടുക്കുകയും ചെയ്ത് ദൈവസന്നിധിയിലേക്ക് യാത്ര ആയവരെ സ്നേഹപൂർവ്വം ഓർമ്മിക്കുന്നു. ജെയിംസ് തോമസ് വള്ളിക്കാട്, ഹോളിഫാമിലി പൊടിപ്പാറ, പി.സി. ജോസഫ് മുളങ്കുഴി സെന്റ് തോമസ് മാന്നില, തോമസ് തോമസ് വെട്ടുപറമ്പിൽ സെന്റ് മേരീസ് പാറേൽ, ഇവർക്കായി പ്രാർത്ഥനയിൽ ഓർക്കുകയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

*ശേഷം പേജ് 94 ൽ.....»*

ഈശോയിൽ പ്രിയ പ്രവാസി സഹോദരങ്ങളെ,

പ്രവാസി അപ്പോസ്തലേറ്റിൽ നിന്നും പ്രാർത്ഥനകളും ആശംസകളും. ആഗസ്റ്റ് 3 മുതൽ ഓഫീസ് വീണ്ടും പ്രവർത്തനക്ഷമമായി എന്ന് നിങ്ങളെ അറിയിക്കുകയാണ്. കൊവിഡ്-19 പകർച്ചവ്യാധി നിമിത്തം സർക്കാർ നടപ്പിലാക്കുന്ന സുരക്ഷാനിയമങ്ങൾ പാലിച്ചുകൊണ്ട് നാമോരോരുത്തരും ആയിരിക്കുന്ന സ്ഥലങ്ങളിൽ നിന്നും നാമുൾപ്പെടുന്ന എല്ലാ മേഖലകളെയും സജീവമാക്കാൻ ശ്രമിക്കുകയായിരുന്നുവല്ലോ. ഈയവസരത്തിൽ ഓൺലൈനിൽ നാമെല്ലാവരും പരസ്പരം നമ്മുടെ പ്രവർത്തനമേഖലകളെ വിപുലപ്പെടുത്തുകയും പ്രവാസത്തിലായിരുന്നവരുടെ വിവരങ്ങൾ അന്വേഷിക്കുകയും അറിയുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുവന്നു. അതിരൂപതാംഗങ്ങളായ വിവിധ രാജ്യങ്ങളിലുള്ള പ്രവാസി എക്സിക്യൂട്ടീവ് അംഗങ്ങളും മറ്റ് പ്രവാസി സഹോദരങ്ങളുമായി വീഡിയോ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും അവരുടെ എല്ലാ മേഖലകളെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

### പ്രവാസി അപ്പോസ്തലേറ്റ് ഗൾഫ് മേഖല.

ചങ്ങനാശ്ശേരി അതിരൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ ഗൾഫ് മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ അംഗങ്ങളെ ഉൾക്കൊള്ളിച്ച് കൊണ്ട് വിപുലപ്പെടുത്തി. ഇസ്രായേൽ, കുവൈറ്റ്, സൗദി അറേബ്യ, യു എ ഇ, ബഹറിൻ, ഖത്തർ, ഒമാൻ എന്നീ രാജ്യങ്ങളിൽ കൂട്ടായ്മകളും എക്സിക്യൂട്ടീവ് കമ്മിറ്റികളും നല്ല രീതിയിൽ തന്നെ പ്രവർത്തിക്കുന്നു.

കൊവിഡിന്റെയും സാമ്പത്തിക മാന്ദ്യത്തിന്റെയും പശ്ചാത്തലത്തിൽ സാമ്പത്തികമായി കഷ്ടപ്പെടുന്നവരെ ആവശ്യ നേരങ്ങളിൽ സഹായിക്കുന്ന പദ്ധതി ഇപ്പോഴും തുടരുന്നു. സൗജന്യ വിമാനയാത്രസൗകര്യം ഒരുക്കുന്നതും ഭക്ഷണക്കിറ്റ് വിതരണം ചെയ്യുന്നതും തുടർന്നുവരുന്നു. കൂടാതെ, നാട്ടിലുള്ള രണ്ട് കാൻസർ രോഗികൾക്കും, രോഗബാധിതയായ മറ്റൊരു സഹോദരിക്കും സാമ്പത്തിക സഹായം നൽകാനും സാധിച്ചു. അതിരൂപത മഹായോഗത്തിന് മുന്നോടിയായി പ്രവാസികൾക്കായി നിശ്ചയിച്ചിരുന്ന വിഷയങ്ങൾ വായിച്ച്, അവർക്കുള്ള നിർദേശങ്ങൾ അടങ്ങുന്ന റിപ്പോർട്ട് എല്ലാ ഗൾഫ് രാജ്യങ്ങളിലെയും എക്സിക്യൂട്ടീവ് കമ്മിറ്റികൾ അതിരൂപതയുടെ പ്രവാസി കാര്യാലയത്തിൽ സമർപ്പിച്ചു.

### മീഡിയ സെൽ :

പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ എല്ലാ ഗൾഫ് രാജ്യങ്ങളിലും മീഡിയ സെൽ ആരംഭിച്ചു. നമ്മുടെ അതിരൂപതയുടെ ഔദ്യോഗിക ചാനലായ മാക്ക് ടി വി ക്കായി ഗൾഫിൽ നിന്നും വാർത്തകൾ റിപ്പോർട്ട് ചെയ്യുന്നതിനൊപ്പം, പ്രവാസി അപ്പോസ്തലേറ്റ് യുട്യൂബ് ചാനലിലൂടെ എല്ലാ ആഴ്ചയിലും ഓരോ രാജ്യത്ത്

നിന്നും പ്രതിവാര ന്യൂസ് ബുള്ളറ്റിനും സംപ്രേക്ഷണം ചെയ്തു വരുന്നു. ഖത്തർ, കുവൈറ്റ്, യു എ ഇ എന്നീ രാജ്യങ്ങളിൽ നിന്നും സംപ്രേക്ഷണം ചെയ്തു പ്രതിവാര വാർത്താ ബുള്ളറ്റിനുകൾക്ക് വലിയ സ്വീകാര്യത ലഭിക്കുകയുണ്ടായി.

## വീഡിയോ കോൺഫറൻസ്

07.08. – കുവൈറ്റ് ഫാമിലി മീറ്റിംഗ് വൈകുന്നേരം 6.30നും എക്സിക്യൂട്ടീവ് മീറ്റിംഗ് 7.15 pmനും നടത്തി.

14.08. – യു.എ.ഇ.യുടെ ഫാമിലി മീറ്റിംഗ് 11.30 am നും എക്സിക്യൂട്ടീവ് മീറ്റിംഗ് 12.30 pm നും നടത്തി.

14.08. – സൗദി അറേബ്യ ഫാമിലി മീറ്റിംഗ് വൈകുന്നേരം 6.30നും എക്സിക്യൂട്ടീവ് മീറ്റിംഗ് 7.15 pmനും നടത്തി.

21.08. – ഖത്തർ ഫാമിലി മീറ്റിംഗ് 1.00 pm നും എക്സിക്യൂട്ടീവ് മീറ്റിംഗ് 2.00 മണിക്കും നടന്നു.

21.08. – ബഹറിനിലെ ഫാമിലി മീറ്റിംഗ് 6.30 pm നും എക്സിക്യൂട്ടീവ് മീറ്റിംഗ് 7.15 നും നടന്നു.

## യൂട്യൂബ് ചാനൽ

29.07. പ്രവാസികളുടെ കുടുംബങ്ങൾക്കും കുട്ടികൾക്കുമായി 'ലൈഫ് സ്കിൽഡ്' എന്ന വിഷയത്തിൽ നമ്മുടെ അതിരൂപതാംഗവും അന്തർദേശീയ മാനേജ്മെന്റ് കോച്ച് ആന്റ് മെന്റർ ശ്രീ. സിജു തോമസ് ആലഞ്ചേരി നയിക്കുന്ന ക്ലാസുകൾ സംപ്രേക്ഷണം ചെയ്തു തുടങ്ങി.

29.07. ചങ്ങനാശേരി അതിരൂപത പ്രവാസി അപ്പോസ്തലേറ്റ് യു.എ.ഇ. ചാപ്റ്റർ മീഡിയാ സെല്ലിന്റെ ബാനറിൽ ആൽഫി സിജു അൽഫോൻസാമ്മയെക്കുറിച്ച് തയ്യാറാക്കിയ ഡോക്യുമെന്ററി സംപ്രേഷണം ചെയ്തു.

08.08. ശനി മുതൽ പ്രവാസി വാർത്തകൾ സംപ്രേഷണം ചെയ്തു തുടങ്ങി യു.എ.ഇ. വാർത്തകൾ ആയിരുന്നു ആദ്യം സംപ്രേഷണം ചെയ്തത്. എല്ലാ ശനിയാഴ്ചകളിലും ഇന്ത്യൻ സമയം രാവിലെ 7 മണിക്ക് പ്രവാസി അപ്പോസ്തലേറ്റിന്റെ യൂട്യൂബ് ചാനലിൽ വാർത്തകൾ ലഭിക്കുന്നതാണ്.

14.08. യു.എ.ഇ. ചാപ്റ്റർ – 'സ്വർഗത്തിലെ എന്റെ അമ്മ' ഡോക്യുമെന്ററി സംപ്രേക്ഷണം ചെയ്തു.

യു.എ.ഇ–യിൽ നിന്നും പ്രതിവാര വാർത്ത സംപ്രേക്ഷണം ചെയ്തു.

17.08 ഖത്തറിൽ നിന്നും – പ്രതിവാര വാർത്ത സംപ്രേക്ഷണം ചെയ്തു.

22.08. യു.എ.ഇ. നിന്നും പ്രതിവാര വാർത്ത സംപ്രേക്ഷണം ചെയ്തു.

23.08. കുവൈറ്റിൽ നിന്നുമുള്ള പ്രതിവാര വാർത്ത സംപ്രേക്ഷണം ചെയ്തു.

## വിശുദ്ധ കുർബാന

28.07.2020 വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ ഇന്ത്യൻ സമയം രാത്രി 9.00 മണിക്ക് സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽനിന്നും വിശുദ്ധ കുർബാന സംപ്രേഷണം ചെയ്തു.

01.08.2020 പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാളിനോടനുബന്ധിച്ച് ആഗസ്റ്റ് മാസം 1 മുതൽ 15 വരെ ഇന്ത്യൻ സമയം രാത്രി 9 മണിക്ക് പ്രവാസി അപ്പസ്തൊലേറ്റിന്റെ നേതൃത്വത്തിൽ ചങ്ങനാശേരി അതിരൂപതയുടെ മരിയൻ തീർത്ഥാടന കേന്ദ്രമായ പാറേൽ സെന്റ് മേരീസ് പള്ളിയിൽനിന്നും പരിശുദ്ധ കുർബാനയുടെ തത്സമയ സംപ്രേഷണം നടത്തി.

01.08.2020– റവ. ഫാ. ജേക്കബ് വാരിക്കാട്ട്, 02.08. – റവ. ഫാ. ജോസഫ് ചമ്പക്കുളത്തിൽ, 03.08. – റവ. ഫാ. ജോസഫ് തണ്ണിപ്പാറ, 04.08. – റവ. ഫാ. റ്റെജി പുതുവീട്ടിൽക്കളം, 05.08. – റവ. ഫാ. ജേക്കബ് വാരിക്കാട്ട്, 06.08. – റവ. ഫാ. ജോസഫ് ചമ്പക്കുളത്തിൽ, 07.08. – റവ. ഫാ. ജേക്കബ് വാരിക്കാട്ട്, 08.08. – റവ. ഫാ. മാത്യു തെക്കേടത്ത്, 09.08. – റവ. ഫാ. ജോസഫ് ചമ്പക്കുളത്തിൽ, 10.08. – റവ. ഫാ. എമിൽ പുന്നാടംപാക്കിൽ, 11.08. – റവ. ഫാ. ജോസഫ് തണ്ണിപ്പാറ, 12.08. – റവ. ഫാ. ജേക്കബ് വാരിക്കാട്ട്, 13.08. – റവ. ഫാ. ജോസഫ് ചമ്പക്കുളത്തിൽ.

14.08. – അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് – സ്വർഗാരോപണത്തിരുനാളിന്റെയും അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ നവതി ആഘോഷവും കത്തീഡ്രൽ പള്ളിയിൽ, 15.08. – റവ. ഫാ. എമിൽ പുന്നാടംപാക്കിൽ എന്നിവർ വിശുദ്ധ ബലിയർപ്പണം നടത്തി.

**ഫാ. റ്റെജി പുതുവീട്ടിൽക്കളം**
ഡയറക്ടർ

*NB: അന്വേഷണങ്ങൾക്ക് : 9207470117, E-mail: pravasiapostolate50@gmail.com*

# ആത്മതാകേന്ദ്രം
## ATMATAKENDRAM

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

കർത്താവിനെ ഭയപ്പെടുന്നവർ അവിടുത്തെ വചനം ധിക്കരിക്കുകയില്ല; അവിടുത്തെ സ്നേഹിക്കുന്നവർ അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കുന്നു. (പ്രഭാ: 2:15)

ആത്മതാകേന്ദ്രത്തിലെ ശുശ്രൂഷകളിലുടെ ജീവിതത്തിന്റെ നന്മകൾ തിരിച്ചറിഞ്ഞ് നന്മനിറഞ്ഞ ജീവിതം നയിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ലഹരിക്ക് അടിമപ്പെടാതെയും, വീണുപോയി തിരികെ എത്തിയവരും ഒന്നാകെ ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ട സമയമാണിത്.

ലോകത്ത് നാശംവിതയ്ക്കുന്ന ലഹരിയുടെ ഉപയോഗത്തെ നിർമാർജ്ജനം ചെയ്യാൻ നമ്മുടെ കുടുംബത്തിൽ മാതാപിതാക്കളും, മക്കളും, യുവജനങ്ങളും ഇതിന്റെ ദൂഷ്യഫലങ്ങൾ മനസിലാക്കി 'നോ' പറയുവാൻ സന്നദ്ധരാകണം. തിന്മയിൽ ചരിക്കുമ്പോൾ നാം ദൈവത്തിന്റെ മാർഗ്ഗത്തിൽ നിന്ന് ആണ് മാറി നടക്കുന്നതെന്ന് മനസ്സിലാക്കാം. യഥാർത്ഥ ലഹരി ദൈവം പ്രദാനം ചെയ്യുന്ന സമാധാനം ആണ് എന്ന് ഉറപ്പുവരുത്താം.

**ഫാ. ജോസ് പുത്തൻചിറ**

### ഹോമിയോ ചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി വിവിധ സ്ഥലങ്ങളിൽ ഹോമിയോ ചികിത്സ നിർവ്വഹിച്ചു വരുന്നു. ചൊവ്വാഴ്ച തത്തംപള്ളിയിലും, ബുധനാഴ്ച ഇരവുചിറയിലും, വ്യാഴാഴ്ച അതിരമ്പുഴയിലും, വെള്ളിയാഴ്ച ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിലും ചികിത്സ നല്കി വരുന്നു. വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിലാണ് ചികിത്സ മിതമായ നിരക്കിൽ നടത്തുന്നത്. പരമാവധി പ്രയോജനം എടുക്കുവാൻ ഏവർക്കും അവസരം.

### സപ്പോർട്ട് എ ചൈൽഡ്

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിത്യരോഗികളായവരുടെ സമ്മേളനം കൃത്യമായി നടത്താൻ സാധിച്ചില്ല എങ്കിലും പത്തനംതിട്ടയിൽ ഉള്ളവർക്ക് പത്തനംതിട്ട പ്രത്യാശകേന്ദ്രത്തിൽ വച്ചും ചങ്ങനാശ്ശേരിയിൽ ഉള്ളവർക്ക് ആത്മതാകേന്ദ്രത്തിന്റെ ഓഫീസിൽ വച്ചും ഓരോരുത്തരായി വിളിച്ച് ഈ വർഷത്തെ പഠനോപകരണവും, നാലുമാസത്തെ സാമ്പത്തിക സഹായവും ആയി 2,27,000/ രൂപാ നല്കുകയുണ്ടായി.

### അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ജൂൺ 26-ാം തീയതി രാവിലെ 9.30 ന് ആത്മതാകേന്ദ്രത്തിന്റെ ഓഫീസ് കവാടത്തിൽ ക്യൻസ് സാരഥി ഓട്ടോ യൂണിറ്റുമായി സഹകരിച്ച് ലഹരിക്കെതിരായ ബോധവത്ക്കരണ സ്റ്റിക്കർ

*ശേഷം പേജ് 92 ൽ.....»*

## ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ ജസ്റ്റീസ് സൺഡേയാചരണം (നീതി ഞായർ) 2020

ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ 2020 ആഗസ്റ്റ് 30ന് MAAC TV യുമായ് ബന്ധപ്പെട്ടുകൊണ്ടു ജസ്റ്റീസ് സൺഡേ ആചരിക്കുന്നു. അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്യും. ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷത വഹിക്കും. കെ.സി.ബി.സി. എസ്.സി., എസ്.ടി. കമ്മീഷൻ ചെയർമാൻ അഭി. ജേക്കബ് മുരിക്കൻ ജസ്റ്റീസ് സൺഡേ സന്ദേശം നൽകും. അഭി. മാർ തോമസ് തറയിൽ മുഖ്യപ്രഭാഷണം നടത്തും. DCMS അതിരൂപത ഡയറക്ടർ ഫാ. ജോൺസൺ ചാലയ്ക്കൽ, ജയിംസ് ഇലവുങ്കൽ, പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി രേഖാ മാത്യൂസ്, സി.സി. കുഞ്ഞുകൊച്ച് എന്നിവർ പ്രസംഗിക്കും. DCYL ൽ കലാകാരന്മാരുടെ കലാപരിപാടികൾ സംഘടിപ്പിക്കും. DCMS ജനറൽ സെക്രട്ടി മാത്യു ജോസഫ്, സിജോ ജേക്കബ്, ഷൈജു ജോസഫ്, ജിബിൻ സാബു, ആൻസമ്മ ദേവസ്യാ എന്നിവർ നേതൃത്വം നൽകും.

| | |
|---|---|
| **മാത്യു ജോസഫ്** | **ഫാ. ജോൺസൺ ചാലയ്ക്കൽ** |
| (ജ. സെക്രട്ടറി) | (ഡയറക്ടർ) |

---

*ആത്മതാകേന്ദ്രം തുടർച്ച .....»*

പതിക്കൽ പദ്ധതി ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. ജോസ് പുത്തൻചിറ നിർവ്വഹിച്ചു.

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി അതിരൂപത തലത്തിൽ ചങ്ങനാശ്ശേരിയിൽ എക്സൈസ് ഓഫീസ് പടിക്കൽ സർക്കാരിന്റെ മദ്യനയത്തിനെതിരായ ധരണ നടത്തുകയുണ്ടായി.


പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

പ്രിയ സഹോദരങ്ങളേ,

ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിനു പകരമായി എന്തു കൊടുക്കും? (മത്താ. 16:26) വിശുദ്ധ ഗ്രന്ഥം ഓരോ ക്രിസ്ത്യാനിയോടും ചോദിക്കുന്ന ചോദ്യമാണിത്. നിരവധി വിശുദ്ധരുടെ ജീവിതത്തെ മാറ്റിമറിച്ച ചോദ്യം. അനവധി വിശുദ്ധരെ നിത്യജീവനിലേക്കു നയിച്ച ചിന്ത. അനേകം ജീവിതങ്ങളെ പാപവഴി ഉപേക്ഷിക്കാൻ പ്രേരിപ്പിച്ച തിരിച്ചറിവ്. നീർകുമിളകൾക്കു സദൃശ്യമായ മനുഷ്യജീവിതത്തിന്റെ ഓരോ നിമിഷത്തിലും ഈ തിരുവചനം പ്രസക്തമാണ്. ഈ ലോകത്തിന്റെ സുഖസന്തോഷങ്ങൾ നൈമിഷികമാണെന്നു തിരിച്ചറിഞ്ഞ് ആത്മാവിന്റെ നിത്യസൗഭാഗ്യത്തിനായി പ്രയത്നിക്കാൻ ദിവ്യനാഥൻ നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ സത്യത്തെ തിരിച്ചറിഞ്ഞ വിശുദ്ധർ ഈ ലോകസുഖങ്ങളും ശരീരത്തിന്റെ സന്തോഷവും പൂർണമായി ഉപേക്ഷിച്ച് ആത്മാവിന്റെ രക്ഷയ്ക്കായി ജീവിച്ചു. നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് ആത്മാവിന്റെ രക്ഷക്കായി തന്റെ ശരീരത്തെ വർജിച്ചുകൊണ്ട് സ്വയം ഏറ്റെടുത്ത കഠിന പീഡനങ്ങളും വേദനകളും നമുക്ക് മാതൃകയാവണം. അദ്ദേഹം ശരീരത്തേക്കാൾ ആത്മാവിന്റെ രക്ഷയ്ക്കു നൽകിയ വില എത്രത്തോളമാണെന്നു അദ്ദേഹത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ക്രൂരപിശാചുക്കൾ നേരിട്ടുവന്നു വിശുദ്ധന്റെ ശരീരത്തെ പിച്ചിച്ചീന്തിയപ്പോൾ നെറ്റിയിൽ കുരിശടയാളം വരച്ചുകൊണ്ട് അദ്ദേഹം വലിയ ശബ്ദത്തിൽ പറഞ്ഞു 'ശപിക്കപ്പെട്ട പിശാചുക്കളേ, ദൈവം അനുവദിക്കുന്നതുമാത്രം ചെയ്യുവാനെ നിങ്ങൾക്കു സാധിക്കുകയുള്ളു. ആകയാൽ സർവ്വശക്തനായ ദൈവത്തിന്റെ നാമത്തിൽ ഞാൻ നിങ്ങളോടു പറയുന്നു. ദൈവം നിങ്ങൾക്കു അനുവാദം തന്നിട്ടുള്ളിടത്തോളം നിങ്ങൾ എന്റെ ശരീരത്തെ പീഡിപ്പിച്ചുകൊള്ളുക. അവയെല്ലാം സന്തോഷത്തോടുകൂടി ഞാൻ സഹിക്കും. എന്തുകൊണ്ടെന്നാൽ എന്റെ ശരീരത്തേക്കാൾ വലിയൊരു ശത്രു എനിക്കില്ല. തന്നിമിത്തം എനിക്കുവേണ്ടി എന്റെ ശത്രുവിനോടു നിങ്ങൾ പ്രതികാരം ചെയ്യുന്നുവെങ്കിൽ നിങ്ങൾ എനിക്കു ഒരു വലിയ ഉപകാരമായിരിക്കും ചെയ്യുന്നത്.'' വീണ്ടും പിശാചുക്കൾ പീഡനം തുടർന്നപ്പോൾ വിശുദ്ധ ഫ്രാൻസിസ് പ്രാർത്ഥിച്ചു. 'എന്റെ കർത്താവായ ഈശോമിശിഹായെ, അങ്ങ് എന്നോടു കാണിക്കുന്ന ഈ വലിയ സ്നേഹത്തിനും ഉപകാരത്തിനും ഞാൻ നന്ദി പറയുന്നു. എന്തെന്നാൽ ഈ ദാസന്റെ സകല കുറ്റങ്ങൾക്കുമായി അവൻ പരലോകത്തിൽ ശിക്ഷിക്കപ്പെടാതിരിക്കേണ്ടതിനു ഇവനെ ഈ ലോകത്തിൽവച്ചു തന്നെ ശിക്ഷിക്കുന്നതു അങ്ങയുടെ വലിയ

സ്നേഹത്തിന്റെ അടയാളമാകുന്നു. എന്റെ ദൈവമേ എന്റെ പാപങ്ങൾക്കു പരിഹാരമായി അങ്ങ് എനിക്കയയ്ക്കുന്നു. സകല വേദനകളും ക്ലേശങ്ങളും സസന്തോഷം സ്വീകരിക്കുവാൻ ഞാൻ ഇതാ തയ്യാറായിരിക്കുന്നു. 'സ്വർഗ്ഗരാജ്യത്തിന്റെ അനന്തമായ സന്തോഷത്തെ മുന്നിൽ കണ്ടുകൊണ്ട് ഇഹലോകജീവതത്തെ ക്രമീകരിക്കുവാൻ നമുക്കും സാധിക്കട്ടെ. കഠിനമായ ശാരീരിക പീഡകളല്ലാതെ എളിയ സഹോദരങ്ങളിലും സഹായമർഹിക്കുന്ന ജീവിതങ്ങളിലും ഈശോയെ കണ്ട് അവർക്കു വേണ്ട സഹായങ്ങൾ നൽകുവാനും നമുക്കു സാധിക്കും. ഈ കൊറോണക്കാലത്തിൽ ജോലിയില്ലാതെയും മറ്റും സാമ്പത്തിക ഞെരുക്കത്തിൽ കഴിയുന്നവരെ നമുക്കു സഹായിക്കാം. പരിശുദ്ധ അമ്മയുടെ പിറവിത്തിരുന്നാളിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ഏവർക്കും നേർന്നുകൊള്ളുന്നു. അമ്മയുടെ സംരക്ഷണം ജീവിതത്തിലുടനീളം നമ്മോടൊപ്പമുണ്ടായിരിക്കട്ടെ.

## നിര്യാതരായി

കുന്നന്താനം ഭ്രാതൃത്വഅംഗം മുട്ടത്തേട്ട് അന്നമ്മ ജോസഫിന്റെ ഭർത്താവ് ജോസഫ് മത്തായി, എടത്വാ ഭ്രാതൃത്വ അംഗം സി.എക്സ്. ജോസഫ്കുഞ്ഞ്, എസ്.എഫ്.ഒ. മുൻ അതിരൂപതാ പ്രസിഡന്റ് ചാക്കോച്ചൻ കിഴക്കേവീട്ടിലിന്റെ മകൾ ശ്രീമതി സുജ സെബാസ്റ്റ്യൻ, മാന്നില ഭ്രാതൃത്വഅംഗം മുളക്കുഴി പി.സി. ജോസഫ്, തുരുത്തി ഫൊറോന ദൈവാലയ ഭ്രാതൃത്വാംഗം മുൻ സെക്രട്ടറി റ്റി.സി. മറിയാമ്മ എന്നിവർ നിര്യാതരായി. പരേതരുടെ നിത്യശാന്തിക്കായി നമുക്കു പ്രാർത്ഥിക്കാം.

എന്ന്

**ബ്ര. അലക്സ് വലിയപറമ്പിൽ**
അതിരൂപത പ്രസിഡന്റ്

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap.
SFO അതിരൂപത സ്പിരിച്ച്വൽ അസിസ്റ്റന്റ്

---

***കേരള ലേബർ മൂവ്മെന്റ് തുടർച്ച.....»***

## മരണാനന്തര സഹായനിധി

തൊഴിലാളി പ്രസ്ഥാനത്തിന്റെ കൈതാങ്ങായ മരണാനന്തരസഹായനിധി ജോസഫ് ചാക്കോ മുപ്പതിൽ സെന്റ് മേരീസ് പുളിങ്കുന്ന് സംഘാംഗത്തിന്റെ കുടുംബത്തിന് 5/7/2020 ലും, കടയിനിക്കാട് സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റിലെ മാത്യു വി.കെ വെട്ടിത്താനത്തിന്റെ കുടുംബത്തിന് 10/7/2020 ലും പൊടിപ്പാറ ഹോളിഫാമിലി സംഘത്തിലെ എൻ എ ജോബ്ജ് നെടുംപറമ്പിലിന്റെ കുടുംബത്തിന് 16/8/2020-ലും മരണാനന്തര സഹായനിധി കൈമാറി.യൂണിറ്റ് ഡയറക്ടർമാരായ ഫാ. ടോണി കൂലിപ്പറമ്പിൽ (പുളിങ്കുന്ന്)ഫാ. ജയിംസ് അത്തിക്കളം (കടയിനിക്കാട്) ഫാ. ജോസഫ് കട്ടപ്പുറം (പൊടിപ്പാറ) എന്നിവരെയും നന്ദിയോടെ ഓർക്കുന്നു.

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

ജീവിതത്തിലെ ഓട്ടപ്രദക്ഷിണത്തിനിടയിൽ 'ബൈബിളിനെ' ആദ്യന്തം മനസിലാക്കുക എന്ന ദൗത്യം കൂടി നമ്മിലിടം പിടിച്ചിരിക്കുന്ന ഒന്നാണ്. ഉത്പത്തി പുസ്തകത്തിലേക്കു കടന്നാൽ അഞ്ചു മുതലുള്ള അദ്ധ്യായങ്ങളിൽ നോഹയെക്കുറിച്ചു പ്രതിപാദിച്ചിരിക്കുന്നത് കാണുവാൻ സാധിക്കും. അദ്ദേഹം നീതിമാനും, സമർപ്പിതനും, കറയറ്റ മനുഷ്യനും ദൈവികമാർഗ്ഗത്തിലൂടെ മാത്രം ചരിക്കുന്നവനുമായാണ് നാം മനസിലാക്കുന്നത്. അങ്ങനെ നന്മകൾ മാത്രം കാണുന്നവൻ നീതിമാനും, ദൈവത്തിന്റെ പ്രീതി സമ്പാദിക്കുന്നവനുമായിരിക്കും. അങ്ങനെ ദൈവമാർഗ്ഗം മാത്രം തന്റെ ജീവിതത്തിൽ ഉൾക്കൊണ്ട ഒരു വ്യക്തിയായിരുന്നു നോഹ.

ബൈബിളിനെ ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ സംഘടനയിലേക്കു കടന്നുവന്നാൽ 1833 മുതൽ നമ്മെ നയിച്ച ഫ്രെഡറിക് ഓസാനാമിന്റെയും പ്രസിഡന്റു ജനറൽമാരുടെയും വിലപ്പെട്ട ലിഖിതങ്ങളും ഉദ്ധരണികളും നമുക്കു മനസിലാക്കുവാൻ സാധിക്കും. എല്ലാം എഴുതുവാൻ സാധിക്കുകയില്ലെങ്കിലും എന്റെ ഓർമ്മയിലൂടെ കടന്നുപോകുന്ന ഏതാനും ലിഖിതങ്ങൾ ഇവിടെ ഞാനുൾപ്പെടുത്തുകയാണ്.

ദൗത്യം പൂർത്തിയാക്കാതെ ഈ ലോകംവിട്ടുപിരിയുന്നതിൽ എന്നെ ആശ്വസിപ്പിക്കുവാൻ കഴിവുള്ളതു എന്തെങ്കിലുമുണ്ടെങ്കിൽ അതു മനുഷ്യരുടെ പ്രശംസനേടുന്നതിനുവേണ്ടി ഞാനൊരിക്കലും പ്രയത്നിക്കാതെ സത്യത്തിന്റെ സേവനത്തിനുവേണ്ടി മാത്രം പ്രയത്നിച്ചു എന്നതാണ്.

ഉപവിപ്രവർത്തനങ്ങൾവഴി അംഗങ്ങൾക്കു ധാരാളം ആദ്ധ്യാത്മികനന്മകൾ നേടുന്നതിനവസരമുണ്ടാക്കുക, ഏതാനും പാവപ്പെട്ട കുടുംബങ്ങൾക്ക് ക്രിസ്തുവിന്റെ നാമത്തിൽ ആദ്ധ്യാത്മികവും ഭൗതികവുമായ ചെറിയ ചെറിയ നന്മകൾ ചെയ്യുക.

മഹത്വം ഒരു ലക്ഷ്യമാക്കരുത്. പ്രോത്സാഹനമായി മാത്രമേ അതു സ്വീകരിക്കാവൂ. യഥാർത്ഥ മഹത്വം ഭാവിതലമുറയുടെ അംഗീകാരത്തിൽ അടങ്ങിയിരിക്കുന്നു. എന്നാൽ നീതിമാൻ തന്റെ പ്രതീക്ഷകൾ ഉന്നതങ്ങളിൽ പ്രതിഷ്ഠിക്കുന്നു. അവൻ തന്റെ പ്രതിഫലവും മഹത്വവും കുറ്റമറ്റ, കളങ്കമേശാത്ത എല്ലാ നല്ല ദാനങ്ങളുടെയും ദാതാവായ വിധിയാളന്റെ കരങ്ങളിൽനിന്നു പ്രതീക്ഷിക്കുന്നു.

ശമ്പളമില്ലാത്ത സേവനങ്ങളുടെ പ്രതിഫലമാണു സഹായങ്ങൾ. നമ്മുടെ വീക്ഷണത്തിൽ ദുരിതമനുഭവിക്കുന്ന മനുഷ്യൻ പ്രാർത്ഥിക്കുന്നവനെപ്പോലെ സമൂഹത്തിനുസേവനം ചെയ്യുന്നു. അയാൾ പ്രായശ്ചിത്തത്തിന്റെ ദൗത്യമാണു നിർവ്വഹിക്കുന്നത്. ആ ത്യാഗത്തിന്റെ നേട്ടങ്ങൾ നമ്മിലേക്കുതന്നെ തിരിച്ചുവരുന്നു.

നമ്മുടെ സൊസൈറ്റി ഒരു അല്മായസംഘടനയാണ്. എന്നാൽ അതേസമയം അത് മൗലികമായി മതപരമായ ഒരു സംഘടനയുമാണ്. സഭാധികാരികൾക്ക് നാം കീഴ്പെട്ടിരിക്കുന്നു. സ്ഥലത്തെ ഉത്തരവാദപ്പെട്ട വൈദികാധികാരികളുടെ അനുമതി കൂടാതെ പുതിയതോ, പ്രാധാന്യമർഹിക്കുന്നതോ ആയ യാതൊരു സംരംഭങ്ങളും ആരംഭിക്കരുതെന്നാണു നിയമം അനുശാസിക്കുന്നത്.

സാമൂഹികമോ, ബുദ്ധിപരമോ ആയ മേധാവിത്വത്തിന്റെ ലാഞ്ചനപോലും നമ്മുടെ സഹോദരങ്ങൾക്കിടയിൽ ഇല്ല. പാവങ്ങളുടെ ആവശ്യങ്ങളെപ്പറ്റിയാണു നാം ചർച്ച ചെയ്യുക. വിവാദങ്ങളോ, കലഹങ്ങളോ പ്രതിഫലിക്കുന്ന എല്ലാറ്റിൽ നിന്നും ചർച്ചയുടെ അരൂപി വളരെ അകന്നിരിക്കുന്നു. അതു സ്വയംപരിത്യാഗ ത്തിന്റെയും അയൽക്കാരന്റെ അഭിപ്രായങ്ങളോടുള്ള ആദരവിന്റെയും അരൂപി യാണ്.

പ്രാർത്ഥനയുടെയും ദിവ്യബലിയുടെയും പ്രാധാന്യം കുറച്ചുകൊണ്ടുള്ള ഒരു പ്രവർത്തിയും വിൻസെൻഷ്യൻ പ്രവർത്തകരിൽ നിന്ന് ഉണ്ടാകുവാൻ പാടില്ല.

ഈ പംക്തി എന്റെ സന്ദേശം ഇവിടംകൊണ്ടു ഞാൻ ഉപസംഹരിക്കുകയാണ്. 2014 സെപ്റ്റംബർ ഒന്നിന് ഏറ്റെടുത്ത ദൗത്യം 2020 ഓഗസ്റ്റ് 31 ന് അവസാനി പ്പിക്കുകയാണ്. അടുത്ത സന്ദേശം പുതിയ പ്രസിഡന്റിന്റേതായിരിക്കും. എന്റെ ഈ ആറുവർഷത്തെ സേവനം ചാരിതാർത്ഥ്യത നിറഞ്ഞതായിരുന്നുവെന്നു ഞാൻ സ്വയം അഭിമാനിക്കുകയാണ്. വീഴ്ചകൾ ഉണ്ടായിട്ടില്ലെന്നല്ല പറയുന്നത്. ഏതൊരു സംരംഭത്തിനും തീർച്ചയായും കുറ്റങ്ങളും കുറവുകളും ഉണ്ടാകും. ദേശീയത ലത്തിൽനിന്നും റീജനൽ തലത്തിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പരമാവധി നിങ്ങളുമായി പങ്കുവയ്ക്കുവാൻ പരിശ്രമിച്ചിട്ടുണ്ട്. ഓഖി (Okhy), കുട്ടനാടു ദുരന്തം, ജലപ്രളയം, പ്രകൃതിദുരന്തം, നിപ്പാ, ഏറ്റവും ഒടുവിൽ ഈ വർഷത്തെ അപ്രതീക്ഷിതമായ കൊറോണാ വൈറസ് ദുരന്തവും, അവിടംകൊണ്ടും തീരു ന്നില്ല ഇപ്പോഴത്തെ ജലപ്രളയവും എല്ലാത്തിലും എന്നാൽ കഴിവതും സഹായ ങ്ങൾ എത്തിക്കുവാൻ ഞാൻ കൂട്ടായി പരിശ്രമിച്ചിട്ടുണ്ട്.

ഇതൊരു അനുഭവമായിരുന്നു അവയെല്ലാം ഓർമ്മയിൽ സൂക്ഷിച്ചുകൊണ്ട് പ്രാർത്ഥനാപൂർവ്വം

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

# അതിരൂപത മാനവവിഭവശേഷി വികസന ട്രസ്റ്റ് [CAHRD]

കോവിഡ് –19 മഹാമാരിമൂലം തടസപ്പെട്ട സിവിൽ സർവീസ് (CCSI) കെ.എ.എസ്. ക്ലാസ്സുകൾ ഓൺ ലൈനായി തുടങ്ങുകയുണ്ടായി. 2020 ഏപ്രിൽ 25–ൽ പുനരാരംഭിച്ച ക്ലാസ്സുകൾ ആഗസ്റ്റ് വരെ 35 എണ്ണം നടന്നു. സിവിൽ സർവീസ് അഭിമുഖം (interview) വരെ എത്തിയവരും, മെയിൻസ് പരീക്ഷ എഴുതിയവരുമായ അദ്ധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. അതിൽ ശ്രീ. ജിഷ്ണു ജെ. രാജുവിന് 2018ൽ സിവിൽ സർവീസിൽ IAAS (Indian Audit and Accounts Service) ലഭിച്ചു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവും, പെ. ബഹു. ഫിലിപ്സ് വടക്കേക്കളവും വിവിധ ദിവസങ്ങളിൽ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു.

ജൂൺ മാസം 21–ാം തീയതി ഉച്ചകഴിഞ്ഞ് 3.00 മുതൽ 5.30 വരെ സിവിൽ സർവീസ് ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. അഭിവന്ദ്യ മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം പിതാവ് പ്രോഗ്രാം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഡയറക്ടർ ഡോ. പി.സി. അനിയൻകുഞ്ഞ്, അക്കാദമിക് കോർഡിനേറ്റർ ശ്രീ. നിഖിൽ ജോൺ എന്നിവർ പ്രസംഗിച്ചു. ഓറിയന്റേഷൻ പരിപാടിയിൽ 141 പേർ പങ്കെടുത്തു. ഇന്ത്യൻ ഫോറസ്റ്റ് സർവീസ് (IFOS) പരീക്ഷയിൽ കേരളത്തിൽ നിന്നും ഒന്നാം റാങ്കുനേടിയ ശ്രീ. വിഷ്ണുദാസ് മാർഗനിർദേശക ക്ലാസ്സ്, തന്റെ പരീക്ഷാ തയ്യാറെടുപ്പുകളുടെ വെളിച്ചത്തിൽ നയിച്ചു. കഴിഞ്ഞ മാർച്ച് മാസം വരെ അക്കാദമിക് കോർഡിനേറ്ററായി സഹായിച്ച ശ്രീ. മാർഷൽ സെബാസ്റ്റ്യന് നന്ദി രേഖപ്പെടുത്തുന്നു.

ട്രസ്റ്റിന്റെ ചുമതലയുള്ള വികാരി ജനറാൾ എന്ന നിലയിൽ പ്രവർത്തനങ്ങൾക്ക് മാർഗനിർദേശം നൽകിയിരുന്ന പെ. ബഹു. ഫിലിപ്സ് വടക്കേക്കളത്തിലച്ചന് നന്ദി രേഖപ്പെടുത്തുന്നു. പുതിയതായി ചുമതലയേറ്റ വികാരി ജനറാൾ പെ. ബഹു. തോമസ് പാടിയത്ത് അച്ചന് സ്വാഗതം നേരുന്നു.

## മാക് ടിവി. കരിയർ ബീംസ് (Career Beams)

അതിരുപതയുടെ പുതിയ കാൽവെയ്പായ മാക് ടിവി (MAAC TV)ക്കു വേണ്ടി CAHRD ട്രസ്റ്റ് അവതരിപ്പിക്കുന്ന Career Beams 19.06.2020 മുതൽ അവതരിപ്പിച്ചു തുടങ്ങി. കരിയർ സമ്പാദനത്തിനു സഹായിക്കുന്ന വിവിധ വിഷയങ്ങളെയും കോഴ്സുകളെയും അധികരിച്ച് മറ്റ് ഏജൻസികളോടും സഹകരിച്ച് നാളിതുവരെ ഇരുപത് എപ്പിസോഡുകൾ അവതരിപ്പിച്ചു.

## SMYM യുവദീപ്തി ഫോക്കസ് 2020

അതിരൂപതാ യുവദീപ്തി 16 ഫൊറോനാസമിതികളുടെ അടിസ്ഥാനത്തിൽ ജൂൺ 22, 24, 26 തീയതികളിൽ പൊതുമേഖലയിലുള്ള കരിയർ സാദ്ധ്യതക

ളെക്കുറിച്ച് സംഘടിപ്പിച്ച ഫോക്കസ് 2020ൽ ഡോ. പി.സി. അനിയൻകുഞ്ഞ് ഓൺലൈൻ ക്ലാസ്സുകൾ നയിച്ചു.

കൊല്ലം-ആയൂർ മേഖലയിലെ SMYM മുൻകൈയെടുത്ത് ആഗസറ്റ് 6,13 തീയതികളിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പാസായ വിദ്യാർത്ഥികൾക്കുവേണ്ടി കോഴ്സ് തെരഞ്ഞെടുക്കുന്നതിലും കരിയർ സംബന്ധവുമായ ഓൺലൈൻ കൗൺസിലിംഗ് നടത്തി. ഡോ. പി.സി. അനിയൻകുഞ്ഞ് നേതൃത്വം നൽകി.

മത്സരപരീക്ഷകൾക്കുള്ള അതിരൂപതാ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ (CATICE) മുമ്പ് നടത്തിവന്നിരുന്ന LDC പരീക്ഷ തയ്യാറെടുപ്പിന്റെ തുടർച്ചയായി ഓൺലൈൻ ക്ലാസ്സുകൾ സെപ്റ്റംബർ 1-ാം തീയതി മുതൽ പുനരാരംഭിക്കുന്നു. കോഴ്സിൽ പുതിയതായി ചേരുവാൻ താത്പര്യമുള്ളവർ താഴെ കാണുന്ന നമ്പരിൽ വിളിക്കാവുന്നതാണ്.

**ബിബിൻ മാത്യൂസ്**
(കോർഡിനേറ്റർ)
8156921463

**CATICE ഓഫീസ്**
8075473727

സിവിൽ സർവീസ് പാർട്ട് ടൈം പ്രോഗ്രാമിലേക്ക് പ്രവേശനം തുടരുന്നു. ഡിഗ്രി കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ചേരാവുന്നതാണ്.

**ഡോ. പി.സി. അനിയൻകുഞ്ഞ്**
(ഡയറക്ടർ)
CCSI & CATICE

# ചാരിറ്റി വേൾഡ് ട്രസ്റ്റ്
# CHARITY WORLD TRUST

**കൈ കോർക്കുന്ന കാരുണ്യം**

## 1. ചങ്ങനാശേരിയുടെ കാരുണ്യം പെട്ടിമുടിയിലേയ്ക്ക്

2020 ആഗസ്റ്റ് മാസത്തിൽ മൂന്നാർ രാജമല പെട്ടിമുടിയിൽ ഉണ്ടായ ഉരുൾപൊട്ടൽ നാടിനെ ഒന്നാകെ ദുഃഖത്തിലാഴ്ത്തിയ ദുരന്തമായിരുന്നു. ആ പ്രകൃതി ദുരന്തത്തിൽ നിരവധി പേർക്ക് ജീവഹാനിയും, വീടും, സാധനങ്ങളും ഉൾപ്പെടെ മുഴുവൻ നഷ്ട പ്പെടുകയുണ്ടായി. പ്രസ്തുത സ്ഥലത്തേയ്ക്ക് ആദ്യമായി സഹായം എത്തിച്ചത് ചാരിറ്റി വേൾഡായിരുന്നു. പൊതുസമൂഹത്തിൽ നിന്നും പ്രത്യേകിച്ച് ജാതി, മത, രാഷ്ട്രീയ വ്യത്യാസമില്ലാതെ അതുപോലെ എഫ്.സി.സി, സി.എം.സി, എസ്. എ.ബി.എസ്, സിസ്റ്റേഴ്സ് ഓഫ് അഡോറസ് എന്നിവരിൽ നിന്നും സമാഹരിച്ച പണം കൊണ്ടാണ് ദുരന്തത്തിൽ പെട്ടവരെ സഹായിക്കുവാൻ സാധിച്ചത്. ഒരു ടോറസ് നിറയെ കട്ടിൽ, മെത്ത, വസ്ത്രങ്ങൾ, കരിമ്പടം, പാത്രങ്ങൾ മുതലായ സാധനങ്ങളാണ് പെട്ടിമുടിയിൽ എത്തിച്ചത്. ആഗസ്റ്റ് 14-ാം തീയതി വൈകിട്ട് 6 മണിക്ക് മീഡിയാ വില്ലേജിൽ നടത്തപ്പെട്ട സഹായ സാധനങ്ങൾ അടങ്ങിയ വണ്ടി യുടെ ഫ്ളാഗ് ഓഫ് കർമ്മസമ്മേളനം എസ്.എസ്.ഡി.പി. ചങ്ങനാശേരി താലൂക്ക് യൂണിയൻ പ്രസിഡന്റ് ശ്രീ. ഗിരീഷ് കോനാട്ട് ഉദ്ഘാടനം ചെയ്തു. ഫ്ളാഗ് ഓഫ് കർമ്മം മുൻസിപ്പൽ ചെയർമാൻ ശ്രീ. സാജൻ ഫ്രാൻസിസ് നിർവ്വഹിച്ചു. ഫാ. ആന്റണി ഏത്തയ്ക്കാട്ട്, ഫാ. ജോസ് നിലവന്തറ, ഫാ. ജോഫി പുതുപ്പറമ്പിൽ, ശ്രീ. ജോൺസൺ പെരുമ്പായിൽ, ശ്രീ. മനോജ് പാലാത്ര തുടങ്ങിയവർ പ്രസംഗിച്ചു. ആഗസ്റ്റ് 15-ാം തീയതി രാവിലെ 5 മണിക്ക് ചാരിറ്റി വേൾഡ് ടീം, ഫാ. സെബാസ്റ്റ്യൻ പുന്നശേരിയുടെ നേതൃത്വത്തിൽ പെട്ടിമുടിയിലേയ്ക്ക് പുറ പ്പെട്ടു. 2018-ലും, 2019-ലും ഇതുപോലെ തന്നെ പ്രകൃതി ദുരന്തത്തിൽപെട്ടവരെ ചാരിറ്റിവേൾഡ് സഹായിച്ചിട്ടുണ്ട്.

## 2. ആരോഗ്യഗ്രാമം പദ്ധതി സമാപനത്തിലേയ്ക്ക്

2018-ലെ മഹാപ്രളയം പ്രഹരമേല്പിച്ച കുട്ടനാട്ടിലെ മുട്ടാർ, രാമങ്കരി, വെളിയ നാട് പഞ്ചായത്തുകളിൽ കഴിഞ്ഞ ഒരു വർഷമായി നടപ്പിലാക്കി വരുന്ന പദ്ധതി യാണ് ആരോഗ്യഗ്രാമം. ആരോഗ്യം, ശുചിത്വം, ശുദ്ധജലം, ശൗചാലയം എന്നി വയ്ക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള ഒരു വലിയ മുന്നേറ്റമാണ് ഈ മൂന്നു പഞ്ചായത്തുകളിലും നടത്തിയത്. മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്ത പ്രസ്തുത പദ്ധതി ഔദ്യോഗികമായി ജൂലൈ 31-ന് സമാപിച്ചു. കോവിഡ് കാലമായതുകൊണ്ട് സമാപന സമ്മേളനം ഉചിതമായ സമയത്ത് പിന്നീട് നടത്തു ന്നതായിരിക്കും. മൂന്നു പഞ്ചായത്തുകളിലായി 130 ഓളം ആരോഗ്യബോധവ ത്ക്കരണ ഹെൽത്ത് ക്യാമ്പുകളും, 28 പുതിയ ശൗചാലയങ്ങളും, 152 സെപ്റ്റിക് ടാങ്കുകളും, 58 ശൗചാലയങ്ങളുടെ നവീകരണവും നടത്തുകയുണ്ടായി. കൂടാതെ 2019 ഒക്ടോബർ 2-ന് 7000-ൽ പരം ആളുകൾ കൈകോർത്തുകൊണ്ട് മുട്ടാറിൽ

5 മണിക്കൂർ മെഗാക്ളീനിംഗും നടത്തുകയുണ്ടായി. ബെയറിന്റെയും കൺസേൺ ഇന്ത്യ ഫൗണ്ടേഷന്റെയും സഹായത്തോടെയാണ് ചാരിറ്റി വേൾഡ് ആരോഗ്യ ഗ്രാമം പദ്ധതി നടപ്പിലാക്കിയത്. ജനകീയമായ മുന്നേറ്റത്തിലൂടെയാണ് മൂന്നു പഞ്ചായത്തുകളിലും പദ്ധതികൾ നടപ്പിലാക്കിയത്. ജാതി, മത, രാഷ്ട്രീയ ഭേദ മില്ലാതെയുള്ള നല്ല സഹകരണത്തിന് നന്ദി.

## 3. ന്യൂട്രീഷ്യസ് കിറ്റ് വിതരണം

1000 മാനസിക ഭിന്നശേഷിക്കാരായ കുട്ടികളും, അവരുടെ കുടുംബങ്ങളും അടങ്ങുന്ന റെയിൻബോ കെയർ പദ്ധതിയുടെ 20 പരിപാടികളിൽ ഒന്നാമത്തെ പരിപാടിയായ പോഷകാഹാര വിതരണം ജൂൺമാസം 29–ാം തീയതി നടത്ത പ്പെട്ടു. 1000 മാനസിക ഭിന്നശേഷിക്കാരായ കുട്ടികളുടെ ആരോഗ്യസംരക്ഷണ ത്തിനുള്ള ഗുണനിലവാരമുള്ള ഭക്ഷണസാധനങ്ങൾ അടങ്ങിയ കിറ്റുകളാണ് ന്യൂട്രീഷ്യസ് കിറ്റുകൾ. രാമങ്കരി സഹൃദയ, പാറേൽ സേവാനികേതൻ, കുറുമ്പ നാടം ജീവോദയ, ഇത്തിത്താനം ആശാഭവൻ, ചീരഞ്ചിറ ജിമ്മി പടനിലം സെന്റർ ഫോർ സ്പെഷ്യൽ നീഡ്സ് എന്നീ സ്കൂളുകളിലുള്ള 400 കുട്ടികൾക്കാണ് ആദ്യപടിയായി കിറ്റുകൾ നല്കിയത്. രാമങ്കരി സഹൃദയ സ്പെഷ്യൽ സ്കൂളിൽ ഫാ. സെബാസ്റ്റ്യൻ പുന്നശേരി, പാറേൽ സേവാനികേതൻ ഫാ. ജോസ് നിലവ ന്തറ, കുറുമ്പനാടം ജീവോദയയിൽ എസ്.എസ്.ഡി.പി. ചങ്ങനാശേരി താലൂക്ക് യൂണിയൻ പ്രസിഡന്റ് ശ്രീ. ഗിരീഷ് കോനാട്ട്, ഇത്തിത്താനം ആശാഭവനിൽ എൻ.എസ്.എസ്. ചങ്ങനാശേരി താലൂക്ക് യൂണിയൻ പ്രസിഡന്റ് ശ്രീ. ഹരികു മാർ കോയിക്കൽ എന്നിവർ ന്യൂട്രീഷ്യസ് കിറ്റുകളുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചു. 3 വർഷം കൊണ്ട് 20 പദ്ധതികൾ മാനസിക ഭിന്നശേഷിക്കാരായ കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും ലഭ്യമാകും.

## 4. നൈപുണ്യവികസന സെമിനാർ

ചാരിറ്റി വേൾഡ് ട്രസ്റ്റിലെ സ്റ്റാഫ് അംഗങ്ങളുടെ നൈപുണ്യ വികസനത്തി നായുള്ള സെമിനാർ ജൂലൈ 15, 17 തീയതികളിൽ ജിമ്മി പടനിലം സെന്ററിൽ നടത്തപ്പെട്ടു. വ്യക്തിത്വ വികസനം ലഭ്യമാക്കിയുള്ള പ്രസ്തുത സെമിനാർ ശ്രീ. മാർട്ടിൻ, ശ്രീ. ഫിലിപ്പ് എന്നിവർ നയിക്കുകയുണ്ടായി. 20 ഓളം സ്റ്റാഫ് അംഗ ങ്ങൾ പങ്കെടുത്തു.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**
എക്സിക്യൂട്ടീവ് ഡയറക്ടർ, 9447564836

## കരിസ്മാറ്റിക് സോണൽ സർവ്വീസ് ടീം

കോവിഡ് 19 പശ്ചാത്തലത്തിൽ ടീം മീറ്റിംഗുകളോ മറ്റു പ്രവർത്തനങ്ങളോ ഇപ്പോൾ നടക്കുന്നില്ലല്ലോ. എന്നാൽ ഗൂഗിൾ മീറ്റ് ആപ്ലിക്കേഷനിലൂടെ KCCRST യുമായുള്ള കോൺഫറൻസ് നടത്തപ്പെടുകയുണ്ടായി. കൂടാതെ മിനിസ്ട്രികളുമായുള്ള എല്ലാ കൂട്ടായ്മകളും സജീവമായി നടത്തപ്പെടുന്നു. മദ്ധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ എല്ലാ ബുധനാഴ്ചകളിലും 8 pm - 9 pm വരെ ഗൂഗിൾ മീറ്റ് ആപ്ലിക്കേഷനിലൂടെ സബ്റീജിയൻ തലത്തിൽ പ്രാർത്ഥനാ കൂട്ടായ്മകൾ ഉണ്ടായിരിക്കുന്നതാണ്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ എല്ലാവരും ഈ പ്ലാറ്റ്ഫോമിൽ സജീവമായി പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പുതിയ സർവ്വീസ് അംഗങ്ങളുടെ പേരുകൾ

**മോൻ ചെത്തിമറ്റം**
(കോർഡിനേറ്റർ)

**ഫാ. മാത്യു താന്നിയത്ത്**
(ആനിമേറ്റർ)

**ടീം അംഗങ്ങൾ**

| | |
|---|---|
| ആനിമേറ്റർ | : റവ. ഫാ. മാത്യു താന്നിയത്ത് |
| കോർഡിനേറ്റർ | : മോൻ ചെത്തിമറ്റം, തോട്ടയ്ക്കാട്ട് |
| സെക്രട്ടറി | : സെബാസ്റ്റ്യൻ ഡൊമിനിക്, കരിപ്പാപറമ്പിൽ, ഏലംകുന്ന് |
| ട്രഷറർ | : തോമസ് ഫിലിപ്, തെക്കേപടിപുരയ്ക്കൽ |
| | ലാലിച്ചൻ നെല്ലിയ്ക്കൽ, മെമ്പർ നെടുമണ്ണി |
| | ലില്ലിക്കുട്ടി തോമസ്, ആയല്ലൂർ മെമ്പർ |
| | മറിയമ്മ ജോണി, കല്ലുപുരയ്ക്കൽ, മെമ്പർ പുളിങ്കുന്ന് |
| | സാലു തോമസ്, മാരൂർ, മണിമല |
| | സി. ചെറുപുഷ്പം SABS |
| | ബേബിച്ചൻ, പൊരിയംവേലി, പൊങ്ങ |
| | റ്റോമിച്ചൻ പുല്ലങ്കാവിൽ, കരിമ്പനക്കുളം (Ex officio) |
| Kala Advisory Members | ജയിംസ് എൻ.ജെ. നടുവിലേപറമ്പിൽ, കുറുമ്പനാടം |
| | ജോഷിമ എബി, പൊങ്ങ |

## ലൂർദ്ദ് മാതാ സൺഡേസ്കൂൾ മാമ്മൂട്
### ചങ്ങനാശേരി അതിരൂപത

# 6-ാമത് അഖിലകേരളാനവമാലിക ഓൺലൈൻ മിഷൻക്വിസ്

### 2020 ഒക്ടോബർ 2-ാം തീയതി വൈകുന്നേരം

പ്രിയ ബഹു. അച്ചാ/സിസ്റ്റർ/സാർ,

ലൂർദ്ദ് മാതാ സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ സീറോമലബാർ, സീറോമലങ്കര, ലത്തീൻ രൂപതകളിലെ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന നവമാലിക മിഷൻ ക്വിസ് മത്സരം 2020 ഒക്ടോബർ 2-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം Online platform-ൽ നടത്തപ്പെടുന്നതാണ്.

മിഷൻലീഗിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയും വേദപാരംഗതയുമായ വി. കൊച്ചുത്രേസ്യായുടെ ആത്മകഥയായ 'നവമാലിക' കുട്ടികളെ പരിചയപ്പെടുത്തുന്നതിനും ആധുനികലോകത്തിലെ ഏറ്റവും വലിയ വിശുദ്ധയെന്ന് വിഖ്യാതയായ ഈ പുണ്യവതിയുടെ ആത്മീയ ജീവിത മാതൃകയിൽ പുതിയ തലമുറയെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയാണ് നവമാലിക മിഷൻ ക്വിസ് സംഘടിപ്പിക്കുന്നത്.

മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സെപ്റ്റംബർ 30 ന് മുൻപ് താഴെ ക്കാണുന്ന വാട്സ് ആപ്പ് നമ്പറുകളിൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് താത്പര്യപ്പെടുന്നു. 9447569629, 9446713523

**റവ. ഡോ. ജോൺ വി. തടത്തിൽ**
(വികാരി)

**ഈശോ തോമസ് കുടകശ്ശേരി**
(ഹെഡ്മാസ്റ്റർ)

**റവ. ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

**ജോൺസൺ കുര്യാക്കോസ് വട്ടപ്പറമ്പിൽ**
(കൺവീനർ)

## നിർദ്ദേശങ്ങൾ

- 4 മുതൽ 12 വരെയുള്ള സൺഡേസ്കൂൾ കുട്ടികൾക്ക് പങ്കെടുക്കാം.
- ഓരോ ഇടവകയിൽനിന്നും പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണത്തിൽ നിബന്ധനകളില്ല.
- ഫാ. ഹെർമാൻ ഒ.സി.ഡി. വിവർത്തനം ചെയ്ത പുസ്തകത്തിൽനിന്നുമാണ് ചോദ്യങ്ങൾ (St. Joseph Bookstallൽ ലഭ്യമാണ്).
- പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും e certificate നൽകുന്നതാണ്.
- സമ്മാനങ്ങൾ ഒക്ടോബർ 4-ാം തീയതി ഞായറാഴ്ച 11 മണിക്ക് മാമ്മൂട് ലൂർദ്ദ് മാതാ പള്ളിയുടെ അലൻസോൺ ഓഡിറ്റോറിയത്തിൽവച്ച് വിതരണം ചെയ്യുന്നതാണ്.

## സമ്മാനങ്ങൾ

| | | |
|---|---|---|
| ഒന്നാംസമ്മാനം | 2501 രൂപയും | ട്രോഫിയും പ്രശംസാപത്രവും |
| രണ്ടാംസമ്മാനം | 2001 രൂപയും | ,, |
| മൂന്നാംസമ്മാനം | 1501 രൂപയും | ,, |
| നാലാംസമ്മാനം | 1001 രൂപയും | ,, |
| അഞ്ചാംസമ്മാനം | 501 രൂപയും | ,, |

6 മുതൽ 10 വരെയുള്ളവർക്ക് 500 രൂപയും പ്രശംസാപത്രവും

**പൗരോഹിത്യ ആദ്ധ്യാത്മികത:**
**വചനവിചിന്തനങ്ങൾ**

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**



**156**

# പുരോഹിതനും നാവിന്റെ ഉപയോഗവും

(തിരുവചനഭാഗം: യാക്കോബ് 3,1–26)

നാവിന്റെ ഉപയോഗത്തെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ യാക്കോബിന്റെ ലേഖനം പ്രതിപാദിക്കുന്നത്. മനുഷ്യൻ അവശ്യം സാമൂഹികജീവിയാണ്. മറ്റുള്ളവരുമായി ബന്ധപ്പെട്ടു ജീവിക്കുവാൻ മനുഷ്യനെ ഏറ്റവും അധികം സഹായിക്കുന്ന അവയവം നാവാണ്. അതുകൊണ്ട് നാവിന്റെ ഉപയോഗം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. അതുപോലെതന്നെ, വിശുദ്ധി എന്നത് സ്നേഹമാണെങ്കിൽ സ്നേഹബന്ധത്തിന് ഏറ്റം നിർണ്ണായകമായിത്തീരുന്നതും നാവുതന്നെയാണ്.

ഈ അദ്ധ്യായം താഴെക്കാണുംവിധം വിഭജിക്കാം.

1. നാവിനെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത (3,1–4)
2. നാവിന്റെ നശീകരണസ്വഭാവം (3,5–8)
3. നാവിൽനിന്നു നന്മയും തിന്മയും (3,9–12)
4. ഭൗമികജ്ഞാനം (3,13–16)
5. ദൈവികജ്ഞാനം (3,17–18)

ഈ തിരുവചനഭാഗത്തിന്റെ വെളിച്ചത്തിൽ പുരോഹിതരുടെ ആദ്ധ്യാത്മികതയ്ക്ക് ഉപകരിക്കുന്ന വിചിന്തനങ്ങളാണ് താഴെ കൊടുക്കുന്നത്.

## 1. നാവിന്റെ ഉപയോഗം സഭാശുശ്രൂഷയിൽ

*''എന്റെ സഹോദരരേ, നിങ്ങളിൽ അധികം പേർ പ്രബോധകരാകാൻ തുനിയരുത്. എന്തെന്നാൽ, കൂടുതൽ കർശനമായ വിധിക്കു നാം അർഹരാകുമെന്നു മനസ്സിലാക്കുവിൻ''* (3,1).

ആദിമസഭയിൽ പ്രബോധകരും പ്രവാചകരുമുണ്ടായിരുന്നു (ശ്ലീഹ 13,1). 'പ്രബോധകർ' എന്നു വിശേഷിപ്പിക്കപ്പെടുന്നത് ശ്ലീഹന്മാരുടെ പിൻഗാമികളാണ്. സഭാസമൂഹം ''ശ്ലീഹന്മാരും പ്രവാചകരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ട സമൂഹമാണ്'' (എഫേ 2,20). ശ്ലീഹന്മാരുടെ അടിസ്ഥാനപരമായ ദൗത്യം പ്രബോധനമായിരുന്നു. ആദിമക്രൈസ്തവസമൂഹം ശ്ലൈഹികപ്രബോധനത്തിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നിരുന്നു എന്നു പറയുന്നുണ്ടല്ലോ

(ശ്ലീഹ 2,42). ശ്ലൈഹികപ്രബോധനം സഭയെ വിശ്വാസികളുടെ സമൂഹമായി പടുത്തുയർത്തുന്ന പ്രബോധനമാണ്. അതുകൊണ്ട് വളരെ ഉത്തരവാദിത്വബോധത്തോടെ നിർവഹിക്കേണ്ട ഒരു ദൗത്യമാണത്. പ്രബോധനത്തിന്റെ ഈ പ്രാധാന്യമാണ് 'നിങ്ങളിലധികം പേർ പ്രബോധകരാകാൻ തുനിയരുത്' എന്നു പറയാൻ യാക്കോബ്ശ്ലീഹായെ പ്രേരിപ്പിക്കുന്നത്.

പ്രബോധനശുശ്രൂഷയിൽ നാവിന് വളരെ പ്രാധാന്യമുണ്ട്. നാവാണല്ലോ പ്രബോധനശുശ്രൂഷയുടെ പ്രധാന ഉപകരണം. നാവിനെ ഉത്തരവാദിത്വബോധത്തോടെ ഉപയോഗിച്ചില്ലെങ്കിൽ സഭയുടെ പ്രബോധനശുശ്രൂഷ വികലമായിത്തീരും. പ്രബോധകർ മനുഷ്യരായതുകൊണ്ട്, പ്രബോധനത്തിൽ മാനുഷിക താല്പര്യങ്ങൾ കടന്നുവരാൻ സാദ്ധ്യതയുണ്ട്. സഭയിൽ നല്കപ്പെടുന്ന പ്രബോധനം എപ്പോഴും സഭയുടെ ഔദ്യോഗിക പ്രബോധനത്തിന് അനുയോജ്യമായിരിക്കണം. സ്വന്തമായ താല്പര്യങ്ങൾ പ്രബോധനത്തിൽ കടന്നുകൂടാൻ അനുവദിക്കരുത്. സിനഗോഗ് പാരമ്പര്യത്തിന്റെ സ്വാധീനത്തിൽ യഹൂദക്രൈസ്തവസമൂഹത്തിൽ ബൈബിൾവായനയ്ക്കുശേഷം വചനം കേൾക്കുന്നവരും വചനവ്യാഖ്യാനം നടത്തുന്ന രീതിയും കടന്നുവന്നിട്ടുണ്ടായിരിക്കണം. അതുകൊണ്ട് വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട ഒന്നായി സഭയിലെ പ്രബോധനശുശ്രൂഷ തീർന്നിട്ടുണ്ടായിരുന്നിരിക്കണം. അതുകൊണ്ട് പ്രബോധനശുശ്രൂഷ നിർവഹിക്കുന്നവർ തങ്ങളുടെ നാവിന്റെ ഉപയോഗം വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യണം.

## 2. നാവിന്റെ ഉപയോഗം അനുദിനജീവിതത്തിൽ

*''നാമെല്ലാവരും പലവിധത്തിൽ തെറ്റുചെയ്യുന്നു. സംസാരത്തിൽ തെറ്റുവരുത്താത്ത ഏവനും പൂർണനാണ്. തന്റെ ശരീരത്തെ മുഴുവൻ നിയന്ത്രിക്കാൻ അവനു കഴിയും. നമ്മെ അനുസരിക്കുന്നതിനുവേണ്ടി കുതിരയുടെ നാവിൽ കടിഞ്ഞാൺ ഇടുമ്പോൾ, അതിന്റെ ശരീരം മുഴുവനെയും നാം നിയന്ത്രിക്കുകയാണു ചെയ്യുന്നത്''* (3,2-3).

അനുദിനജീവിതത്തിൽ നാവിന്റെ ഉപയോഗം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. നാവിനെ നിയന്ത്രിച്ചാൽ ജീവിതത്തെ മുഴുവൻ നിയന്ത്രിക്കാൻ കഴിയും. നാവ് ശരീരത്തിലെ ചെറിയ ഒരു അവയവമാണെങ്കിലും ശരീരത്തെ അഥവാ ജീവിതത്തെ മുഴുവനും നിയന്ത്രിക്കാൻ അതിനു കഴിയുമെന്നു കാണിക്കുവാൻ രണ്ട് ഉദാഹരണങ്ങളാണ് യാക്കോബ്ശ്ലീഹാ ഉപയോഗിക്കുന്നത്: 1. 'കടിഞ്ഞാൺ'; 2. 'ചുക്കാൻ'. കടിഞ്ഞാണിന് കുതിരയെ മുഴുവൻ നിയന്ത്രിക്കുവാൻ സാധിക്കുന്നു. ചെറിയ ചുക്കാൻ ഭീമാകാരമായ കപ്പലിനെ മുഴുവൻ നിയന്ത്രിക്കാൻ ഉപകരണമാകുന്നു (3,4-5). അതുപോലെ നാവിനെ നിയന്ത്രിച്ചാൽ മനുഷ്യജീവിതത്തെ മുഴുവൻ നിയന്ത്രിക്കുവാൻ കഴിയും. യഥാസമയത്തുള്ള ഒരു ഉചിതമായ വാക്ക് എന്തുമാത്രം നന്മയ്ക്കു കാരണമാകുന്നുവെന്നതും, ശ്രദ്ധയില്ലാതെ അസമയത്തോ അസ്ഥാനത്തോ പറയുന്ന ഒരു വാക്ക് എത്രമാത്രം അസ്വസ്ഥത ഉണ്ടാക്കുമെന്നതും എല്ലാവരുടെയുംതന്നെ അനുഭവമാണ്.

നാവ് തീയാണ് എന്നാണ് വി. യാക്കോബ് പറയുന്നത്. ഒരു തീപ്പൊരിക്ക് വൻകാടുകളെ ചാമ്പലാക്കുവാൻ കഴിയും. അതുപോലെ നാവാകുന്ന തീപ്പൊരിക്ക് ലോകമാകുന്ന, അഥവാ മനുഷ്യകുലമാകുന്ന കാടിനെ നശിപ്പിക്കാൻ കഴിയും. പരസ്പര വിനിമയത്തിനു മാധ്യമമായി വർത്തിക്കുന്ന നാവിനെ ശരിയായ

വിധത്തിൽ വിനിയോഗിക്കാൻ കഴിഞ്ഞില്ലെങ്കിൽ മനുഷ്യജീവിതം ദുസ്സഹമായിത്തീരും. നല്ലതു പറയുന്നതും സഹോദരനെ വേദനിപ്പിക്കുന്നത് പറയാതിരിക്കുന്നതിലുമാണ് നാവിന്റെ ശരിയായ വിനിയോഗം. വി. പൗലോസ്ശ്ലീഹാ 'സ്വാതന്ത്ര്യത്തിന്റെ നിയമം' അഥവാ 'സ്നേഹത്തിന്റെ നിയമം' (ഗലാ 5,13-14) എന്നു പറയുന്നതുതന്നെയാണിത്. തിടുക്കംകൂട്ടി സംസാരിക്കുമ്പോൾ സഹോദരനെക്കുറിച്ചു പരിഗണനയില്ലാതെ പോയേക്കാം. കാരണമില്ലാതെ അവനോടു കോപിക്കാനും ഇടയായേക്കാം. കേൾക്കാൻ വേഗമുള്ളവരും സംസാരിക്കാനും കോപിക്കാനും വിളംബമുള്ളവരുമായിരിക്കണമെന്ന് ഉപദേശിക്കുമ്പോഴും (1,10) യാക്കോബ്ശ്ലീഹാ ഉദ്ദേശിക്കുന്നത് ഇതുതന്നെയാണ്. ദൈവജനവുമായി നിരന്തരം ബന്ധപ്പെടുന്ന പുരോഹിതനെ സംബന്ധിച്ചിടത്തോളം ഇതിന്റെ പ്രാധാന്യം എത്രമാത്രമെന്ന് നമുക്കു മനസ്സിലാക്കാവുന്നതേയുള്ളു.

## 3. സ്തുതിക്കുന്ന നാവ് ശപിക്കുന്നതാവരുത്

*''ഈ നാവുകൊണ്ടു കർത്താവിനെയും പിതാവിനെയും നാം സ്തുതിക്കുന്നു. ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യരെ അതേ നാവുകൊണ്ടു ശപിക്കുകയും ചെയ്യുന്നു. ഒരേ വായിൽനിന്ന് അനുഗ്രഹവും ശാപവും പുറപ്പെടുന്നു. എന്റെ സഹോദരരേ, ഇത് ഉചിതമല്ല''* (3,9-10).

ദൈവത്തെ സ്തുതിക്കാനായി നാവ് ഉപയോഗിക്കുന്നത് ശരിയായ വിനിയോഗത്തിന്റെ ഭാഗമാണ്. കാരണം, ദൈവമാണ് നമ്മെയും, നമുക്കു ജീവിക്കാനും ആസ്വദിക്കാനുമായി മനോഹരമായി ഈ പ്രപഞ്ചത്തെയും സൃഷ്ടിച്ചത്. സ്തുതിക്കുക എന്നു വച്ചാൽ ദൈവത്തിന്റെ നന്മയെ അംഗീകരിക്കുക എന്നാണർത്ഥം. നമ്മുടെ ജീവനും നമുക്കുള്ളതും നല്കുകയും ഇപ്പോഴും നല്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ദൈവത്തെ സ്തുതിക്കുക എന്നത് നമ്മുടെ ജീവിതത്തിൽ പ്രഥമസ്ഥാനം അർഹിക്കുന്ന പ്രാർത്ഥനയാണ്. 'സ്തുതിക്കുക' എന്നതിന് ഗ്രീക്കു ഭാഷയിൽ ഉപയോഗിക്കുന്ന വാക്ക് 'എവുളോഗെയിൻ' എന്നാണ്. ഈ വാക്കിന്റെ അർത്ഥം 'നല്ലതു പറയുക' എന്നാണ്. നാം ദൈവത്തെ സ്തുതിക്കുമ്പോൾ, ദൈവം നല്ലവനാണെന്ന് നാം ഏറ്റുപറയുകയാണ്.

അപ്രകാരം ദൈവത്തെക്കുറിച്ചു നല്ലതു പറയുന്ന നാവ് ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെക്കുറിച്ചും നല്ലതു പറയുന്ന നാവായിരിക്കണം. എന്നാൽ പലപ്പോഴും സ്തുതിക്കാനുപയോഗിക്കുന്ന നാവുകൊണ്ടുതന്നെ ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സഹോദരനെ ശപിക്കുകയും ചെയ്യുന്നു എന്നതാണ് മനുഷ്യരുടെ പ്രശ്നം. ക്രൈസ്തവവിശ്വാസിയെ സംബന്ധിച്ച് ഇത് ഉചിതമല്ല എന്ന് യാക്കോബ്ശ്ലീഹാ അനുസ്മരിപ്പിക്കുന്നു. കാരണം, ഒരേ അരുവിയിൽനിന്ന് മധുരജലവും കയ്പുജലവും ഉത്ഭവിക്കില്ല. പ്രകൃതിയിൽനിന്നുള്ള മറ്റൊരു ഉദാഹരണവും ഇതിനെ സ്ഥിരീകരിക്കുവാൻ ശ്ലീഹാ ഉപയോഗിക്കുന്നു. ഓരോ വൃക്ഷവും അതിന്റെ സ്വഭാവമനുസരിച്ചുള്ള ഫലമേ പുറപ്പെടുവിക്കൂ. അത്തിമരത്തിൽനിന്ന് ഒലിവുഫലങ്ങളോ മുന്തിരിച്ചെടിയിൽനിന്ന് അത്തിപ്പഴങ്ങളോ ലഭിക്കാറില്ല. ഈശോയുടെ വാക്കുകൾതന്നെയാണ് ഇവിടെ പ്രതിഫലിക്കുന്നത്: ''നല്ല വൃക്ഷം ചീത്ത ഫലങ്ങൾ പുറപ്പെടുവിക്കുന്നില്ല. ... ഹൃദയത്തിന്റെ നിറവിൽനിന്നാണല്ലോ അധരം സംസാരിക്കുന്നത് (ലൂക്കാ 6,43-45). സാധാരണ മനുഷ്യരെ സംബന്ധിച്ച് ഇത്രമാത്രം പ്രാധാന്യമർഹിക്കുന്ന ഈ ഉപദേശത്തിന് പുരോഹിതശുശ്രൂഷയിലുള്ള പ്രസക്തി വ്യക്തമാണല്ലോ.

## 4. ദൈവികജ്ഞാനവും പരിശുദ്ധിയും

*''എന്നാൽ, ഉന്നതത്തിൽനിന്നുള്ള ജ്ഞാനം ഒന്നാമത് ശുദ്ധവും പിന്നെ സമാധാനപൂർണവും വിനീതവും വിധേയത്വമുള്ളതും കാരുണ്യവും സത്ഫലങ്ങളും നിറഞ്ഞതുമാണ്. അത് അനിശ്ചിതമോ ആത്മാർത്ഥതയില്ലാത്തതോ അല്ല. സമാധാനസ്രഷ്ടാക്കൾ നീതിയുടെ ഫലം സമാധാനത്തിൽ വിതയ്ക്കുന്നു''* (3,17–18).

ദൈവികജ്ഞാനംകൊണ്ടുമാത്രമേ പ്രലോഭനങ്ങളെ അതിജീവിക്കാൻ സാധിക്കുകയുള്ളൂ (യാക്കോ 1,5). നാവിന്റെ ഉപയോഗം ഒരു പ്രലോഭനാവസരമാണ്. ഇവിടെയും വിജയിക്കണമെങ്കിൽ വിജ്ഞാനം ആവശ്യമാണ്. ജ്ഞാനിയെ വിവേകിയായാണ് യാക്കോബ്ശ്ലീഹാ കാണുന്നത്: ''നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായവൻ ആരാണ്''? (യാക്കോ 3,13) എന്ന ചോദ്യത്തിൽനിന്നിതു വ്യക്തമാണ്. വിജ്ഞാനം യഥാർത്ഥത്തിൽ പ്രായോഗികവിവേകംതന്നെയാണ്. ജ്ഞാനി എന്ന പേരിൽ ഭുവനപ്രസിദ്ധനായ സോളമന്റെ സാക്ഷ്യം ശ്രദ്ധേയമാണ്: ''ഞാൻ പ്രാർത്ഥിച്ചു; എനിക്കു വിവേകം ലഭിച്ചു. ഞാൻ ദൈവത്തെ വിളിച്ചപേക്ഷിച്ചു; ജ്ഞാനത്തിന്റെ ചൈതന്യം എനിക്കു ലഭിച്ചു'' (ജ്ഞാനം 7,7). ദൈവഹിതം വിവേചിച്ചറിയാനുള്ള വിവേകമാണ് ദൈവികജ്ഞാനം പ്രദാനം ചെയ്യുന്നത്.

ദൈവികജ്ഞാനത്തിന്റെ സവിശേഷതകൾ യാക്കോബ്ശ്ലീഹാ വ്യക്തമാക്കുന്നുണ്ട്. ഉന്നതത്തിൽനിന്നുള്ള ജ്ഞാനം പരിശുദ്ധവും സമാധാനപരവും സൗമ്യവും വിധേയത്വപൂർവ്വകവുമാകുന്നു (3,17). ഉന്നതത്തിൽനിന്നുള്ള ജ്ഞാനം ദൈവത്തിൽനിന്നുള്ള ജ്ഞാനമാണ്. ദൈവികജ്ഞാനത്തിന്റെ സവിശേഷത, അത് പരിശുദ്ധവും സമാധാനപരവും സൗമ്യവും വിധേയത്വപൂർണ്ണവുമാകുന്നു എന്നതാണ്. പരിശുദ്ധിയും സമാധാനവും സൗമ്യതയും ഒരുമിച്ചു പോകുന്നവയാണ്. പരിശുദ്ധ റൂഹായുടെ മുഖ്യഫലങ്ങളാണല്ലോ സമാധാനവും സൗമ്യതയും (ഗലാ 5,22). ഇപ്രകാരം പരിശുദ്ധവും സൗമ്യവും സമാധാനപൂർണ്ണവുമായ ജീവിതം നയിക്കുകയാണെങ്കിൽ നമ്മുടെ വാക്കുകൾ നല്ല മനുഷ്യബന്ധങ്ങൾ പടുത്തുയർത്തും. ഇപ്രകാരമുള്ള ഒരു ജീവിതവും അതിൽനിന്നുളവാകുന്ന വാക്കുകളുമാണ് ഒരു പുരോഹിതനു കൈമുതലായുണ്ടാകേണ്ടത്.

## 5. ഭൗമികജ്ഞാനവും അസമാധാനവും

*''എന്നാൽ, നിങ്ങൾക്കു കടുത്ത അസൂയയും ഹൃദയത്തിൽ സ്വാർത്ഥമോഹവും ഉണ്ടാകുമ്പോൾ, ആത്മപ്രശംസ ചെയ്യുകയോ സത്യത്തിനു വിരുദ്ധമായി വ്യാജം പറയുകയോ അരുത്. ഈ ജ്ഞാനം ഉന്നതത്തിൽനിന്നുള്ളതല്ല; മറിച്ച്, ഭൗമികവും സ്വാർത്ഥപരവും പൈശാചികവുമാണ്. എവിടെ അസൂയയും സ്വാർത്ഥമോഹവും ഉണ്ടോ അവിടെ ക്രമക്കേടും എല്ലാ ദുഷ്കർമ്മങ്ങളും ഉണ്ട്''* (3,14–16).

ദൈവികജ്ഞാനമുള്ള വ്യക്തി അവന്റെ നല്ല പെരുമാറ്റംവഴി വിവേകജന്യമായ വിനയത്തോടെ തന്റെ പ്രവൃത്തികളെ മറ്റുള്ളവർക്കു കാണിച്ചുകൊടുക്കട്ടെ എന്നാണ് യാക്കോബ്ശ്ലീഹായുടെ ആഹ്വാനം (3,13). ഈ ദൈവികവിജ്ഞാനമില്ലാത്ത വ്യക്തി അസൂയയും സ്വാർത്ഥമോഹവും നിറഞ്ഞ് ആത്മപ്രശംസയിലും സത്യത്തിനു വിരുദ്ധമായ വ്യാജസംഭാഷണത്തിലും മുഴുകി ജീവിക്കും. ഇത് ദൈവത്തിൽനിന്ന് അഥവാ ഉന്നതത്തിൽനിന്ന് അല്ലാത്തതിനാൽ ക്രമക്കേടിലേക്കും

എല്ലാത്തരം ദുഷ്കർമ്മങ്ങളിലേക്കും നയിക്കും. ഇപ്രകാരമുള്ള ജീവിതം നയിക്കുന്ന വ്യക്തിയുടെ ജ്ഞാനത്തെപ്പറ്റിയാണ് ഭൗമികം, സ്വാർത്ഥപരം, പൈശാചികം എന്നെല്ലാം യാക്കോബ്ശ്ലീഹാ വിശേഷിപ്പിക്കുന്നത് (3,15). കേവലം മാനുഷികജീവിതം നയിക്കുന്ന വ്യക്തികൾക്കെല്ലാം ഈ വിജ്ഞാനമാണുള്ളത്.

'മാനുഷികത' പലപ്പോഴും സാത്താന്റെ പ്രലോഭനങ്ങൾക്ക് അടിമപ്പെടുന്ന അവസ്ഥയാണ്. പത്രോസ്ശ്ലീഹായെ സഭയുടെ അടിത്തറയായി പ്രഖ്യാപിച്ചതിനു ശേഷം, ഈശോ തന്റെ പീഡാനുഭവത്തെക്കുറിച്ചും മരണത്തെക്കുറിച്ചും ഉത്ഥാനത്തെക്കുറിച്ചുമൊക്കെ പറഞ്ഞപ്പോൾ പത്രോസ് തടസ്സം പറഞ്ഞു. അപ്പോൾ പത്രോസിനോട് ഈശോ പ്രതികരിച്ചത്, ''സാത്താനേ, എന്റെ പിന്നിൽ പോകൂ... നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്'' എന്നായിരുന്നു (മത്താ 16,23). നമ്മുടെ മാനുഷികവും ഭൗതികവുമായ വിജ്ഞാനത്തിന്റെ വെളിച്ചത്തിൽമാത്രം സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് അപകടകരമാണ്. അതുകൊണ്ട് ആദ്ധ്യാത്മികജീവിതം അഥവാ ദൈവാരൂപിയാൽ നയിക്കപ്പെടുന്ന ജീവിതം നയിച്ച് നമ്മുടെ സംസാരത്തെ ക്രമീകരിക്കേണ്ടത് അടിസ്ഥാനപരമായ ഒരാവശ്യമാണ്. എല്ലാ ക്രൈസ്തവരെയും സംബന്ധിച്ചിടത്തോളം ഇതു പ്രസക്തമാണെങ്കിൽ അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന പുരോഹിതരെ സംബന്ധിച്ചിടത്തോളം ഇതിന്റെ പ്രാധാന്യം വ്യക്തമാണല്ലോ.

## ജീവിതസൂചിക

1. സഭയിലെ പ്രബോധനശുശ്രൂഷയ്ക്കായി നമ്മുടെ നാവിനെ നാം എപ്രകാരം ഉപയോഗിക്കണം?
2. അനുദിനജീവിതത്തിൽ എന്റെ നാവിനെ ഞാൻ നിയന്ത്രിക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ, എങ്ങനെ?
3. ദൈവത്തെ സ്തുതിക്കുന്ന എന്റെ നാവുകൊണ്ട് ഞാൻ മനുഷ്യരോട് എപ്രകാരം സംസാരിക്കണം?
4. ദൈവഹിതപ്രകാരം എന്റെ സംസാരത്തെ ക്രമീകരിക്കുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
5. എന്റെ സംസാരം അസമാധാനത്തിനും അസംതൃപ്തിക്കും കാരണമാകുന്നുണ്ടോ?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ജൂലൈ 2020**

27 ഉച്ചകഴിഞ്ഞ്, കെ. സി. ബി. സി എക്യുമെനിക്കൽ റീജിയണൽ സെക്രട്ടറിമാരുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു. വൈകുന്നേരം, പാസ്റ്ററൽ കൗൺസിൽ ഫാമിലി വെൽഫെയർ കമ്മിറ്റിയുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

28 രാവിലെ, കുറുമ്പനാടം സ്നേഹനിവാസിൽ പരി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ്, റീജൻസിക്കാർക്കുവേണ്ടി അതിരൂപതാ കേന്ദ്രത്തിൽ ക്രമീകരിക്കപ്പെട്ട മാസധ്യാനത്തോടനുബന്ധിച്ചു ക്ലാസെടുത്തു.

29 നാലുകോടി സെന്റ് തോമസ് ഇടവകാംഗമായ ശ്രീ. ബേബൻ വെട്ടിക്കാടിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു.

30 ഉച്ചകഴിഞ്ഞ്, സീറോ മലബാർ എക്യുമെനിക്കൽ ഡയറക്ടേഴ്സിന്റെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു. വൈകുന്നേരം, അതിരൂപതാകേന്ദ്രത്തിൽ ക്രമീകരിക്കപ്പെട്ട ഇൻർ-ഡിപ്പാർട്ട്മെന്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

31 രാവിലെ, അതിരൂപതാകേന്ദ്രത്തിൽ ചെങ്ങന്നൂർ, പന്തളം, അടൂർ, പത്തനാപുരം, കൊട്ടാരക്കര, മാവേലിക്കര എന്നീ ഇടവകകളിലെ വികാരിമാരുടെ നേതൃത്വത്തിൽ ഒത്തുകൂടിയ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ്, ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ എക്യുമെനിക്കൽ കമ്മിറ്റിയുടെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം, നെടുങ്കുന്നം ഫൊറോനാ കൗൺസിലിന്റെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ നേഴ്സുമാർക്കും നേഴ്സിംഗ് സ്റ്റുഡന്റ്സിനുമായി ക്രമീകരിക്കപ്പെട്ട ഓൺലൈൻ ധ്യാനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

**ആഗസ്റ്റ് 2020**

1 ഉച്ചകഴിഞ്ഞ്, തിരുവനന്തപുരം സോണിലെ മുതിർന്ന പൗരന്മാരുടെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം, പാസ്റ്ററൽ കൗൺസിൽ ഡി.സി.എം.എസ്., ലേബർ, ദളിത്, നാടാർ സബ് കമ്മിറ്റിയുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

2 ഉച്ചകഴിഞ്ഞ്, അതിരൂപതാകേന്ദ്രത്തിൽ ക്രമീകരിക്കപ്പെട്ട തത്തംപള്ളി ഭജനമഠത്തെ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്തു. 'ദേശീയ വിദ്യാഭ്യാസ നയം - 2020' ആധാരമാക്കി കോർപ്പറേറ്റിന്റെ ആഭിമുഖ്യത്തിൽ ക്രമീകരിക്കപ്പെട്ട ഓൺലൈൻ ക്ലാസിലും ചർച്ചയിലും പങ്കെടുത്തു.

3 ഉച്ചകഴിഞ്ഞ്, അതിരൂപതാകേന്ദ്രത്തിൽ ക്രമീകരിക്കപ്പെട്ട തത്തംപള്ളി ഭജനമഠത്തെ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്തു.

3 – 8 കെ.സി.ബി.സി. മെത്രാന്മാർക്കായി സംഘടിപ്പിച്ച ഓൺലൈൻ ധ്യാനത്തിൽ പങ്കെടുത്തു.

7 സംവരണേതരവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി സംവരണം അനുവദിക്കുന്ന കേന്ദ്രസർക്കാർ നയങ്ങൾ സംരക്ഷിക്കുന്നതിനായി എ.കെ.സി.സി. യുടെ ആഭിമുഖ്യത്തിൽ സന്ദേശനിലയത്തിൽ സംഘടിപ്പിച്ച ഏകദിന ഉപവാസസമരം ഉദ്ഘാടനം ചെയ്തു.

8 ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ക്രമീകരിക്കപ്പെട്ട വെബ്ബിനാറിൽ പങ്കെടുത്തു.

9 സിസ്റ്റേഴ്സ് ഓഫ് മേഴ്സി സന്യാസസമൂഹത്തിന്റെ നേതൃത്വത്തിൽ വിളക്കുടി, കാരേറ്റ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മാനസിക സാമൂഹിക പുനഃരധിവാസ കേന്ദ്രമായ സ്നേഹതീരം സന്ദർശിച്ചു. കൊട്ടാരക്കര സി.എം.എഫ് ആശ്രമാംഗങ്ങളെ സന്ദർശിച്ചു. നിർമ്മാണം പുരോഗമിക്കുന്ന പന്തളം, ചെങ്ങന്നൂർ പള്ളികൾ സന്ദർശിച്ചു. വൈകുന്നേരം, ജലപ്രളയത്തെത്തുടർന്നു ളായിക്കാട് സ്കൂളിൽ പ്രവർത്തനസജ്ജമായ റിലീഫ് ക്യാമ്പ് സന്ദർശിച്ചു. ജലപ്രളയത്തെത്തുടർന്നു കുട്ടനാട്ടിൽനിന്നു ചങ്ങനാശ്ശേരിയിലേക്ക് എത്തിയവരെ ചങ്ങനാശ്ശേരി ബോട്ടുജെട്ടിയിൽ സ്വീകരിച്ചു.

10 വൈകുന്നേരം, 5-ാമത് മഹായോഗത്തോടനുബന്ധിച്ചു തിരുവനന്തപുരം ഫൊറോനായിലെ ഇടവകവികാരിമാരുടെ ഓൺലൈൻ കോൺഫറൻസിൽ സന്ദേശം നൽകി.

11 രാവിലെ, എസ്.ബി. കോളേജിൽ അതിരൂപതാ വൈദികാർത്ഥികൾക്കൊപ്പം പരി. കുർബാന അർപ്പിച്ചു. കുറിച്ചി ശാന്തിഗിരി സെന്റ് ജോസഫ് ഇടവകാംഗമായ അന്നമ്മ ആലഞ്ചേരിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

12 രാവിലെ, കെ.സി.ബി.സി ലിറ്റർജിക്കൽ സ്പെഷ്യൽ കമ്മിറ്റി ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം, 'പൗരോഹിത്യ വെല്ലുവിളികൾ: ആത്മീയ ജീവിതം' എന്ന വിഷയത്തെ കേന്ദ്രീകരിച്ച് എടത്വ, ചമ്പക്കുളം, പുളിങ്കുന്ന്, കോട്ടയം, കുടമാളൂർ, അതിരമ്പുഴ, തിരുവനന്തപുരം, അമ്പൂരി, കൊല്ലം-ആയൂർ ഫൊറോനാകളിലെ വൈദികർക്കായി മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ ക്രമീകരിക്കപ്പെട്ട ഓൺലൈൻ ഓൺഗോയിംഗ് പരിശീലന ക്ലാസ് ഉദ്ഘാടനം ചെയ്തു.

13 രാവിലെ, ഓൺലൈൻ പെർമനന്റ് സിനഡിൽ പങ്കെടുത്തു. വൈകുന്നേരം, 'പൗരോഹിത്യ വെല്ലുവിളികൾ : ആത്മീയ ജീവിതം' എന്ന വിഷയത്തെ കേന്ദ്രീകരിച്ച് ചങ്ങനാശ്ശേരി, തുരുത്തി, കുറുമ്പനാടം, മണിമല, നെടുങ്കുന്നം, തൃക്കൊടിത്താനം, ഫൊറോനാകളിലെ വൈദികർക്കും തക്കല രൂപതയിലെ വൈദികർക്കുമായി മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ ക്രമീകരിക്കപ്പെട്ട ഓൺലൈൻ ഓൺഗോയിംഗ് പരിശീലന ക്ലാസിൽ പങ്കെടുത്തു.

14 രാവിലെ, ചങ്ങനാശ്ശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ അന്നേദിവസം ജന്മദിനം ആഘോഷിച്ച അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിനെയും, കോവിഡ് – 19 കാലഘട്ടത്തിൽ മരണപ്പെട്ട എല്ലാ ചങ്ങനാശ്ശേരി അതിരൂപതാംഗങ്ങളെയും, വിത്തുകളുടെയും വിളകളുടെയും സംരക്ഷകകൂടിയായ പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തോടനുബന്ധിച്ച് വിളകളുടെ സംരക്ഷണത്തെയും അനുസ്മരിച്ചു പരി. കുർബാന അർപ്പിച്ചു. തുടർന്ന്, 'ദൈവകൃപയുടെ തീർത്ഥാടനം : മാർ ആന്റണി പടിയറ' എന്ന ഗ്രന്ഥവും അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ നവതിയുടെ സ്പെഷ്യൽ സപ്ലിമെന്റും പ്രകാശനം ചെയ്തു. വൈകുന്നേരം, അതിരൂപതാ കേന്ദ്രത്തിൽ ഫാ. ജേക്കബ് വട്ടക്കാട് ചിട്ടപ്പെടുത്തിയ ക്രിസ്തീയഭക്തിഗാനങ്ങൾ റിലീസ് ചെയ്തു.

15 രാവിലെ, പുന്നപ്ര മാർ ഗ്രിഗോറിയസ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും നിർമ്മാണം പൂർത്തിയാക്കിയ പള്ളിമേടയുടെ ആശീർവ്വാദ കർമ്മം നിർവ്വഹിക്കുകയും ചെയ്തു. പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ ഇടവകാംഗമായ വെമ്പാടന്തറ ത്രേസ്യാമ്മ തോമസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ്, അതിരൂപതാ കേന്ദ്രത്തിൽ ഫാ. വർഗ്ഗീസ് കിളിയാട്ടുശ്ശേരിൽ സംവിധാനം ചെയ്ത ഷോർട്ട് ഫിലിം റിലീസ് ചെയ്തു.

17 പ്രളയ ദുരന്തത്തിൽ ലോവർ കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും ഉണ്ടായ കൃഷിനാശത്തിന്റെ പശ്ചാത്തലത്തിൽ ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ അതിരൂപതാ കേന്ദ്രത്തിൽ ക്രമീകരിക്കപ്പെട്ട കണ്ണീർദിനാചരണത്തിൽ പങ്കെടുത്തു.

18 രാവിലെ, തുരുത്തി മർത്ത് മറിയം ദൈവാലയത്തിൽ പരി. കുർബാന അർപ്പിച്ചു തുടർന്നു തുരുത്തി ഫൊറോനായിലെ ഇടവക വികാരിമാരെയും കൈക്കാരന്മാരെയും ഇടവകകളിൽ എത്തി സന്ദർശിച്ചു. വൈകുന്നേരം, ഓൺലൈനിൽ ക്രമീകരിക്കപ്പെട്ട സീറോ-മലബാർ സിനഡിൽ പങ്കെടുത്തു.

19 രാവിലെ, ക്ലൂണി സന്യാസസമൂഹാംഗമായ സി. ഫെലിസിയായുടെ മൃതസംസ്കാരശുശ്രൂഷയുടെ പ്രാരംഭകർമ്മങ്ങൾക്കു ചങ്ങനാശ്ശേരി ക്ലൂണി സ്കൂളിൽ കാർമ്മികത്വം വഹിച്ചു. ജലപ്രളയത്തെത്തുടർന്നു കുട്ടനാട്ടിലുണ്ടായ വ്യാപക കൃഷിനാശത്തിന്റെ പശ്ചാത്തലത്തിൽ ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ മങ്കൊമ്പ്-തെക്കേക്കര, ചമ്പക്കുളം, കൊണ്ടാക്കൽ, കുട്ടമംഗലം-അറുന്നൂറ്റിൻപാടം, പൊങ്ങ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു കർഷകരുമായി സംസാരിച്ചു. വൈകുന്നേരം, ഓൺലൈനിൽ ക്രമീകരിക്കപ്പെട്ട സീറോ-മലബാർ സിനഡിൽ പങ്കെടുത്തു.

20 അയർകുന്നം ദൈവാലയത്തിൽ വിവാഹവാഗ്ദാനകർമ്മം ആശീർവ്വദിച്ചു. വൈകുന്നേരം, ഓൺലൈനിൽ ക്രമീകരിക്കപ്പെട്ട സീറോ-മലബാർ സിനഡിൽ പങ്കെടുത്തു. ജയ്പൂർ മിഷനിൽ സേവനം ചെയ്യുന്ന വൈദികരുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

21 രാവിലെ, നിർമ്മാണം പൂർത്തിയാക്കിയ കോർപ്പറേറ്റ് ഓഫീസിന്റെ പുതിയ ക്യാബിൻ ആശീർവ്വദിച്ച് ഉദ്ഘാടനം ചെയ്തു. മീഡിയാ വില്ലേജിൽ ക്രമീകരിക്കപ്പെട്ട ഫൊറോനാ മീഡിയാ അപ്പോസ്തലേറ്റ് കോർഡിനേറ്റേഴ്സിന്റെ സമ്മേളനത്തിൽ പങ്കെടുത്ത് ഇന്റർനെറ്റ് മിഷന്റെ ഫൊറോനാ-ഇടവകതല പദ്ധതിയായ 'ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ ആൻഡ് മീഡിയാ മിനിസ്ട്രി' ഉദ്ഘാടനം ചെയ്തു. വൈകുന്നേരം, ഓൺലൈനിൽ ക്രമീകരിക്കപ്പെട്ട സീറോ-മലബാർ സിനഡിൽ പങ്കെടുത്തു.

22 രാവിലെ, ചങ്ങനാശ്ശേരി സി.എം.സി പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻസ് ഡേയോടനുബന്ധിച്ച് പരി. കുർബാന അർപ്പിച്ചു.

23 രാവിലെ, കുറുമ്പനാടം സെന്റ് ആന്റണീസ് ദൈവാലയത്തിൽ പരി. കുർബാന അർപ്പിച്ചതിനെത്തുടർന്നു കുറുമ്പനാടം ഫൊറോനായിലെ ഇടവക വികാരിമാരെയും കൈക്കാരന്മാരെയും ഇടവകകളിൽ എത്തി സന്ദർശിച്ചു. ഉച്ചകഴിഞ്ഞ്, ചങ്ങനാശ്ശേരി യുവദീപ്തി എസ്.എം.വൈ.എം. -ന്റെ ആഭിമുഖ്യത്തിൽ ഓൺലൈനിൽ ക്രമീകരിക്കപ്പെട്ട എക്യുമെനിക്കൽ സമ്മേളനത്തിൽ പങ്കെടുത്തു.

24. രാവിലെ, പനയമ്പാല L.W.S.H. സന്യസഭവനത്തിൽ പരി. കുർബാന അർപ്പിച്ചതിനെത്തുടർന്നു നെടുങ്കുന്നം ഫൊറോനായിലെ ഇടവകവികാരിമാരെയും കൈക്കാരന്മാരെയും ഇടവകകളിൽ എത്തി സന്ദർശിച്ചു.

## മാർ തോമസ് തറയിൽ

**ജൂലൈ 2020**

24 നല്ലതണ്ണിയിലെ മാർ തോമാശ്ലീഹാ നസ്രാണി ദയറ സന്ദർശിച്ചു.

25 തത്തംപള്ളി സെന്റ് മൈക്കിൾ ദൈവാലയത്തിൽ മേരിക്കുട്ടി മാത്യു കുറശ്ശേരിയുടെ ഓർമ്മക്കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. പിന്നീട് ഭജനമഠം നിവാസികളോടു സംവദിച്ചു.

26 കണ്ണാടി സെന്റ് ജോസഫ് ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ബഹു. പുതുവീട്ടിൽക്കളം ജോസഫച്ചന്റെ (സീനിയർ) യാത്രയയപ്പിനോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ പങ്കെടുത്തു. തുടർന്ന് അച്ചന്റെ ഭവനത്തിലെ കപ്പേള വെഞ്ചരിപ്പുകർമ്മം നടത്തി. പുളിങ്കുന്ന് സെന്റ് മേരീസ് ദൈവാലയം സന്ദർശിച്ചു.

27 പച്ച ലൂർദ്ദ്മാതാ ദൈവാലയത്തിൽ സിസ്റ്റർ ജ്യോതിസ് വട്ടചിറയിൽ SABSന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. പുന്നപ്ര ദനഹാലയായിൽ ക്ലാസെടുത്തു.

28 ആര്യാട് സി.എസ്.എൻ മഠം ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു. പുന്നപ്ര ദനഹാലയായിൽ ക്ലാസെടുത്തു.

29 അതിരൂപതാകേന്ദ്രത്തിൽ CARPന്റെ മീറ്റിംഗിൽ പങ്കെടുത്തു.

30 പുന്നപ്ര ദനഹാലയായിൽ ക്ലാസെടുത്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ ഇന്റർ ഡിപ്പാർട്ടുമെന്റ് മീറ്റിംഗിൽ പങ്കെടുത്തു.

31 പത്തനംതിട്ട ജില്ലയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരുമായി അതിരൂപതാകേന്ദ്രത്തിൽ സംവദിച്ചു. ഉച്ചകഴിഞ്ഞ് നെടുംകുന്നം ഫൊറോനയിലെ വൈദികരെ സന്ദർശിച്ചു.

**ഓഗസ്റ്റ് 2020**

01 ബഹു. ആന്റണി കിഴക്കേവീട്ടിലച്ചന്റെ സഹോദരി ആരംപുളിക്കൽ സുജ സെബാസ്റ്റ്യന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വി. അൽഫോൻസാമ്മയുടെ ജന്മഗൃഹമായ കുടമാളൂർ സെന്റ് അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

02 ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. എസ്.എം.വൈ.എം. പേരൂർക്കട സംഘടിപ്പിച്ച ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു. സിംഗപ്പൂർ സീറോ മലബാർ സമൂഹം ഒരുക്കിയ വെബ്ബിനാറിൽ ക്ലാസെടുത്തു. അതിരൂപതാകേന്ദ്രത്തിൽ ഭജനമഠം നിവാസികളുടെ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം പാസ്റ്ററൽ കൗൺസിൽ 'പുതിയ വിദ്യാഭ്യാസ നയ'ത്തെ സംബന്ധിച്ച് ഒരുക്കിയ സൂം കോൺഫറൻസിൽ പങ്കെടുത്തു.

04-07 കുറുമ്പനാടം ബേസ്തോമാ ദയറായിൽ താമസിച്ച് കെസിബിസി സംഘടിപ്പിച്ച ഓൺലൈൻ ധ്യാനത്തിൽ പങ്കെടുത്തു.

07 സംവരണേതര വിഭാഗങ്ങൾക്കുള്ള സാമ്പത്തിക സംവരണം അട്ടിമറിക്കരുത് എന്നാവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഹ്വാനപ്രകാരം കേരളത്തിലെ സീറോമലബാർ രൂപതകളിൽ നടന്ന ഏകദിന ഉപവാസത്തിന്റെ സമാപന സമ്മേളനം ചങ്ങനാശ്ശേരിയിൽ ഉദ്ഘാടനം ചെയ്തു.

08 കെസിബിസിയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെ സൂം കോൺഫറൻസിൽ പങ്കെടുത്തു.

09 ഇത്തിത്താനം സെന്റ് മേരീസ് ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് അൾത്താരയുടെ ഇരുവശങ്ങളിലുള്ള ഐക്കണുകൾ വെഞ്ചരിച്ച് ജൂബിലി ആഘോഷത്തിന്റെ ലോഗോ പ്രകാശനം ചെയ്തു. കുട്ടനാട്ടിൽ നിന്ന് എത്തിയ വെള്ളപ്പൊക്കബാധിതർക്കായി ചങ്ങനാശ്ശേരി ബോട്ട് ജെട്ടിയിൽ ഒരുക്കിയ ഹെൽപ്പ് ഡെസ്കിന്റെ ഏകോപനത്തിൽ പങ്കെടുത്തു.

11 കുറിച്ചി സെന്റ് ജോസഫ് ശാന്തിഗിരി ഇടവകാംഗമായ അന്നമ്മ ആലഞ്ചേരിയുടെ മൃതസംസ്കാരത്തിൽ ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. കുറുമ്പനാടം ഫൊറോനയിലെ വൈദികരെ സന്ദർശിച്ചു.

12 ചെത്തിപ്പുഴ പ്ലാസിഡ് വിദ്യാവിഹാർ സ്കൂളിന്റെ മെറിറ്റ് ഡേ ആഘോഷത്തിൽ പങ്കെടുത്ത് സമ്മാനം വിതരണം ചെയ്തു. സന്ദേശനിലയത്തിൽ നടത്തപ്പെട്ട സമരിറ്റൻസ് മീറ്റിംഗിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി അതിരൂപതയിലെ വൈദികരുടെ തുടർപരിശീലനപരിപാടിയിൽ പങ്കെടുത്തു. മാനന്തവാടി

രൂപതയിലെ വൈദികർക്ക് ഓൺലൈനായി നടത്തപ്പെട്ട തുടർപരിശീലനപരിപാടിയിൽ ക്ലാസ്സെടുത്തു.

13 പുന്നപ്ര ദനഹാലയായിൽ ക്ലാസെടുത്തു. വൈകുന്നേരം പബ്ലിക് അഫയേഴ്സ് കമ്മിറ്റിയുടെ വെബ്ബിനാറിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി അതിരൂപതയിലെ വൈദികരുടെ തുടർപരിശീലനപരിപാടിയിൽ പങ്കെടുത്തു

14 അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ 91-ാം ജന്മദിനത്തിൽ പിതാവിനൊപ്പം അതിരൂപതാകേന്ദ്രത്തിലെ ചാപ്പലിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. യു.എ.ഇയിലെ സീറോമലബാർ വിശ്വാസികളുടെ സൂം കോൺഫറൻസിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ ജന്മദിനാഘോഷത്തിൽ പങ്കെടുത്തു. ചെത്തിപ്പുഴ സെന്റ് തോമസ് കോളേജ് ഓഫ് നഴ്സിംഗ് 'Global Nursing Challenges: Evolving through the pandemic' എന്ന വിഷയത്തെ ആസ്പദമാക്കി ഒരുക്കിയ വെബ്ബിനാറിൽ ഉദ്ഘാടന സന്ദേശം നൽകി. സൗദിയിലെ സീറോമലബാർ വിശ്വാസികളുടെ സൂം കോൺഫറൻസിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനോടനുബന്ധിച്ചുള്ള റംശാ പ്രാർത്ഥനയിൽ കാർമ്മികത്വം വഹിച്ചു.

15 തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. വിഴിഞ്ഞം സെന്റ് പീറ്റേഴ്സ് ദൈവാലയം കൂദാശ ചെയ്തു. വെഞ്ഞാറമ്മൂട് അമല പാസ്റ്ററൽ സെന്ററിൽ പതിമൂന്നുമണി ആരാധനയുടെ സമാപന സന്ദേശവും ആശീർവാദവും നൽകി.

16 ആയൂർ ക്രിസ്തുരാജാ ഫൊറോന ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് ഇടവകയിലെ യുവജനങ്ങളുമായി സംവദിച്ചു.

18 വൈകുന്നേരം സീറോമലബാർ സഭയുടെ ഓൺലൈൻ സിനഡിൽ പങ്കെടുത്തു.

19 പൊങ്ങുമ്മൂട് സെന്റ് അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. അമ്പൂരി ഫൊറോനയിലെ വൈദികരുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു. വൈകുന്നേരം സീറോമലബാർ സഭയുടെ ഓൺലൈൻ സിനഡിൽ പങ്കെടുത്തു.

20 കവടിയാർ ഡി.എസ്.എഫ്.എസ് മഠം ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഗോകുൽ മിഷനെക്കുറിച്ച് ചർച്ച ചെയ്യുവാൻ അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം സീറോമലബാർ സഭയുടെ ഓൺലൈൻ സിനഡിൽ പങ്കെടുത്തു.

21 ചങ്ങനാശ്ശേരി എസ്.ബി കോളേജ് ചാപ്പലിൽ മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും തുടർന്ന് അവരോടു സംവദിക്കുകയും ചെയ്തു. കുരിശുംമൂട് സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷനിൽ ഫൊറോനാതല മീഡിയ

കോർഡിനേറ്റർമാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട സാമൂഹിക സേവനവകുപ്പ് ഡയറക്ടർമാരുടെ സംയുക്തയോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം സീറോമലബാർ സഭയുടെ ഓൺലൈൻ സിനഡിൽ പങ്കെടുത്തു. ആലപ്പുഴ ഫൊറോനയിലെ യുവജനങ്ങളുമായി സൂം കോൺഫറൻസിൽ സംവദിച്ചു.

22 കോതമംഗലം സെന്റ് ജോർജ്ജ് കത്തീഡ്രൽ ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. ഫാത്തിമാപുരം സേക്രഡ്ഹാർട്ട് പബ്ലിക് സ്കൂൾ സംഘടിപ്പിച്ച ഓൺലൈൻ പി.ടി.എ മീറ്റിംഗിൽ പങ്കെടുത്തു. ഖത്തറിലെ സീറോമലബാർ സമൂഹം കുട്ടികളുടെ വിശ്വാസപരിശീലനത്തിനായി ഒരുക്കിയ സൂം കോൺഫറൻസിൽ ക്ലാസെടുത്തു.

23 പുന്നപ്ര മാർ ഗ്രിഗോറിയോസ് ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും നവീകരിച്ച പള്ളിമേട സന്ദർശിക്കുകയും ചെയ്തു. ആലപ്പുഴ, പുളിങ്കുന്ന് ഫൊറോനകളിലെ വൈദികരെ സന്ദർശിച്ചു. കായൽപ്പുറം ഇടവകയ്ക്ക് സമീപം മടവീഴ്ചയുണ്ടായ കരിയിൽ പാടം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. അമ്പൂരി ഫൊറോനയിലെ യുവജനങ്ങളോടു സൂം കോൺഫറൻസിലൂടെ സംവദിച്ചു.